ഒക്ടോബർ 2017

Price ₹ 25

ജീവനും വെളിച്ചവും

MISSION CONGRESS & BCC CONVENTION-2017

KRLCC

പങ്കാളിത്തസഭ

സുവിശേഷ പ്രഘോഷണത്തിനും
സാക്ഷ്യത്തിനും

ലഹരി ആസക്തിയിൽ നിന്ന് വിടുതലും വിമോചനവും നേടി സൗഖ്യവും രക്ഷയും പ്രാപിക്കുവാൻ മുക്തി ധ്യാനത്തിൽ പങ്കെടുക്കുക.
പ്രാർത്ഥനയ്ക്കും, രജിസ്ട്രേഷനും, മറ്റു വിവരങ്ങൾക്കും വിളിക്കുക.

9400820818 **9495591783** **9446945333**

ഫാ. ലെനിൻ രാജ്, സെക്രട്ടറി T.S.S.S., Ph: 9495627990

ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 ഒക്ടോബർ
പുസ്തകം - 41 ലക്കം - 10
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 033.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. സൂസപാക്യം
സഹ രക്ഷാധികാരി
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
ഉപദേശക സമിതി
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
പത്രാധിപർ
ഫാ. തോമസ് ജെ. നെറ്റോ
സഹ പത്രാധിപർ
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
പത്രാധിപ സമിതി
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
ഓഫീസ് നിർവ്വഹണം
സി. ലീല മൂഴയിൽ ഡി.എസ്.പി
രൂപകല്പന
സുനിൽകുമാർ

മുഖവിചാരം

ഒക്ടോബർ പുണ്യങ്ങളുടെ പൂക്കാലം

ഒക്ടോബർ തിരുവനന്തപുരം അതിരൂപതയ്ക്ക് അനുഗ്രഹങ്ങളുടെ മാസം. 'സ്വർഗ'ത്തിൽ നിന്നു ഞാൻ റോസാപുഷ്പങ്ങൾ വർഷിക്കും എന്ന് വാഗ്ദാനം ചെയ്ത് വളരെ ചെറുപ്പത്തിൽ തന്നെ ഈ ലോകത്തു നിന്ന് വിടപറഞ്ഞുപോയ ചെറുപുഷ്പത്തിന്റെ തിരുനാളോടുകൂടിയാണ് മാസം ആരംഭിക്കുന്നത്. പുണ്യശ്ലോകരായ ലൂയി മാർട്ടിൻ, സെലിഗ്വെർ എന്നിവരുടെ 10-ാമത്തെ മകളായി ജനിച്ചു കൊച്ചുത്രേസ്യ. ഈ സുന്ദര പുഷ്പത്തോടൊപ്പം ലൂയി മാർട്ടിനും, സെലിഗ്വെറിനും 2015 ഒക്ടോബർ 18 ന് വിശുദ്ധരായി ഉയർത്തപ്പെട്ടു. വിശുദ്ധിയുടെ പരിമളം പരത്തുന്ന ഈ കുടുംബത്തിൽ നിന്നും വിശുദ്ധ കൊച്ചുത്രേസ്യായെ മദ്ധ്യസ്ഥയായി സ്വീകരിച്ച തിരുവനന്തപുരം അതിരൂപത കുടുംബത്തിനുമേൽ സുകൃതങ്ങൾ പൊഴിക്കപ്പെടട്ടെ.

2017 ഒക്ടോബർ കേരളത്തിലെ ലത്തീൻ സഭയെ സംബന്ധിച്ചിടത്തോളം ചരിത്രത്തിലെ അസുലഭ കൂട്ടുചേരലിന്റെയും, പങ്കുവയ്ക്കലിന്റെയും പുനഃപ്രതിഷ്ഠയുടെയും അവസരമാണ്. പരിശുദ്ധ കന്യകാംബികയുടെ ഫാത്തിമ ദർശനത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ പുരോഗമിച്ചുവരെവെ ലത്തീൻ സഭാമക്കൾ വല്ലാർപാടം മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ ഒരുമിച്ചുകൂടുന്നത് എന്തുകൊണ്ടും അനുഗ്രഹപ്രദമാണ്. ഈ സന്ദർഭത്തിൽ കേരള സഭയെ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചുകൊണ്ട് പുത്തൻ പ്രതീക്ഷകളും, സ്വപ്നങ്ങളും സ്വരുക്കൂട്ടുന്ന അവസരം. ഒക്ടോബർ 6, 7, 8 തീയതികളിൽ നടക്കുന്ന 'മിഷൻ കോൺഗ്രസ് ബിസിസി കൺവെൻഷൻ' സഭയിൽ അരൂപിയുടെ പുത്തൻ ചാലുകൾ തീർക്കുന്ന അവസരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ പുത്തൻ പ്രേഷിത മുഖമന്വേഷിക്കുന്ന ഈ സന്ദർഭം പാർശ്വവൽക്കരിക്കപ്പെട്ട ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് ക്രിസ്തുസ്നേഹത്തിന്റെ അരൂപിയോടെ ഇറങ്ങിച്ചെല്ലാനുള്ള വിളികൂടിയാണ്. നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, ആത്മീയ, രാഷ്ട്രീയ രംഗങ്ങളിൽ ഉയർന്നുവരുന്ന പ്രവണതകളെ അവധാനതയോടെ അപഗ്രഥിക്കാനും, ജനാധിപത്യത്തിന്റെയും, മതേതരത്തത്തിന്റെയും, വൈവിധ്യത്തിന്റെയും സമസ്യകളെ ഉയർത്തിപ്പിടിച്ചുകൊണ്ട് പുത്തൻ വികസന പരിപ്രേക്ഷ്യത്തിന് ശീലുയർത്താനുള്ള അവസരമാകട്ടെ മിഷൻ കോൺഗ്രസ്. ഒക്ടോബർ പുണ്യങ്ങളുടെ പൂക്കാലമാകട്ടെ !

- പത്രാധിപർ

പ്രതികരണങ്ങൾ

എന്റെ കർത്താവേ ഇതുവരെ ചെയ്തതെല്ലാം...

'ദിവ്യബലി ആഘോഷത്തിലെ വ്യതിചലനങ്ങൾ' എന്ന ലേഖനം വായിച്ച് ശരിക്കും ഞെട്ടിപ്പോയി. അജപാലന ശുശ്രൂഷാ ഡയറക്ടറായ റവ. ഫാ. ലോറൻസ് കുലാസ് കാര്യമില്ലാതെ ഒരു കാര്യവും എഴുതാറില്ലയെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നത്. പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ നേർ വിപരീതമാണ് ഇതുവരെ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ. ദിവ്യബലി ആരംഭിക്കുന്നതിന്റെ മുന്നോടിയായി പ്രവേശക ഗാനം മുതൽ കാര്യങ്ങൾ ശരിയല്ലെന്നുവരുന്നു. അൾത്താരയിൽ നിന്നുകൊണ്ടുള്ള വചന പ്രഘോഷണവും പ്രസംഗവും ആരാധനക്രമം അനുവദിക്കുന്നില്ലെന്ന് അടിവരയിട്ടു പറയുമ്പോൾ ഇതൊക്കെ ഇങ്ങനെയാണെന്ന് ധാരണയില്ലാത്ത വൈദികവൃന്ദമാണോ നമുക്കുള്ളതെന്ന സംശയവും ബാക്കിയാകുന്നു. ദിവ്യബലി അർപ്പണത്തിലെ വ്യതിചലനങ്ങൾ അക്കമിട്ടുനിരത്തി പറഞ്ഞതന്നതിനെ അനുമോദിക്കുന്നതോടൊപ്പം പുതിയ അറിവിന്റെ വെളിച്ചത്തിൽ ഇനിയെങ്കിലും അനുയോജ്യമായ ക്രമീകരണങ്ങൾ നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ബാബു ജോളിലാന്റ്
പുതുക്കുറിച്ചി

ദിവ്യബലി ആഘോഷത്തിലെ വ്യതിചലനങ്ങൾ

ദിവ്യബലി ആഘോഷത്തിൽ അൽമായർ ഉൾപ്പെടുന്ന ഒന്നുരണ്ടു കാര്യങ്ങളെ മാത്രം വ്യതിചലനങ്ങളായി എടുത്തുപറഞ്ഞുള്ള അജപാലന ഡയറക്ടറുടെ ലേഖനം കണ്ടു. ദിവ്യബലിയിൽ മൊത്തത്തിൽ എന്തെല്ലാം വ്യതിചലനങ്ങൾ കാണാം എന്ന് വിശദീകരിച്ചെങ്കിൽ നന്നായിരുന്നു. തീർത്തും ഹൈന്ദവ ആചാരമായ നിലവിളക്ക് കത്തിക്കൽ എങ്ങനെ റോമൻ മിസ്സാളിന്റെ ഭാഗമായി? അതും നിർത്തലാക്കേണ്ട വ്യതിചലനമല്ലേ? ദിവ്യബലി മദ്ധ്യേ കർത്താവ് പഠിപ്പിച്ച പ്രാർത്ഥന ചൊല്ലുമ്പോൾ ജനങ്ങൾ കൈകൾ വിരിക്കുന്നത് റോമൻ മിസ്സാൾ അനുസരിച്ചാണോ? വൈദീകൻ ദിവ്യബലിക്ക് നിഷ്കർഷിച്ചിട്ടുള്ള എല്ലാ തിരുവസ്ത്രങ്ങളും ആൽബും ചരടും സ്റ്റോളും ഉൾപ്പെടെ ധരിക്കാത്തതും, ദിവ്യബലിക്കുള്ള തിരുവസ്ത്രങ്ങൾ അണിഞ്ഞ് വൈദീകർ അൾത്താരയ്ക്ക് വെളിയിൽ വിശ്വാസികളോടൊപ്പം ഒത്ത് ദിവ്യബലിയിൽ പങ്കെടുക്കുന്നതും, കർത്താവിന്റെ ദിനമായ ഞായറാഴ്ചത്തെ ദിവ്യബലിയിൽ മദ്യവിരുദ്ധ സമരത്തിന്റേതുപോലുള്ള ഇടയലേഖനം വായിക്കുക; ഒരു ദിവ്യബലിയിൽ ഒരു ഡസൺ നിയോഗങ്ങൾ - ജന്മദിനാശംസകളിൽ തുടങ്ങി സ്മരണയിലൂടെ തടസങ്ങൾ നീങ്ങിക്കിട്ടാനുമായി ഒരു നീണ്ട ലിസ്റ്റ് - ഇതെല്ലാം മേൽപ്പറഞ്ഞ ആരാധനാക്രമം അനുശാസിക്കുന്നതാണോ?

വിശ്വാസികളെ ദിവ്യബലിയുടെ അപ്രധാന ഭാഗങ്ങളായ - വൈദീകനോടൊപ്പം അൾത്താരയെ സമീപിക്കുക; പ്രഘോഷിക്കേണ്ട "നല്ല വാർത്ത" ആഘോഷവും ഭക്തിനിർഭരവുമായി പീഠത്തിലേക്ക് കൊണ്ടുവരിക എന്നിവയിൽ നിന്നുപോലും മാറ്റിനിർത്തി, സ്തോത്രക്കാഴ്ചയിൽ മാത്രം ഒതുക്കിനിർത്തുന്നത് രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽനിന്നും പിന്നോട്ട് പോകലായി മാത്രമേ വിശ്വാസികൾക്ക് തോന്നുകയുള്ളൂ.

നോയൽ പാട്രിക്, ശ്രീകാര്യം

ഉത്ഥിതരൂപം

'ജീവനും വെളിച്ചവും' സെപ്റ്റംബർ ലക്കം ഒരു ഓണപതിപ്പ് ആയി അനുഭവപ്പെട്ടു. അങ്ങനെ തോന്നാൻ കാരണം ഡോ. ജോഷി മയ്യാറ്റിലിന്റെ ഈടുറ്റ ലേഖനം തന്നെയാണ്. ഒരു സാധാരണ അല്മായനായ എനിക്ക് പോലും അമ്പരപ്പ് തോന്നുന്നതാണ് നമ്മുടെ പള്ളികളിൽ ഒരു മിന്നായം പോലെ മറയുന്ന ഉയിർപ്പ് രൂപം. സീറോ മലബാർ പള്ളികളിൽ ഉത്ഥിത രൂപത്തിന്റെ പെയിന്റിംഗ് സ്ഥിരം ഉണ്ടുതാനും. എന്റെ കുഞ്ഞുനാളിൽ അമ്മയോടൊപ്പം ഉയിർപ്പ് രൂപം തൊഴാൻ പോകുമ്പോൾ അമ്മ കാണാതെ യേശുവിന്റെ കൈയ്യിലെ കൊടി നോക്കി സല്യൂട്ട് അടിക്കുമായിരുന്നു. കണ്ട് കൊതി തീരുംമുമ്പേ അപ്രത്യക്ഷമാകുന്ന ഉത്ഥിതനെ ഓർത്ത് വല്ലാണ്ട് സങ്കടപ്പെടുമായിരുന്നു. 'കുരിശിന്റെ വഴി' പോലെ 'ഉത്ഥിതന്റെ വഴി' ഉണ്ടെന്നുള്ളത് ഒരു പുതിയ അറിവ് ആയിരുന്നു. ഈ ലേഖനം മൂന്നാവർത്തി വായിച്ചു. അദ്ദേഹത്തെ കൊണ്ട് എല്ലാ ലക്കങ്ങളിലും എഴുതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

'അല്മായ വേദി' എന്ന പുതിയ പംക്തി തുടങ്ങിയത് ശ്ളാഘനീയം തന്നെ. പ്രസ്തുത പംക്തിയിലെ' ആരാണീ അല്മായർ' എന്ന ലേഖനം വായിച്ച് തീർത്തപ്പോൾ ഞങ്ങൾ വെറും കുഞ്ഞാടുകൾ മാത്രമല്ല എന്തൊക്കൊയൊ കൂടി ആണെന്ന ഒരു സ്വകാര്യ അഹങ്കാരം കടന്നു കൂടിയപോലെ.

മറ്റ് റീത്തുകളിലെ പ്രസിദ്ധീകരണങ്ങളിൽ ഉള്ളതുപോലെ ലേഖന കർത്താക്കളുടെ ഫോട്ടോകൂടി ലേഖനത്തോടൊപ്പം ചേർത്തിരുന്നെങ്കിൽ നന്നായേനെ.

ജറാഡ് വലിയതെക്കേൽ, പാളയം

താളുകളിൽ

ലേഖനം

6 കേരള ലത്തീൻ സഭയുടെ പ്രേഷിതമുഖം
ഫാ. ജെയിംസ് കുലാസ്
10 ഹിന്ദുരാഷ്ട്രത്തിന്റെ മുന്നാസ്വാദനങ്ങൾ
ഫാ. വിൻസന്റ് കുഞ്ഞുകുളം
13 വി. കൊച്ചുത്രേസ്യ പ്രേഷിതരുടെ മധ്യസ്ഥയും മാതൃകയും
ഫാ. തോമസ് ജെ. നെറ്റോ
14 മുത്തകളിൽ കോർത്ത ജീവിതരഹസ്യങ്ങൾ
ഫാ. ഇമ്മാനുവേൽ
16 അല്മായ പ്രേഷിതത്വം വിളിയും പങ്കാളിത്തവും
ഫ്രാൻസിഡ് ഗ്രിഗറി
18 അപ്പസ്തോലൻ ഉത്ഥിതസാക്ഷി
ഡോ. ജോഷി മയ്യാറ്റിൽ

സ്ഥിരം പംക്തികൾ

20 കാനോൻ നിയമത്തിൽ
21 ഫാമിലി കോർണർ
22 വർത്തമാനം
24 വാർത്തകൾ
30 അല്മായ വേദി
31 അടിസ്ഥാന ക്രൈസ്തവ സമൂഹം
32 നീർച്ചാലുകൾ
37 അജപാലനം
38 വചനജ്വാല
40 ഇളംതൂവൽ
42 നേർക്കാഴ്ച
ജെ.സി.

കേരള ലത്തീൻ സഭയുടെ പ്രേഷിതമുഖം

ഫാ. ജെയിംസ് കുലാസ്

കേരളത്തിലെ ലത്തീൻ കത്തോലിക്ക ചരിത്രത്തിലെ ഒരു നിർണ്ണായക ചരിത്രമുഹൂർത്തമാണ് 2017 ഒക്ടോബർ മാസം 6 മുതൽ 8 വരെ നടക്കുന്ന ബിസിസി കൺവെൻഷനും മിഷൻ കോൺഗ്രസും. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെ ആർജവമുള്ളതാക്കി, ആദിമസഭയുടെ ചൈതന്യം വീണ്ടെടുക്കുവാനുള്ള മൂന്നുവർഷം നീണ്ട ഒരു പ്രക്രിയയുടെ ഭാഗമാണ് ഈ കൺവെൻഷൻ. സഭ ദൈവജനമാണെന്ന തിരിച്ചറിവോടുകൂടി ആല്മായ പങ്കാളിത്തം സഭയിൽ സജീവമാക്കി സഭയിൽ ഒരു പങ്കാളിത്ത പ്രക്രിയയും സംവിധാനവും ഉറപ്പാക്കുകയും വിവിധ ശുശ്രൂഷകളിലൂടെ ജനങ്ങളുടെ വിവിധ ആവശ്യങ്ങളോടുള്ള വിശ്വാസപരമായ പ്രതികരണം ഉറപ്പാക്കുകയും ഓരോ അല്മായനും തനിക്ക് ലഭിച്ചിരിക്കുന്ന വരദാനങ്ങൾ തിരിച്ചറിഞ്ഞ് വിവിധ ശുശ്രൂഷകളിലൂടെ തങ്ങളുടെ ജീവിതദൗത്യം മനസ്സിലാക്കി ജീവിക്കാനും ഈ മഹാസംഗമം നിമിത്തമാവുകയാണ്.

കേരളത്തിലെ ലത്തീൻസഭ ഏറ്റെടുക്കുന്ന വലിയൊരു പദ്ധതിയുടെ തുടക്കമാണ് വല്ലാർപാടം കൺവെൻഷനിൽ നടക്കുന്ന മിഷൻ ലിങ്ക് പ്രോജക്ട്. പ്രതീകാത്മകമായ തുടക്കമാണെങ്കിലും, കേരള ലത്തീൻ സഭയ്ക്ക് ഈ രാജ്യത്തോടും ഭാരതസഭയോടുമുള്ള വലിയൊരു ഉത്തരവാദിത്വം ഇതിലൂടെ നാം ഏറ്റെടുക്കുകയാണ്.

കേരള ലത്തീൻ സഭയുടെ പ്രേഷിതമുഖം എന്ന വിഷയമായിരുന്നു കേരള റീജൻ ലാറ്റിൻ കാത്തിലിക്ക് കൗൺസിലിന്റെ കഴിഞ്ഞ സമ്മേളനത്തിന്റെ ചർച്ചാ വിഷയം. അവിടെ ഉരുത്തിരിഞ്ഞ ഒരു പ്രധാന ചിന്ത കേരള ലത്തീൻ സഭയുടെ പ്രേഷിതരംഗം കേരളത്തിൽ മാത്രം ഒതുങ്ങേണ്ടതല്ലെന്നും ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിലേക്ക് പ്രത്യേകിച്ച് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് വ്യാപിക്കണമെന്നതായിരുന്നു; സഭയുടെ ഏകദൗത്യം സുവിശേഷവൽക്കരണമാണ് എന്ന തിരിച്ചറിവോടുകൂടി യേശുവിഭാവന ചെയ്ത ദൈവരാജ്യ രൂപീകരണമാണ് സഭയുടെ പ്രേഷിതത്വത്തിന്റെ മുഖമായി നാം കാണേണ്ടത്. ഇത് ഒരു മതപരിവർത്തന പ്രക്രിയയല്ല. മനപരിവർത്തനമാണ്. ക്രൈസ്തവമൂല്യങ്ങളിൽ അഥവാ മാനുഷികമൂല്യങ്ങളായ നീതി, സമാധാനം, സാഹോദര്യം മുതലായവയിൽ അധിഷ്ഠിതമായ ഒരു സമൂഹനിർമ്മിതിയാണ്. പ്രേഷിത പ്രവർത്തനം ഒരു മതപരമായ പ്രക്രിയയല്ല എന്നാൽ ഒരു ആത്മീയ പ്രക്രിയയാണ്. മൂല്യാധിഷ്ഠിത സമൂഹനിർമ്മിതിയാണ്. ഭാരതത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക ധാരകളെ സുവിശേഷവൽക്കരിക്കാനുള്ള പരിശ്രമം കൂടിയാണിത്.

മിഷണറി പാരമ്പര്യം

ഭാരതത്തിന്റെ പ്രേഷിത പ്രവർത്തന ചരിത്രം വിദേശമിഷണറിമാരിലൂടെയാണ് ആരംഭിക്കുന്നത്. വ്യത്യസ്ത സന്യാസസമൂഹങ്ങളാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. കേരളത്തിൽ പ്രധാനമായും കർമ്മലിത്താ മിഷനറിമാരായിരുന്നു.

ഭാരത ലത്തീൻ സഭയിൽ തദ്ദേശീയ വൈദികരുടെ മിഷൻ പ്രവർത്തനത്തെപ്പറ്റി ചിന്തിക്കുമ്പോൾ മാംഗ്ലൂർ, ഗോവ, മുംബൈ പോലുള്ള പ്രദേശങ്ങളിലെ വൈദികരാണ് ഈ രംഗത്ത് അധികമായി കടന്നുവന്നിട്ടുള്ളത്. തമിഴ്നാട്ടിലെ കോട്ടാർ രൂപതയും ഭാരതത്തിലെ വിവിധ രൂപതകളിലേക്ക് തങ്ങളുടെ വൈദികരുടെ സേവനം നൽകാൻ നിയോഗിച്ചതും, രൂപതയിൽ ഇതിനായി ഒരു മിഷൻ ഹോം പതിറ്റാണ്ടുകൾക്ക് മുൻപ് ആരംഭിച്ചതും ശ്രദ്ധേയമാണ്. എന്നാൽ കേരളത്തിലെ വിവിധ ലത്തീൻ രൂപതകളിൽ നിന്നും അധികം വൈദികർ ഭാരതത്തിലെ ഇതരസംസ്ഥാനങ്ങളിലേക്ക് മിഷൻ പ്രവർത്തനങ്ങൾക്കായി മുന്നോട്ടു വന്നിട്ടില്ലെങ്കിലും വരാപ്പുഴ രൂപത ഇക്കാര്യത്തിൽ ഇതര രൂപതകളിലേക്കാൾ മുൻപിലാണ്. ജാൻസി രൂപതയിലേക്ക് കൂറെ വൈദികരെ നൽകുക മാത്രമല്ല, രൂപതാമെത്രാനും വരാപ്പുഴ സ്വദേശിയാണെന്ന കാര്യം ഈ രംഗത്ത് ഇനിയും ഏറെ ദൂരം മുന്നോ

ട്ടുപോകുവാനുണ്ട് എന്ന സന്ദേശമാണ് നൽകുന്നത്. എന്നാൽ കേരളത്തിൻ കത്തോലിക്ക വിഭാഗത്തിൽപ്പെടുന്ന സന്യസ്തസഭകളിലൂടെ അനേകം വൈദികർ ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കർമ്മലീത്ത വൈദികർ ഒറിസ്സ, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിലും കപ്പൂച്ചിൻ സഭാംഗങ്ങൾ വടക്കുകിഴക്കൻ സംസ്ഥാനമായ അരുണാചൽ പ്രദേശിലും പ്രവർത്തിക്കുന്നു. സന്യാസിനി സമൂഹങ്ങളിൽ നിന്നും ഒത്തിരിയേറെപ്പേർ മിഷൻ പ്രദേശങ്ങളിൽ പ്രവർത്തിക്കുക മാത്രമല്ല, അവിടെ നിന്ന് ഒത്തിരിയേറെ പേർ പ്രസ്തുത സന്യാസ സഭകളിൽ ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ വേണം കേരളത്തിലെ ലത്തീൻസഭയ്ക്ക് ഭാരത സഭയോടുള്ള പ്രേഷിത ആഭിമുഖ്യത്തെപ്പറ്റി ചിന്തിക്കാനും ഒരു ദിശാബോധം വളർത്തിയെടുക്കാനും ശ്രദ്ധിക്കേണ്ടത്.

സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനം

സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തനം ആഗോളസഭയിൽ തന്നെ ഒരത്ഭുത പ്രതിഭാസമാണ്. ഒത്തിരിയേറെ വൈദികരെയും സിസ്റ്റേഴ്സിനേയും ഭാരതസഭയ്ക്ക് മാത്രമല്ല, ആഗോളസഭയ്ക്ക് സമ്മാനിക്കാൻ ഈ പ്രാദേശിക സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്രയേറെ ദൈവവിളിയുള്ള മറ്റൊരു പ്രദേശം ലോകത്തിലൊരിടത്തും ഉണ്ടാകില്ലെന്ന് തോന്നുന്നു. സീറോ മലബാർ സഭയുടെ പ്രേഷിതചരിത്രം പരിശോധിക്കുകയാണെങ്കിൽ വിവിധഘട്ടങ്ങൾ നമുക്ക് കാണാനാവും. ആദ്യ കാലഘട്ടങ്ങളിൽ ഭാരതത്തിലെ വിവിധ ലത്തീൻ രൂപതകളിൽ പ്രത്യേകിച്ച് ഉത്തരേന്ത്യൻ രൂപതകളിൽ രൂപതാ വൈദികരായി സീറോ മലബാർസഭയിലെ വൈദികർ പ്രവർത്തിച്ചുവെന്നുമാത്രമല്ല, ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഭാരതത്തിലെ ലത്തീൻസഭയുടെ വലിയൊരു വളർച്ചയ്ക്ക് ഇത് കാരണമാവുകയും ചെയ്തു. കൂടാതെ ലത്തീൻ റീത്തിൽപ്പെട്ട സന്യസ്തസഭകളിലൂടെ നല്ലൊരുവിഭാഗം വൈദികരും സന്യസ്ഥരും പ്രേഷിതരംഗത്ത് സജീവമാവുകയും ചെയ്തു.

കാലക്രമേണ സീറോ മലബാർ സഭയുടെ കീഴിൽ വിവിധ രൂപതകൾ ഇതരസംസ്ഥാനങ്ങളിൽ രൂപംകൊണ്ടു. ഇവിടെ സീറോമലബാർ വിഭാഗത്തിൽപ്പെട്ട വൈദികരും സിസ്റ്റേഴ്സും പ്രവർത്തനരംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചു. കൂടാതെ ഇവിടങ്ങളിൽ മാത്രമല്ല, പല ലത്തീൻ രൂപതകളുടെയും മെത്രാൻ പദവി ഈ സഭാ വിഭാഗത്തിൽപ്പെട്ടവർ ഏറ്റെടുക്കുകയും ചെയ്തു. (കേരളത്തിലെ സീറോ മലങ്കരസഭയും ഇപ്പോൾ ഇതരസംസ്ഥാനങ്ങളിൽ വികാസം പ്രാപിച്ചുവരികയാണ്.) ഈ പശ്ചാത്തലത്തിൽ വേണം കേരള ലത്തീൻ കത്തോലിക്കാ സഭയുടെ കാലികമായ ദൗത്യം തിരിച്ചറിഞ്ഞ് മിഷൻ പ്രവർത്തനം ഇതരസംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനെപ്പറ്റി ചിന്തിക്കേണ്ടത്.

മിഷൻ ലിങ്കേജ് പ്രോജക്ട്

വല്ലാർപാടം സമ്മേളനത്തിലെ ഒരു പ്രധാന പരിപാടിയാണ് മിഷൻ ലിങ്കേജ് പ്രോജക്ട്. ഉത്തരേന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ട് രൂപതകളുമായി കേരളത്തിലെ പന്ത്രണ്ട് ലത്തീൻ രൂപതകൾ ആരംഭിക്കുന്ന സംരംഭമാണ് മിഷൻ ലിങ്കേജ് പ്രോജ

യേശുവിനെ ഇനിയും അറിഞ്ഞിട്ടില്ലാത്ത പ്രദേശങ്ങളിൽ സുവിശേഷം എത്തിക്കാനുള്ള സഭയുടെ ഏറ്റവും പ്രധാനമായ ദൗത്യത്തിലേക്ക് ശ്രദ്ധയൂന്നുവാനാണ് കേരള ലത്തീൻസഭ പ്രേഷിത മുഖം വീണ്ടെടുക്കേണ്ടത്.

ക്ട്. ഇതിന്റെ വിശദാംശങ്ങൾ ഇനിയും പൂർത്തിയായിട്ടില്ലെന്നാണറിയുന്നത്. എങ്കിലും കേരള ലത്തീൻ സഭയിൽ നിന്നും വൈദികരും പുരുഷ-സ്ത്രീ സന്യസ്തരും അല്മായരും ഉത്തരേന്ത്യയിലെ തെരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ട് രൂപതകളിൽ പ്രേഷിത പ്രവർത്തനത്തിൽ തയ്യാറാകേണ്ടതുണ്ട്. ഇവിടെ രണ്ടുകാര്യങ്ങൾ നാം ശ്രദ്ധിക്കണം. തിരഞ്ഞെടുക്കപ്പെട്ട രൂപതയിലെ ജനങ്ങളുടെ സമഗ്രമായ വികസനത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു പ്രവർത്തനസമീപനമാണ് പ്രധാനം. തെരഞ്ഞെടുക്കപ്പെട്ട രൂപതയിലെ മെത്രാൻ, വൈദികൻ, സിസ്റ്റേഴ്സ് അല്മായർ എന്നിവരടങ്ങിയ ഒരു ടീം കേരളത്തിൽ അവർ ബന്ധപ്പെടേണ്ട രൂപത സന്ദർശിക്കുകയും തങ്ങളുടെ രൂപതയിലെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ, സഭ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ വ്യക്തമാക്കുകയും തുടർന്ന് ഇവിടെ നിന്നും സമാനമായ ഒരു ടീം ഉത്തരേന്ത്യയിലെ തെരഞ്ഞെടുത്ത രൂപതകൾ സന്ദർശിച്ച അവിടുത്തെ സാഹചര്യങ്ങൾ മനസ്സിലാക്കുകയും അതുകഴിഞ്ഞ് ഇരു ടീമുകളും ഒരുമിച്ചിരുന്ന് ഒരു ഹ്രസ്വകാല-ദീർഘകാല പദ്ധതി തയ്യാറാക്കുകയും വേണം. സെമിനാരി വിദ്യാർത്ഥികളെ റീജൻസി കാലഘട്ടത്തിൽ പ്രസ്തുത രൂപതകളിൽ അയയ്ക്കാനും സാധിക്കും. ഇതിലേക്കായി കേരള ലത്തീൻ സഭയുടെ നേതൃത്വത്തിൽ ഒരു മിഷൻ ഇൻസ്റ്റിറ്റ്യൂട്ട് അടിയന്തിരമായി ആരംഭിക്കുകയും ഈ പ്രക്രിയയ്ക്ക് നേതൃത്വം നൽകുകയും വേണം. മിഷനിലേക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിച്ചുകൊണ്ട് 12 രൂപതകൾക്കും വേണ്ടി കേരളത്തിൽ തന്നെ ഒരു മൈനർ സെമിനാരി ആരംഭിക്കാവുന്നതാണ്. ഉത്തരേന്ത്യയിലെ വിവിധ മേജർ സെമിനാരികളിൽ ഫിലോസഫി, തീയോളജി കോഴ്സുകളിലേക്ക് അയയ്ക്കുകയും ചെയ്യാം.

പൗരോഹിത്യം സ്വീകരിച്ചതിനു ശേഷം മൂന്നുവർഷമെങ്കിലും മാതൃരൂപതയിൽ പ്രവർത്തിച്ചശേഷം താല്പര്യമുള്ള വൈദികരെ മിഷൻ രൂപതകളിൽ കുറഞ്ഞത് അഞ്ചു വർഷത്തേക്ക് പ്രവർത്തിക്കാനും അതുകഴിഞ്ഞ് മാതൃരൂപതയിൽ വന്ന് പ്രവർത്തിക്കുവാനുമുള്ള ഒരു പാക്കേജും ഇതോടൊപ്പം ചിന്തിക്കാവുന്നതാണ്. കൂടാതെ ഓരോ രൂപതയിൽ നിന്നും താല്പര്യമുള്ള വൈദികരെ ഒരു നിശ്ചിതകാലഘട്ടത്തിൽ പ്രവർത്തിക്കാൻ നിർദ്ദേശിക്കാനും കഴിയും.

സമകാലിക ഭാരത സാഹചര്യം - വെല്ലുവിളികൾ

ഭാരതം അതിന്റെ സ്വാതന്ത്ര്യത്തിന്റെ എഴുപത് വർഷം പൂർത്തിയാക്കുമ്പോഴും ഭരണഘടന വിഭാവനം ചെയ്ത സ്വാതന്ത്ര്യം ഇന്നും നാം കരഗതമാക്കിയിട്ടില്ല. രാജ്യത്തിന്റെ മുപ്പതുശതമാനത്തോളം ജനങ്ങൾ ദരിദ്രരാണ്. ദളിതർ, ആദിവാസികൾ, കർഷക തൊഴിലാളികൾ ഇവരാണ് ഇതിൽ ഭൂരിഭാഗവും. ഇവരുടെ മദ്ധ്യേ പ്രവർത്തിക്കാനാണ് നമ്മുടെ പ്രേഷിത ദൗത്യം പ്രധാനമായും ആവശ്യപ്പെടുന്നത്. ഉത്തരേന്ത്യയിലെ സഭയുടെ സാന്നിധ്യവും ഈ വിഭാഗങ്ങളുടെ ഇടയിലാണ്. ജാർക്കണ്ട്, ഛത്തിസ്ഗഢ്, ഒറിസ്സ തുടങ്ങിയ മേഖലകളിൽ പ്രധാനമായും ആദിവാസികളുടെ ഇടയിലും ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ് തുടങ്ങിയ

സംസ്ഥാനങ്ങളിൽ ദളിത് വിഭാഗങ്ങളുടെ ഇടയിലുമാണ് സഭ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിന്റെ പുത്തൻ സാമ്പത്തിക നയങ്ങൾ സമ്പന്നരെ കൂടുതൽ സമ്പന്നരും ദരിദ്രരെ കൂടുതൽ ദരിദ്രരുമാക്കി മാറ്റുകയും ചെയ്യുന്നു. നാം നേരിടുന്ന വലിയൊരു വെല്ലുവിളിയാണിത്.

ഒറിസ്സായിലെ കണ്ടമാൽ പ്രദേശത്ത് ക്രൈസ്തവരെ പീഡിതരാക്കിയത് മതപരിവർത്തനത്തിന്റെ പേരിലല്ല. സാധാരണക്കാർ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പുരോഗതി പ്രാപിക്കുന്നതുകണ്ട് അവരെ അടിമത്തത്തിൽ തളച്ചിടാൻ ജന്മികൾ ഹിന്ദുവർഗീയവാദികളെ കൂട്ടുപിടിച്ച് നടത്തിയ അക്രമവും കൊലപാതങ്ങളും ദേവാലയ ആക്രമണങ്ങളുമായിരുന്നു. ദിവസങ്ങളോളം വനാന്തരങ്ങളിൽ മറഞ്ഞിരിക്കേണ്ടിവന്നു, ക്രൈസ്തവരായ സാധാരണ ജനങ്ങൾക്ക്. സ്വാമിജിയെ കൊന്നത് ക്രൈസ്തവരല്ലെന്ന് നീതിപീഠം പ്രഖ്യാപിക്കുകയും ചെയ്തു. മധ്യപ്രദേശിലെ ഇൻഡോറിൽ സിസ്റ്റർ റാണി മരിയ വധിക്കപ്പെട്ടത് ആദിവാസികളെ സാക്ഷരരാക്കി അവർ നേരിടുന്ന വിവിധ ചൂഷണങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കാൻ നടത്തിയ ശ്രമങ്ങളുടെ ഫലമായിട്ടാണ്. ജാർക്കണ്ഡിൽ കൽക്കരിഖനികൾക്ക് വേണ്ടി ഏറ്റെടുത്ത ആദിവാസികളുടെ ഭൂമിയിന്മേലുള്ള അവകാശം സ്ഥാപിക്കാനും, പുനരധിവാസ പദ്ധതി നീതി പൂർവമാക്കാൻ ശ്രമിച്ചതിന്റെ പേരിലാണ് സിസ്റ്റർ വത്സയെന്ന മലയാളി സിസ്റ്റർ ഈ അടുത്തകാലത്ത് വധിക്കപ്പെട്ടത്.

ഒരുകാലത്ത് റാഞ്ചിപോലുള്ള മിഷൻ രൂപതകളിൽ ആദിവാസികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഈശോസഭ വൈദികർ നടത്തിയ പ്രവർത്തനം പോലെ വിദ്യാഭ്യാസ ആരോഗ്യരംഗത്ത് രൂപതകളും സന്യസ്ത സഭകളും നിരവധി പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം സഭ നേരിടുന്ന പുത്തൻ വെല്ലുവിളികളോട് പ്രതികരിക്കേണ്ടതും പ്രധാനമാണ്. ദളിത് ന്യൂനപക്ഷവിഭാഗങ്ങൾ ഹിന്ദുവർഗീയതയുടെ പേരിൽ ആക്രമിക്കപ്പെടുകയും, വികസന പദ്ധതികളുടെ പേരിൽ ആദിവാസികൾ കുടിയൊഴിക്കപ്പെടുകയും ചെയ്യുന്ന പുതിയ സാഹചര്യങ്ങളോട് പ്രതികരിക്കാനും നമുക്കാവണം. നീതിക്കുവേണ്ടി നിലപാടുകൾ എടുത്ത് മുന്നോട്ടുപോകുവാനുള്ള വലിയൊരു വെല്ലുവിളിയാണ് പ്രാദേശിക സഭകൾക്കുള്ളത്. അവരോട് അണിചേരാൻ നമ്മുടെ മിഷൻലിങ്ക് പദ്ധതിക്ക് കഴിയണം.

കേരളസഭയുടെ പ്രേഷിതമുഖം

കേരളത്തിലെ ലത്തീൻസഭ ഏറ്റെടുക്കുന്ന വലിയൊരു പദ്ധതിയുടെ തുടക്കമാണ് വല്ലാർപാടം കൺവെൻഷനിൽ നടക്കുന്ന മിഷൻ ലിങ്ക് പ്രോജക്ട്. പ്രതീകാത്മകമായ തുടക്കമാണെങ്കിലും, കേരള ലത്തീൻ സഭയ്ക്ക് ഈ രാജ്യത്തോടും ഭാരതസഭയോടുമുള്ള വലിയൊരു ഉത്തരവാദിത്വം ഇതിലൂടെ നാം ഏറ്റെടുക്കുകയാണ്. നമ്മുടെ വിഭവങ്ങൾ ഉത്തരേന്ത്യൻ രൂപതകളുമായി പങ്കുവയ്ക്കുക വലിയൊരു ത്യാഗം കൂടിയാണ്. നമ്മുടെ രൂപതകളിലെ വിവിധ ഇടവകളിൽ നടക്കുന്ന ആർഭാടപൂർണമായ തിരുനാളാഘോഷങ്ങൾ പുനർവിചിന്തനത്തിന് വിധേയമാക്കണം. പഴയപള്ളികൾ ഇടിച്ചുനിരത്തി കോടികൾ ചിലവാക്കിയുള്ള പള്ളിനിർമ്മാണവും വിമർശനവിധേയമാക്കണം. യേശുവിനെ ഇനിയും അറിഞ്ഞിട്ടില്ലാത്ത പ്രദേശങ്ങളിൽ സുവിശേഷം എത്തിക്കാനുള്ള സഭയുടെ ഏറ്റവും പ്രധാനമായ ദൗത്യത്തിലേക്ക് ശ്രദ്ധയൂന്നുവാനാണ് കേരള ലത്തീൻസഭ പ്രേഷിത മുഖം വീണ്ടെടുക്കേണ്ടത്. വല്ലാർപാടത്ത് നടക്കുന്ന അടിസ്ഥാന ക്രൈസ്തവ സമൂഹ കൺവെൻഷനും മിഷൻകോൺഗ്രസും ലത്തീൻസഭയുടെയും സമുദായത്തിന്റെയും ഒരു നവീകരണത്തിന് തീർച്ചയായും നല്ലൊരു തുടക്കമാവും. ■

കവിത

യാത്ര

പ്രീത എസ്.

ഏകാന്തമീ ജീവിതയാത്ര...
വഴിയറിയാതെ നീങ്ങുന്നു ഞാനും...
ദൂരെ വഴിക്കോണിലെങ്ങോ-
പഥികന്റെ പാട്ടിന്റെ ഈരടി കേൾക്കവേ,
ഈ ലോകയാത്രകൾ വ്യർത്ഥമോ?
ഞാനും, നീയുമാ പഥികനുമെല്ലാം
അലയുന്നു, ജന്മമോക്ഷത്തിനായ്...
അർത്ഥമെന്തെന്നറിയുവാനാകുമോ,
ഈപാത ചെന്നെത്തുന്നതെവിടെയോ?
ദുഃഖിച്ചു ഞാനാ വഴിയേ നടന്നുനീങ്ങവേ-
എൻ ചിന്തയെ ഭേദിച്ചെത്തിയാ-
പഥികനും, മന്ദസ്മിതം തൂകിയെന്നിൽ,
പാട്ടിന്റെ താളം ലയിച്ചുചേർന്നു...
ഹൃദയം കവിഞ്ഞൊഴുകുന്ന പാട്ടിന്റെ-
മധുരസംഗീതത്തിലലിഞ്ഞു
ഞാൻ നിൽക്കവെ...
എൻ ചാരത്തണഞ്ഞവനെന്നോടു
ചൊല്ലുവാൻ
കരമുയർത്തുന്നതെന്തിനായി?
കൈവിരൽ ചൂണ്ടിയാവന്ന
വഴിയിലേക്കെന്നോടു-
പോകുവാൻ, ആജ്ഞയായ്...
കൽപ്പിച്ചവൻ..
എൻ കർണ്ണത്തിലലതല്ലി,
പഥികന്റെ വാക്കുകൾ....പോയിടൂ,
നിൻജന്മസാഫല്യം നേടുവാൻ,
കാത്തിരിക്കുന്നു വഴിമദ്ധ്യേ...
നീ കണ്ടുമറന്നൊരാ ദൈവം...
നിനക്കായ്, ദാഹിച്ചു... പ്രതീക്ഷയോടെ...
ഈറനണിഞ്ഞതെൻ കൺകളിൽ-
അത്ഭുതമീ സംഗമം,
മായക്കാഴ്ചയായ് അകന്നിടുന്നു...
പാട്ടിന്റെ താളത്തിലാപഥികനും...
വഴിക്കോണിലെങ്ങോ, മറഞ്ഞുപോയി...
ദൃഷ്ടിപതിച്ചുഞാൻ നീളുന്നപാതയിൽ..
തിരിച്ചറിഞ്ഞാനിമിഷം...
വ്യർത്ഥമല്ലീ ജീവിതം..
കാത്തിരിക്കുന്നു നിനക്കായ്.... ദൈവം
എന്നെയും വിളിക്കുന്നു...
ദാഹാർത്തനായി..
നിറയുന്ന നൊമ്പരഭാണ്ഡവുമായി-
പോകുന്നു, നിത്യനിർവൃതി
തേടി ഞാൻ...

ലേഖനം

ഹിന്ദുരാഷ്ട്രത്തിന്റെ മുന്നാസ്വാദനങ്ങൾ

ഫാ. വിൻസന്റ് കുണ്ടുകുളം

ഭാരതസംസ്കാരം മലീമസമാവുകയാണ്. കേന്ദ്ര സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആസൂത്രിതവും നിഗൂഢവുമായ പദ്ധതികളും തീരുമാനങ്ങളുമാണ് അതിനുപിന്നിൽ. ജനാധിപത്യം വർഗീയാധിപത്യത്തിന് വഴിമാറേണ്ടിവരുമോ?

ഭാരതീയരിൽ അനുദിനം ഭയം വർധിച്ചുവരികയാണ്. അയൽ രാജ്യങ്ങളായ പാകിസ്ഥാനോ ചൈനയോ ആക്രമിക്കുമെന്ന ഭയമല്ല; ഭാരതത്തിന്റെ മതേതരത്വത്തിനും ജനാധിപത്യത്തിനും സംഭവിച്ചുകൊണ്ടിരിക്കുന്ന ദുർഗതികളോർത്തുള്ള ഭയമാണത്. ജനാധിപത്യത്തിന്റെ തൂണുകളെല്ലാം ദ്രവിച്ചു തുടങ്ങിയിരിക്കുന്നു. രാഷ്ട്രപതി, പ്രധാനമന്ത്രി, ഉപരാഷ്ട്രപതി തുടങ്ങി ഭരണസംവിധാനത്തിന്റെ കാവൽഭടന്മാരെല്ലാം സംഘപരിവാറിന്റെ പ്രചാരകരാണ്. രാജ്യസഭയിലുംകൂടി ബിജെപിക്ക് ഭൂരിപക്ഷമായാലോ? ഭരണഘടന പൊളിച്ചെഴുതപ്പെടും. ഭാരതം ഹിന്ദുരാഷ്ട്രമാകും. രാജ്യത്തിന്റെ ആത്മാവ് ഹിന്ദുത്വമായാൽ എന്തുസംഭവിക്കുമെന്നതിന് ഉദാഹരണങ്ങളാണ് 2014 ൽ ബിജെപി കേന്ദ്ര ഭരണം നേടിയതിനുശേഷം ഉണ്ടായ പശു, ഘർവാപസി തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചുണ്ടായ വിവാദങ്ങളും അക്രമങ്ങളും.

വിശുദ്ധ പശു

പശു എന്നും ദിവ്യമായി കണക്കാക്കപ്പെട്ടിരുന്ന മൃഗമാണ് ഇന്ത്യയിൽ. അത് ദൈവിക അവതാരമായതുകൊണ്ടല്ല; കാർഷികവ്യവസ്ഥിതിയിൽ മനുഷ്യന് അത്താണിയായിരുന്നതിനാലാണ്. കൃഷിക്കാവശ്യമായ ചാണകവും മൂത്രവും മനുഷ്യജീവന് പോഷകമായ പാലും തരുന്നു. സമ്പത്തിന്റെ അടയാളമായിരുന്നു ഗോക്കൾ. അതുകൊണ്ട് അവയെ കൊല്ലാതെ സംരക്ഷിക്കുന്ന പതിവ് ഇന്ത്യയിലുണ്ടായിരുന്നു. അത് ഏതാനും ഹിന്ദുരാജാക്കന്മാരുടെ മാത്രം താല്പര്യമായിരുന്നില്ല. ബാബർ, ഹൈദ്രാലി, അക്ബർ, ജഹാംഗീർ, മുഹമ്മദ് ഷാ തുടങ്ങിയ മുസ്ലീം രാജാക്കന്മാരുടെ കാലത്തും ഗോവധനിരോധനമുണ്ടായിരുന്നു.

ഗോക്കളെ കൊല്ലുന്നത് നിരോധിച്ചിരുന്ന സമ്പ്രദായമുണ്ടായിരുന്നതുപോലെ അവയെ കൊന്നുതിന്നാൻ നിർദ്ദേശിക്കുന്ന പാരമ്പര്യവും ആർഷഭാരതത്തിൽ ഉണ്ടായിരുന്നു. പശുദിവ്യമായതുകൊണ്ട് ശ്രേഷ്ഠമാണെന്നും ഭുജിക്കാൻ യോഗ്യമാണെന്നും അതിനാൽ അവയെ കൊന്നുതിന്നുന്നത് നല്ലതാണെന്നും പൂർവിക ബ്രാഹ്മണർ കരുതുയിരുന്നത്രേ. അപസ്തംഭധർമ്മ സൂത്ര (15, 24.29) ത്തിൽ ഇങ്ങനെ പറയുന്നു: "പശുവും കാളയും പൂജ്യമാണ്. അതുകൊണ്ടുതന്നെ അവയെ ഭക്ഷിക്കേണ്ടതാണ്." ഋഗ്വേദങ്ങളിൽ ആര്യന്മാർ ഭക്ഷണാവശ്യങ്ങൾക്കായി ഗോക്കളെ മഴുകൊണ്ടും വാളുകൊണ്ടും കൊന്നിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിഥി സത്ക്കാരങ്ങളിൽ വിശേഷഭക്ഷണമായി വിളമ്പിയിരുന്ന ഇന

മായിരുന്നത്രേ ബീഫ്. അതുകൊണ്ടുതന്നെ അതിഥികളെ 'ഗോവധക്കാർ' എന്ന് കളിയാക്കിയിരുന്നുപോലും. അക്കാലഘട്ടങ്ങളിൽ ബ്രാഹ്മണരും ഗോമാംസം ഭക്ഷിച്ചിരുന്നു. പിന്നീട് വൈഷ്ണവരും ബുദ്ധരും ജൈനരും ഇതൊരു തരം താണ സംസ്കാരമായി വ്യാഖ്യാനിച്ചപ്പോൾ അവർക്കുമേൽ ഉത്ക്കർഷനേടാൻ ബ്രാഹ്മണർപശുമാംസം ഉപേക്ഷിക്കുകയാണുണ്ടായത്.

പശുവിന്റെ രാഷ്ട്രീയം

വാസ്തവത്തിൽ ഇന്ത്യക്കാർ സസ്യഭുക്കുകളാണെന്നത് കേവലം ഒരു മിത്തുമാത്രമാണ്. സ്ഥാപിത താല്പര്യങ്ങളുള്ള ഏതാനും മേൽജാതിക്കാർ മെനഞ്ഞെടുത്ത മിത്ത്. ദലിതർ, പിന്നോക്കവർഗക്കാർ, ആദിവാസികൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ തുടങ്ങിയ വിഭാഗങ്ങളെല്ലാം കണക്കിലെടുത്താൽ 60 ശതമാനത്തിലധികം പേരും ഗോമാംസം ഭക്ഷിക്കുന്നവരാണെന്ന് കാണാം. പിന്നെ ഗോവധനിരോധനം ഇന്ത്യൻ ദേശീയതയുടെ അനിവാര്യഘടകമാകുന്നതെങ്ങനെ?

പശുവിനെ കേന്ദ്രീകരിച്ചുള്ള വിവാദങ്ങളും അക്രമങ്ങളും കേവലം രാഷ്ട്രീയ ലക്ഷ്യങ്ങളോടെയാണെന്നാണ് മനസ്സിലാക്കേണ്ടത്. മതന്യൂനപക്ഷങ്ങളെയും കീഴ്ജാതികളെയും ദേശവിരുദ്ധരെന്ന് ചിത്രീകരിച്ച് സമ്മർദ്ദത്തിലാക്കാനും ഹിന്ദുത്വ അജണ്ടയോട് സഹകരിക്കാൻ നിർബന്ധിക്കുന്നതിനുമുള്ള തന്ത്രമാണിത്. മാതൃരാജ്യസ്നേഹമുള്ളവർ ഗോമാംസം ഭക്ഷിക്കില്ലെന്ന് സ്ഥാപിച്ചെടുക്കുന്നതിലൂടെ 'സാംസ്കാരിക അപരരെ' സൃഷ്ടിക്കുകയാണ് സംഘികളുടെ ലക്ഷ്യം. ശത്രുക്കളെ കൃത്രിമമായി നിർമ്മിച്ച് അവർക്കെതിരെ മതവികാരം ഉണർത്തി ഹൈന്ദവഭൂരിപക്ഷം ഉറപ്പിക്കുകയെന്ന കുടിലതന്ത്രത്തിന്റെ ഭാഗമാണിത്.

ഹിന്ദുരാഷ്ട്രത്തിൽ അഹൈന്ദവർക്ക് ബ്രാഹ്മണകേന്ദ്രീകൃതമായ ഹൈന്ദവസമാജത്തിന്റെ നിയമങ്ങളും ചട്ടങ്ങളും പാലിച്ചേ ജീവിക്കാനാകൂ എന്ന ഗോവൽക്കറിന്റെ തത്ത്വപ്രയോഗമാണ് ഗോവധനിരോധനത്തിലൂടെ പുറത്തുവരുന്നത്. "നമ്മൾ അല്ലെങ്കിൽ നമ്മുടെ ദേശീയതയെ നിർവചിച്ചാൽ' എന്ന ഗ്രന്ഥത്തിൽ 1939 ൽ അദ്ദേഹം ഇങ്ങനെ എഴുതി: "ഹിന്ദുസ്ഥാനിലെ അഹൈന്ദവർ ഹിന്ദു സംസ്കാരവും ഭാഷയും സ്വീകരിക്കണം. ഹിന്ദുമതത്തെ ബഹുമാനിക്കാനും പൂജിക്കാനും പഠിക്കണം. ഹിന്ദുവംശത്തെയും സംസ്കാരത്തെയും സ്തുതിക്കുന്നതുവിട്ട് മറ്റൊന്നും അവർ ചെയ്യരുത്. അതാണ് ഈ രാജ്യത്തോട് അസഹിഷ്ണുതയോ നിന്ദയോ ഉളവാക്കുന്ന മനോഭാവം ഉപേക്ഷിക്കണമെന്നുമാത്രമല്ല, ഈ രാജ്യത്തെ പാരമ്പര്യങ്ങളോട് സ്നേഹവും കൂറും പുലർത്തുകയും വേണം... അവർ പ്രത്യേകാനുകൂല്യങ്ങൾക്കോ പരിഗണനയ്ക്കോ വേണ്ടി മുറവിളി കൂട്ടാൻ പാടില്ല. എന്തിനേറെ പ്പറയുന്നു പൗരനടുത്ത അവകാശങ്ങൾ പോലും അവർക്ക് നിഷേധിക്കപ്പെടും." (പേജ് 52).

എന്തുഭക്ഷിക്കാനുള്ള പൗരാവകാശത്തെ എടുത്തുകളയുന്നതിലൂടെയും മേൽജാതിക്കാരുടെ ആഹാരരീതികൾ ഇതര ജാതിസമൂഹങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നതിലൂടെയും വെളിവാകുന്നത് ഗോൾവൽക്കർ നിർവചിച്ചതുപോലെ ഹിന്ദുരാഷ്ട്രത്തിൽ സാംസ്കാരികവൈവിധ്യങ്ങൾക്ക് സ്ഥാനമുണ്ടാകില്ലെന്ന മുന്നറിയിപ്പാണ്. അതുകൊണ്ടുതന്നെ ഗോമാംസനിരോധനം എതിർക്കപ്പെടേണ്ടതാണ്. അത് ആഹാരവ്യവസ്ഥയിൽ ഭരണഘടന അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണ്.

ഘർവാപസിയിലെ കൗശലഭീഷണികൾ

ഹിന്ദു രാഷ്ട്ര നിർമ്മാണത്തിന്റെ മൃദുലവഴികളിൽ മറ്റൊന്നാണ് ഘർവാപസി. അഹൈന്ദവസമൂഹങ്ങളിൽപ്പെട്ടവരെ 'വീട്ടിലേക്ക് തിരിച്ചുകൊണ്ടുപോകൽ' എന്ന ഓമനപ്പേരിട്ട് നടത്തിയ ഈ കർമം യഥാർത്ഥത്തിൽ പുനഃമതപരിവർത്തനം തന്നെയാണ്. ആർഎസ്എസിനു മുൻപേ വിദേശമതങ്ങളിലേക്ക് കുടിയേറിയവരെ തിരിച്ചുകൊണ്ടുപോകാൻ ആര്യസമാജക്കാർ ശ്രമിച്ചിരുന്നു. 1875 ൽ സ്വാമി ദയാനന്ദ സരസ്വതി ആരംഭിച്ച ആര്യസമാജം ഇതിനെ 'ശുദ്ധിക്രിയ' എന്നാണ് വിളിച്ചിരുന്നത്. ഇപ്പോൾ സംഘപരിവാർ ഇതേറ്റെടുക്കുന്നതിന്റെ പിന്നിൽ

കൗശലലക്ഷ്യങ്ങളുണ്ട്.

അധികാരത്തിലെത്തുന്ന ഹിന്ദുത്വപാർട്ടിക്ക് എന്നുമുള്ള വെല്ലുവിളി ഹിന്ദുവോട്ടുബാങ്കിനെയും വിദേശശക്തികളെയും ഒരുപോലെ പ്രീണിപ്പിച്ചുനിർത്തുകയെന്നതാണ്. സാമ്പത്തിക പുരോഗതിക്കും രാജ്യാന്തര രാഷ്ട്രീയ സ്വാധീനത്തിനും ഇവ രണ്ടും ആവശ്യമാണല്ലോ. ആഭ്യന്തരമായി മുസ്ലീങ്ങളെയോ ക്രിസ്ത്യാനികളെയോ പീഡിപ്പിച്ചാൽ ഗൾഫ് രാജ്യങ്ങളും പാശ്ചാത്യരാജ്യങ്ങളും പിണങ്ങും. മറുവശത്ത് ന്യൂനപക്ഷങ്ങളോട് ഉദാരമായ സമാപനമെടുത്താലോ ബിജെപിയുടെ ശക്തിസ്രോതസ്സായ സംഘപരിവാർ സംഘടനകളുടെ പിന്തുണ

നഷ്ടപ്പെടും. അതിനാൽ വിദേശരാജ്യങ്ങളെ കാര്യമായി പ്രകോപിപ്പിക്കാതെയും സംഘികളെ അല്ലും സന്തോഷിപ്പിച്ചും മുന്നേറാനുള്ള ശ്രമത്തിൽ രൂപപ്പെട്ട തന്ത്രമാണ് ഘർവാപസി. മാത്രമല്ല 20 കോടിയോളം വരുന്ന ന്യൂനപക്ഷമതവിശ്വാസികളെ കൊന്നൊടുക്കുക പ്രായോഗികമല്ലല്ലോ. അപ്പോൾ പിന്നെ അവരെ വെടക്കാക്കി തനിക്കാക്കുകയാണ് ഉത്തമം.

ഘർവാപസി ന്യൂനപക്ഷമതങ്ങൾക്ക് നൽകുന്ന സന്ദേശങ്ങൾ ഏറെ ഗൗരമേറിയതാണ്. എ) ഇന്ത്യയെ വീടായി കാണുകയാണെങ്കിൽ ആ വീട് ഹിന്ദുസമാജമാണെന്ന ധാരണ ഉറപ്പിക്കുക, ബി) ഹിന്ദുസമൂഹത്തിലേക്ക് മടങ്ങാനുള്ള ആഹ്വാനം വഴി ന്യൂനപക്ഷമതവിശ്വാസികൾ ഇപ്പോൾ വീട്ടിലല്ല പിന്നെയോ വീടിന് പുറത്താണെന്ന ചിന്ത ഉളവാക്കുക, സി) ഇന്ത്യയിലെ ക്രിസ്ത്യാനികളും മുസ്ലീങ്ങളും വീട് ഉപേക്ഷിച്ചുപോയ ധൂർത്തുപുത്രന്മാരാണെന്നും അവർ തെറ്റുതിരുത്തി തിരിച്ചുവന്നാലേ യഥാർത്ഥത്തിൽ ഇന്ത്യക്കാരാകൂ എന്ന് ബോധ്യപ്പെടുത്തുക, ഡി) ഹിന്ദു സമുദായത്തിന്റെ ഔദാര്യത്തിലായിരിക്കും ന്യൂനപക്ഷമതങ്ങൾ ഇവിടെ കഴിയുകയെന്ന ചിന്ത ഉറപ്പിക്കുക, (ഇ) ഹൈന്ദവേതര മതങ്ങൾക്ക് പ്രത്യേക അവകാശങ്ങളോ ആനുകൂല്യങ്ങളോ ഉണ്ടാവുകയില്ലെന്നും അവർ ഇവിടെ അടങ്ങി ഒതുങ്ങി കഴിയണമെന്നും ധരിപ്പിക്കുക, (എഫ്) മതപരിവർത്തന ഭീഷണി ഉയർത്തി ന്യൂനപക്ഷമതങ്ങളെ രാജ്യത്തിന്റെ ഏതെങ്കിലും ചില കോണുകളിലേക്ക് ഒതുങ്ങുവാൻ പ്രേരിപ്പിക്കുക.

ബ്രാഹ്മണയുഗത്തിലേക്കുള്ള തിരിച്ചുപോക്ക്

ഹിന്ദുസമാജത്തിന്റെ പുനഃരേകീകരണവുമായി ബന്ധപ്പെട്ട ചില രഹസ്യങ്ങളും ഘർവാപസിയിൽ ഒളിഞ്ഞുകിടപ്പുണ്ട്. ജാതിവ്യവസ്ഥിതിയുടെ ശാക്തീകരണമാണ് അതിലൊന്ന്. ക്രിസ്ത്യൻ-മുസ്ലീം മതങ്ങളിലേക്ക് ചേക്കേറിയവർ തിരിച്ചുവരുമ്പോൾ അവർ പ്രവേശിക്കേണ്ടത് പഴയ ജാതികളിലേക്കാണ്. ജാതികളെ മാറ്റിനിർത്തിയാൽ ഹിന്ദുസമുദായമെന്നൊന്നില്ല. ഹിന്ദുവിന് ഏതെങ്കിലുമൊരു ജാതിയിലേ ജനിക്കുവാനാകൂ. ഒരു ജാതിയിലും പെടാത്ത ഹിന്ദു എന്ന ഒന്നില്ല ഭാരതത്തിൽ. അതായത് ഏത് ചൂഷിത വലയത്തിൽ നിന്നാണോ അവർ മതംമാറ്റംമൂലം രക്ഷപ്പെട്ടത് ആ അടിമത്വസമ്പ്രദായത്തിലേക്ക് തന്നെ അവർ മടങ്ങണമെന്നർത്തം. സാമ്പത്തികമായ താല്പര്യങ്ങളും ഘർവാപസിയുടെ പിന്നിലുണ്ട്. ഇതരമത വിശ്വാസങ്ങളിലേക്ക് മാറിപ്പോയവരിൽ നല്ലൊരുപങ്കും മുൻകാലങ്ങളിൽ മേൽജാതികൾക്ക് വേതനമില്ലാതെയോ നിസാര ശമ്പളത്തിനോ പണിയെടുക്കുന്നവരായിരുന്നു. അവരെ തിരിച്ചുകൊണ്ടുവരുന്നതിലൂടെ തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യാവുന്ന തൊഴിലാളികളെ തിരിച്ചുപിടിക്കാമെന്ന വ്യാമോഹത്തിലാണ് മേൽജാതികളുടെ കൂട്ടായ്മയായ സംഘപരിവാർ.

ഘർവാപസിയിലൂടെ വരാനിരിക്കുന്ന ഹിന്ദുരാഷ്ട്രത്തിന്റെ ജാതിമുഖം കുറേക്കൂടി വ്യക്തമാകുന്നു. ആരാണ് യഥാർത്ഥ ഹിന്ദു എന്ന ചോദ്യത്തിന് വിരാട് പുരുഷന്റെ നാലു ഭാഗങ്ങളിൽ നിന്നുണ്ടായ ജനതയെന്നാണ് ഹിന്ദുത്വവാദികളുടെ ഉത്തരം. ആതാരൊക്കെയാണ്? തലയിൽ നിന്നുണ്ടായ ബ്രാഹ്മണരും തോളിൽ നിന്നുണ്ടായ ക്ഷേത്രിയരും ഉദരത്തിൽ നിന്നുവന്ന വൈശ്യരും പാദങ്ങളിൽ നിന്ന് രൂപമെടുത്ത ശൂദ്രരും. ഇതിന് പുറമെയുള്ളവരെ മ്ലേച്ഛരായിട്ടാണ് സംഘം കാണുന്നത്. അവർ യഥാർത്ഥ ഹിന്ദുജനതയ്ക്ക് പുറത്താണ്. ചുരുക്കത്തിൽ ഘർവാപസി ബ്രാഹ്മണയുഗത്തിലേക്കുള്ള തിരിച്ചുപോക്കാണ്; പിന്നോക്കവർഗക്കാരേയും ദളിതരേയും ന്യൂനപക്ഷമതങ്ങളേയും രാഷ്ട്രത്തിലെ രണ്ടാം ക്ലാസ് പൗരന്മാരാക്കി വരേണ്യവർഗത്തിന്റെ ആധിപത്യം പുനഃസ്ഥാപിക്കുന്ന ഹിന്ദുരാഷ്ട്രത്തിലേക്കുള്ള മുന്നേറ്റം.

ഭാരതത്തിന്റെ സംസ്കാരം ഇങ്ങനെ മലീമസമാകുമ്പോൾ ഔഷധമാകേണ്ടത് രാഷ്ട്രപിതാവായ മഹാത്മജിയുടെ ദർശനമാണ്. നമ്മുടേതല്ലെന്ന് നാം കരുതുന്നവരോട് എന്തുമാത്രം വീഴ്ചയില്ലാതെ പെരുമാറാൻ നമുക്ക് കഴിയുമോ അതാണ്. സാംസ്കാരിക വളർച്ചയുടെ അളവുകോലെന്ന് അദ്ദേഹം തീർച്ചപ്പെടുത്തി. ഇതരമതങ്ങളെ ശത്രുക്കളായി ചിത്രീകരിച്ചുകൊണ്ടല്ല, അവരുടെ മതത്തേയും സംസ്കാരത്തേയും ബഹുമാനിച്ചുകൊണ്ടാണ് സ്വമതത്തിന്റെയും സംസ്കാരത്തിന്റെയും മാഹാത്ത്യം അടയാളപ്പെടുത്തേണ്ടതെന്ന് ഏവരും അറിഞ്ഞാൽ നന്ന്. അതൊരു അനിവാര്യത കൂടിയായിരിക്കുകയാണ് ഇന്നത്തെ ഭാരതത്തിൽ. ■

വിശുദ്ധ കൊച്ചുത്രേസ്യ പ്രേഷിതരുടെ മധ്യസ്ഥയും മാതൃകയും

ഫാ. തോമസ് ജെ. നെറ്റോ

യേശു കണ്ടെടുത്ത ഒരു ചെറുപുഷ്പമാണ് ഞാൻ. ഞാൻ സ്വർഗത്തിൽനിന്നും നിങ്ങളുടെ മേൽ അനുഗ്രഹങ്ങളുടെ റോസാ പുഷ്പങ്ങൾ വർഷിക്കും

– വിശുദ്ധ കൊച്ചുത്രേസ്യാ

SOഗോറിന്റെ ഒരു കൊച്ചുപ്രാർത്ഥനയുണ്ട്: "ദൈവമേ, എന്റെ ഈ ജീവിതപുഷ്പം അങ്ങ് പറിച്ചെടുത്തുകൊണ്ടുപോയാലും. അതിനിനി വൈകരുതേ... ഈ പുഷ്പത്തിന്റെ നിറം മങ്ങുംമുൻപ് അതിൽ മണവും മധുവും നിറഞ്ഞിരിക്കുന്ന ശുഭവേളയിൽ തന്നെ അങ്ങയുടെ പൂജയ്ക്കു വേണ്ടി അത് പറിച്ചെടുത്താലും." 24-ാം വയസ്സിൽ ക്ഷയരോഗിണിയായ വിശുദ്ധ കൊച്ചുത്രേസ്യാ ഈ പ്രാർത്ഥന തന്റെ തന്നെ ജീവിതാനുഭവമാക്കി. ആ പുണ്യപുഷ്പത്തെ ദൈവം തന്റെ നിത്യതയുടെ ദിവ്യപൂജയ്ക്കായി പറിച്ചെടുത്തു. അവളിപ്പോഴും ഭൂവാസികൾക്ക് അനുഗ്രഹപൂമഴ വർഷിക്കുന്നു.

ഒക്ടോബർ ഒന്ന് ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുന്നാൾ ദിനം. നമ്മുടെ അതിരൂപതയുടെ സ്വർഗീയ മധ്യസ്ഥ നമ്മിൽ ആത്മീയ അനുഗ്രഹങ്ങൾ ചൊരിയുന്ന പുണ്യദിനം. കൊച്ചുത്രേസ്യയുടെ ഈ ലോക ജീവിത കാലദൈർഘ്യം (1873-1897) കേവലം 24 വർഷമായിരുന്നു. പക്ഷേ, അവളിന്ന് വിശ്വാസികളുടെ ഹൃദയങ്ങളിലും സ്വർഗീയ സൗഭാഗ്യത്തിലും നിത്യം ജീവിക്കുന്നു. വിശുദ്ധി അഥവാ പരിപൂർണത ഈശ്വരഹിതം നിറവേറ്റുന്നതിലാണെന്ന് അവൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. നാം എന്തായിരിക്കണമെന്ന് ദൈവം മനസ്സാകുന്നുവോ അപ്രകാരം ആയിരിക്കുന്നതിലാണ് അത് അടങ്ങിയിരിക്കുന്നതെന്നും അവൾ നമുക്ക് പറഞ്ഞുതരുന്നു.

1927 ൽ വിശുദ്ധ കൊച്ചുത്രേസ്യയെ പ്രേഷിത പ്രവർത്തകരുടെയും പ്രേഷിത രംഗങ്ങളുടെയും മധ്യസ്ഥയായി സഭ പ്രഖ്യാപിച്ചു. ഈ ഒക്ടോബറിൽ കേരള ലത്തീൻ സഭ മിഷൻ കോൺഗ്രസും ബിസിസി കൺവെൻഷനും സംഘടിപ്പിക്കുമ്പോൾ, ആഗോളസഭ പ്രേഷിതഞായർ (മിഷൻ സൺഡേ) കൊണ്ടാടുമ്പോൾ, വിശുദ്ധ കൊച്ചുത്രേസ്യയുടെ പ്രേഷിതചൈതന്യം നമുക്കൊരു പുത്തൻ ഉണർവും ആവേശവും ഉളവാക്കുന്നുണ്ട്. കുഞ്ഞുനാളിൽ അപ്പൻ അവൾക്ക് കൊടുക്കുമായിരുന്ന ചെറുനാണയങ്ങൾ അവൾ കൂട്ടിവയ്ക്കുമായിരുന്നു. പിന്നീടവ പ്രേഷിത പ്രവർത്തനങ്ങൾക്ക് സംഭാവനയായി അവൾ നൽകിയിരുന്നു. മരണത്തിന് ഏതാനും നാളുകൾക്കു മുൻപുള്ള ഒരു സംഭാഷണത്തിൽ അവൾ പറഞ്ഞു, "എന്റെ മരണവേളയിൽ പൂക്കൾ വാങ്ങുന്നതിന് പകരം ആ പണം പ്രേഷിതപ്രവർത്തനങ്ങൾക്ക് കൊടുക്കുക; ഒപ്പം പുറന്തള്ളപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനും അവ ഉപയോഗിക്കുക."

സുവിശേഷദൂതുമായി ദൈവത്താൽ അയയ്ക്കപ്പെടുന്നവനാണ് ഒരു പ്രേഷിതൻ. യേശു ശിഷ്യർക്കു നൽകിയ പ്രേഷിതദൗത്യം എക്കാലത്തും തുടരേണ്ട ഒന്നാണ്. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ... യുഗാന്തം വരെ എന്നും ഞാൻ നിങ്ങളുടെ കൂടെയുണ്ടായിരിക്കും (മത്താ. 28:19-20). വിജാതീയരുടെ ഇടയിൽ പ്രേഷിതനായി മാറിയ പൗലോസ് അപ്പസ്തോലൻ പറഞ്ഞു: 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ ഉത്തേജിപ്പിക്കുന്നു' (2. കൊറി. 5:14). ചരിത്രത്തിലുടനീളം ലോകത്തിന്റെ നാനാഭാഗങ്ങളിൽ ക്രിസ്തുവിനോടുള്ള സ്നേഹത്താൽ ഉത്തേജിതരായ അനേകായിരം പ്രേഷിതരെ കാണാം. അവരിലൊരാളാകാൻ വിശുദ്ധ കൊച്ചുത്രേസ്യയും ആഗ്രഹിച്ചു. ആരോഗ്യകാരണങ്ങളാൽ വിദൂരതയിൽ പോയി പ്രേഷിതയാകാൻ അവൾക്ക് സാധിച്ചില്ല. താൻ ആയിരുന്ന സന്യാസഭവനത്തിന്റെ ജീവിത ചുറ്റുപാടുകളിൽ നിന്നുകൊണ്ട് പ്രേഷിതരംഗങ്ങളെയും പ്രേഷിതരേയും സ്വഹൃദയത്തിൽ ആവാഹിക്കുവാൻ അവൾക്ക് സാധിച്ചു. തന്റെ പ്രാർത്ഥനയിലൂടെയും പരിത്യാഗ പ്രവൃത്തികളിലൂടെയും സഹനങ്ങളിലൂടെയും പ്രേഷിത കർമ്മഭൂമിയിലെ പ്രേഷിതർക്കുവേണ്ടി അവൾ ജീവിച്ചു. "സ്നേഹമാണ് എന്റെ ദൈവവിളി" എന്ന് തിരിച്ചറിഞ്ഞ കൊച്ചുത്രേസ്യാ സഭയുടെ ഹൃദയത്തിൽ സ്നേഹമായിരിക്കാൻ സ്വയം സമർപ്പിച്ചു.

വിശുദ്ധ കൊച്ചുത്രേസ്യായെ, ഇന്നത്തെ ജീവിത ചുറ്റുപാടുകളിൽ ക്രിസ്തുവിനെയും അവിടുത്തെ സുവിശേഷത്തെയും പ്രഘോഷിക്കുവാനും ജീവിക്കുവാനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ. ക്രിസ്തുവിനോടുള്ള സ്നേഹത്താൽ ഉത്തേജിതരായി മറ്റുള്ളവരിലേക്ക് സുവിശേഷവെളിച്ചമായി കടന്നുചെല്ലാൻ ഞങ്ങളെ സഹായിക്കേണമേ. ■

മുത്തുകളിൽ കോർത്ത ജീവിത രഹസ്യങ്ങൾ

ഫാ. ഇമ്മാനുവേൽ

ബ്യഹത്തായ ജീവിതത്തിന്റെ ചുരുക്കെഴുത്താണ് ജപമാല. ഇരുപത് അദ്ധ്യായങ്ങളെ നാല് ഖണ്ഡങ്ങളിൽ സംഗ്രഹിച്ച് രചിക്കപ്പെട്ട ക്രിസ്തുവിന്റെ ജീവിതകഥയാണ് ജപമാല രഹസ്യങ്ങൾ. ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ അഭിമുഖീകരിക്കുന്ന നാല്ഘട്ടങ്ങൾ. എല്ലാ വിലാപങ്ങളെയും ഈശ്വരപാലനയായി കരുതുന്നിടത്താണ് ആനന്ദത്തിന്റെ രഹസ്യം പിറവികൊള്ളുന്നത്.

സന്തോഷത്തിന്റെ രഹസ്യങ്ങൾ

ദൈവിക ഇടപെടലുകളുടെ പ്രകടഭാവമാണ് മംഗളവാർത്ത. ഓരോ കുഞ്ഞും അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതുമുതൽ സ്വർഗത്തിന്റെ മുദ്ര പേറുന്നുണ്ടെന്ന് ഓർമ്മിപ്പിക്കുന്നു ഒന്നാം രഹസ്യത്തിൽ.... ശരീരത്തിലും മനസ്സിലും വേദനപേറുന്നൊരാൾ അതുപോലൊരാളുടെ അടുത്തേക്ക് തിടുക്കത്തോടെ പോകുന്നതാണ് സന്ദർശനം. ഉള്ളിൽ കനലുള്ളവർ ചങ്കിൽ തീപേറുന്നവരെ തേടുന്നത് രണ്ടാം രഹസ്യം... സ്വർഗത്തിന്റെ കൈയൊപ്പോടെ ഓരോ കുഞ്ഞും പിറന്നുവീഴുമ്പോൾ അത് ആനന്ദത്തിന്റെ നിമിഷങ്ങളാണ്. മഞ്ഞുവീണ പുൽക്കൂട്ടിൽ കീറത്തുണിയിൽ പൊതിഞ്ഞ ശിശുവിന്റെ രോദനം പോലും സന്തോഷം പ്രധാനം ചെയ്യുന്നുവെന്ന് മൂന്നാം രഹസ്യം... ഒരു മൊട്ടുസൂചികൊണ്ടുള്ള പോറലുപോലും ഹൃദയത്തിൽ പേറാനാവാത്തവർക്കുമുന്നിൽ വാൾമുനകളുടെ തീവ്രവേദനകളുമായൊരു അമ്മയെ ശിയോൻ ദീർഘദർശി ചൂണ്ടിക്കാട്ടിയത് നാലാം രഹസ്യം.... വിണ്ടെടുപ്പിന്റെ ഒരു മൂന്നാംപക്കം ഉടയോൻ ഏവരുടെയും നിയോഗമായി ഉച്ചിയിൽ കുറിച്ചിട്ടുണ്ട്, പ്രത്യാശയുടെ പുതുവസന്തം പൂക്കുന്നു അഞ്ചാം രഹസ്യത്തിൽ.

ജീവിതത്തെ പ്രകാശിപ്പിക്കുന്നത് കർമ്മങ്ങളാണ്. നന്മയുടെ നറുമണമുള്ള ചിന്തകളിൽ പോലും പ്രകാശത്തിന്റെ ശോഭയുണ്ടാകും.

പ്രകാശത്തിന്റെ രഹസ്യങ്ങൾ

ആദിയിൽ ജലത്തിനുമീതെ ചലിച്ച പരമചൈതന്യം നെറ്റിത്തടത്തിലൂടെ ഉള്ളിലേക്ക് അരിച്ചിറങ്ങുന്ന ആത്മാവാണെന്ന് ജോർദ്ദാനിലെ യേശുസ്നാനം ഓർമ്മിപ്പിക്കുന്നു ഒന്നാം രഹസ്യത്തിൽ... സ്നേഹം അസ്തമിച്ചുപോയ കുടുംബത്തെ കണ്ടെത്തി അമ്മ മകനെ ഉണർത്തിക്കുമ്പോൾ യേശുവിന്റെ കനിവ് കാനായിലെ കുടുംബങ്ങളിൽ സ്നേഹമായി ഒഴുകിയിറങ്ങിയത് രണ്ടാം രഹസ്യം...

ഭൂമിപോലും സ്വർഗരാജ്യത്തെ പേറേണ്ട സമയമായിയെന്നും പറുദീസ അനുഭവം ഭൂമിയിലും സംജാതമാകണമെന്നുള്ള യേശു പ്രബോധനം മൂന്നാം രഹസ്യം... പുകഴ്ച്ചയുടെ ഇടങ്ങളിൽ കൂടെയുള്ളവർ ഇകഴ്ച്ചയുടെ നാളുകളിൽ കൂട്ടംതെറ്റും. മഹത്വത്തിന്റെ ഗിരിശൃംഗങ്ങളിൽ മതിമറക്കാതെ താഴ്വരകളുടെ സ്പന്ദനങ്ങളിൽ മനമുറയ്ക്കാൻ യേശു രൂപാന്തരികരണം ഓർമ്മിപ്പിക്കുന്നു നാലാം രഹസ്യത്തിൽ... ഓർമ്മയ്ക്കായി കൊടുക്കുന്ന പൂവുകൾ വാടിപ്പോകും; ഫലങ്ങൾ ഫലരഹിതമാകും. യേശുവിന്റെ വാടാത്ത പൂവാണ്, വിസ്മരിക്കാത്ത ചങ്കാണ് കുർബാനയെന്ന് അഞ്ചാം രഹസ്യം...

ഹൃദയത്തിൽ നന്മകൾ പൂവിടുമ്പോൾ ആ പൂവിതളുകൾ ഇറുത്തെടുക്കുന്ന അനുഭവമാണ് വേദനകളെന്ന് ദുഃഖത്തിന്റെ രഹസ്യങ്ങൾ...

ദുഃഖത്തിന്റെ രഹസ്യങ്ങൾ

തീവ്രദുഃഖങ്ങൾ പങ്കുവയ്ക്കാൻ പരുവപ്പെട്ട ഇടങ്ങളാണ് പൂങ്കാവനങ്ങളാകുന്ന ദൈവാലയങ്ങളെന്ന് ഒന്നാം രഹസ്യം... ഒരു പൂവ് പൂത്തുകൊഴിഞ്ഞാൽ അത് പ്രകൃതിശാസ്ത്രമായിക്കരുതാം. വിടർന്ന പൂവിന്റെ ഇതളുകൾ തല്ലിക്കൊഴിച്ചാൽ അത് ചാട്ടകൊണ്ടുള്ള പ്രഹരമെന്ന് രണ്ടാം രഹസ്യം. കിരീടം ധരിക്കാൻ പാകപ്പെട്ട ശിരസ്സിൽ മുള്ളുകൾ ചാർത്തേണ്ടിവരുന്നത് അപമാനത്തിന്റെ പരമകോടിയാണെന്ന് മൂന്നാം രഹസ്യം.... ഒരു ഭാരവും വഹിക്കാൻ കഴിയാത്ത തളർന്ന മനസ്സും ബലഹീന ശരീരവും. എന്നിട്ടും ക്ഷീണിച്ച തോളിൽ പാപത്തിന്റെ എല്ലാ നുകവും വഹിക്കാൻ തയ്യാറാകുന്നത് നാലാം രഹസ്യം... ഭൂമിയെ കാത്തവന്റെ പാദങ്ങൾ താങ്ങാൻ ഒരംഗുലം മണ്ണുപോലുമില്ല. മുകളിലേക്ക് മുഖമുയർത്താൻ പഠിച്ചവന്റെ ശിരസ്സിനെ തൊടാൻ ഒരവകാശവും കൂട്ടുനില്ല അഞ്ചാം രഹസ്യത്തിൽ...

മഹിമയുടെ രഹസ്യങ്ങൾ

കല്ലറകൾ ജീവന്റെ അവസാനമല്ലെന്നും മരണം ജീവിതത്തിന്റെ തുടക്കമാണെന്നും ഓർമ്മിച്ചുകൊണ്ടൊരുയിർപ്പ് ഒന്നാം രഹസ്യത്തിൽ... സ്വർഗത്തേയും ഭൂമിയേയും ബന്ധിപ്പിച്ച ഗോവണി, സഹായകനെ കൂട്ടിന് നൽകിക്കൊണ്ട് കൂടെ നടന്നവരെ സാക്ഷികളാക്കി ആരോഹണം ചെയ്യുന്നത് രണ്ടാം രഹസ്യം... ബലക്ഷയങ്ങളെ ക്ഷണനേരംകൊണ്ട് ബലപ്പെടുത്തുന്ന ജീവാഗ്നിയായി ചെറുഗണത്തിന്റെ മേൽ എഴുന്നള്ളിവരുന്ന ആത്മാവ് എല്ലാം നവീകരിക്കുന്നത് മൂന്നാം രഹസ്യം... മരണത്തെ കീഴ്പ്പെടുത്തിയവനെ ലോകത്തിന് സമ്മാനിച്ചവൾ ആ ലോകത്തിന്റെ പാദങ്ങളിൽ ആയിരിക്കാൻ പാടില്ലെന്ന് ഉടയോൻ തീരുമാനിക്കുന്നത് സ്വർഗ്ഗാരോപണത്തിന്റെ നാലാം രഹസ്യമായി.... ഒരായുസ്സുമുഴുവൻ ഹൃദയത്തിൽ വാളുകൾ ഏല്പിച്ച പരുക്കുകൾകൊണ്ടുനടന്നവളെ സ്വർഗീയ വൃന്ദങ്ങൾ പുകഴിന്റെ ശിരോവസ്ത്രം ധരിക്കുന്നത് അഞ്ചാം രഹസ്യം.

ദൈവത്തിനുവേണ്ടി സ്തോത്രഗീതം പാടാൻ പരി. മറിയം തയ്യാറായപ്പോൾ സ്വർഗീയ വൃന്ദങ്ങൾ ആ അമ്മയ്ക്കായി എഴുതിയ ഖണ്ഡകാവ്യമാണ് ലൂത്തീനിയ. കുരിശിൽ തുടങ്ങി കുരിശിൽ ഒടുങ്ങേണ്ടതല്ല ജീവിതമെന്ന് സ്വർഗത്തിന് നിശ്ചയമുണ്ട്. അഹറോന്റെ പൂവിട്ട വടി... സ്വർഗ്ഗീയ മന്ന... കല്പനകളുടെ ശിലാഫലകം... ഇതൊക്കെ ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടു. പൂർണ്ണതയുടെ മൂർത്തിയായ ക്രിസ്തുവിനെ ഉദരത്തിൽ വഹിച്ചവൾക്ക് പേര് വാഗ്ദാനത്തിന്റെ പേടകമെന്ന്. ജീവിതം ലൂത്തീനിയപോലെ മഹത്വമുള്ളതാക്കാൻ ജീവന്റെ അപ്പമായവനിൽ വിശ്വസിക്കുക.... അഹറോന്റെ വടിപോലെ നിത്യം തളിരിടുക... സ്നേഹത്തിന്റെ കല്പനകൾ പാലിക്കുക... ചുരുക്കത്തിൽ ക്രിസ്തുവിനെ വഹിക്കുക ഹൃദയത്തിൽ... ശിമയോൻ ദീർഘദർശിയുടെ പ്രവചനം ഭയന്ന് കൂടാരത്തിൽ ഒതുങ്ങിയവളല്ല അമ്മ. കാലിത്തൊഴുത്തുമുതൽ കാൽവരി വരെ തന്റെ പൊന്നോമനയോടൊപ്പം ഉണ്ടായിരുന്നവൾ. ഗാഗുൽത്തായിൽ കുരിശ് നാട്ടപ്പെട്ടത് ഭൂമിയുടെ മാറ് പിളർന്നല്ല; അമ്മയുടെ പ്രാണൻ പിളർന്നായിരുന്നല്ലോ....

കാനായിൽ കലഹിച്ചവൾ കാൽവരിയിൽ മൗനിയാകുന്നുണ്ട്. ആത്മാവ് നഷ്ടപ്പെട്ട കാനായിലെ വിവാഹവീട് എന്റെയും നിങ്ങളുടെയും ശരീരങ്ങൾ തന്നെയല്ലേ? കൽഭരണികളാകുന്ന പഞ്ചേന്ദ്രിയങ്ങളിൽ ആത്മാവിനെ നിറച്ചുതരാൻ അമ്മ തിരുക്കുമാരനോടഭ്യർത്ഥിക്കുക ഓരോ ജപമണികൾ ഇരുവിടുമ്പോഴും. വിശുദ്ധ ഗ്രന്ഥത്തിൽ ഉൽപ്പത്തി മുതൽ വെളിപാടുവരെ പരിശുദ്ധ അമ്മ നിറഞ്ഞുനിൽക്കുന്നുണ്ട്. ഒരാളുടെ ജീവിതം നിറവുള്ളതാകുന്നതുതന്നെ ജനന-ജീവിത-മരണ-ഉത്ഥാനങ്ങളിൽ അണുവിട വ്യതിചലിക്കാതെ ഒപ്പമുണ്ടാകുമ്പോഴാണ്. മകന്റെ കുരിശിന്റെ മുന്നോട്ട് യാത്രയിൽ ഒരടിപോലും പിന്നോട്ടുവയ്ക്കാതെ അമ്മ മറിയം നിന്നു...

അമ്മയുടെ മടിത്തട്ട് പള്ളിക്കൂടമെങ്കിൽ ആ മടിത്തട്ടിലിരുന്നുവേണം ക്രിസ്തുവിനെ അനുഭവിച്ചറിയാൻ. ക്രിസ്തുവിന്റെ ജീവിതത്തെ സംഗ്രഹിച്ചിരിക്കുന്ന ഒരു ചെറുഗ്രന്ഥമാണ് ജപമാല. ജപമാല കൈയിലെടുക്കാനും കഴുത്തിലണിയാനും വിമുഖതയുള്ളവർ പുസ്തകം കൈയിലെടുക്കാൻ മടികാണിക്കുന്ന കുട്ടികളെപോലെയാണ്. സ്വർഗത്തെ ആവാഹിച്ചെടുക്കാൻ ശക്തിയുള്ള ഈ ക്രിസ്തുമന്ത്രങ്ങൾ സമ്മാനിച്ച അമ്മ ജീവിതവഴികളിലെന്നും ഇനി കൂട്ടാകും. അത് അണിയുകയും ജപിക്കുകയും ചെയ്യുന്നവർക്ക്. ഈ ജപമാലമണികളിലെവിടെയോ എന്റെ ജീവിതം കോർത്തിട്ടുണ്ടെന്ന് തിരിച്ചറിയുന്നവർ ഇപ്രകാരം മിഴിപൂട്ടി പ്രാർത്ഥിക്കട്ടെ - നന്മനിറഞ്ഞ മറിയമേ സ്വസ്തി...!

അല്മായ പ്രേഷിതത്വം

വിളിയും പങ്കാളിത്തവും

പ്ലാസിഡ് ഗ്രിഗറി

ആധുനികലോകം നേരിടുന്ന ധാർമിക, വിശ്വാസ ഭൗതികപരമായ നിരവധിവെല്ലുവിളികൾക്ക് പ്രത്യുത്തരം നൽകാൻ വചനാധിഷ്ഠിതപ്രേഷിത പ്രവർത്തനത്തിന്റെ ആഴവും വ്യാപ്തിയും വർധിപ്പിക്കേണ്ടത് അനിവാര്യവും അടിയന്തിരവുമായി തീർന്നിരിക്കുന്നു. ഇത് സാധ്യമാകണമെങ്കിൽ പ്രേഷിത പ്രവർത്തനങ്ങളിലേക്കുള്ള തങ്ങളുടെ വിളി തിരിച്ചറിഞ്ഞ് അല്മായരെല്ലാവരും പ്രായ, ലിംഗ, ജീവിതാവസ്ഥ വ്യത്യാസം കൂടാതെ ഭാഗഭാഗാക്കുകളാകേണ്ടതുണ്ട്.

പ്രേഷിതവിളി

മാമ്മോദീസവഴി മിശിഹായിൽ രൂപാന്തരീകരണം സംഭവിച്ച് ദൈവമക്കളായിത്തീരുകയും സ്ഥൈര്യലേപനംവഴി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ബലപ്പെടുത്തുകയും ചെയ്ത ഓരോ അല്മായനും പ്രേഷിത പ്രവർത്തനത്തിന് യേശുവിനാൽ നിയുക്തരായവരാണ്. ലോകത്ത് എല്ലായിടത്തും പോയി എല്ലാ ജനങ്ങളോടും സുവിശേഷം പ്രസംഗിക്കുവാനും വചനത്തിന് സാക്ഷ്യം നൽകുവാനും, അതായത് പ്രേഷിത പ്രവർത്തനം ചെയ്യുവാൻ, ദൈവജനം മുഴുവൻ ഒന്നാകെ വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ് പ്രവാചകധർമ്മം നമുക്ക് വ്യക്തമാക്കിത്തരുന്നത്.

ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ. 28:18-19) എന്നുതുടങ്ങി ശിഷ്യരോട് അരുളിചെയ്ത വചനങ്ങളെല്ലാം പ്രേഷിതപ്രവർത്തനത്തിന്റെ പ്രധാന സ്വഭാവം വ്യക്തമാക്കിത്തരുന്നവയാണ്. ഇതിനുപുറമെ നിങ്ങൾ ഭൂമിയുടെ ഉപ്പാകണമെന്നും ലോകത്തിന്റെ പ്രകാശമാകണമെന്നും, നിങ്ങളുടെ അത്തരം പ്രവർത്തികൾ കണ്ട് എല്ലാ മനുഷ്യരും സ്വർഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്താനാണിതെന്നും (മത്താ. 5: 13, 14, 16) തന്നിൽ വിശ്വസിക്കുന്ന ഓരോരുത്തരുടെയും ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകുമെന്നും (യോഹ. 7:37), നിങ്ങൾ ശുശ്രൂഷിക്കപ്പെടാനുള്ളവരല്ല മറിച്ച് ശുശ്രൂഷചെയ്യാനുള്ളവരാണെന്നും, അനേകരുടെ രക്ഷയ്ക്കുവേണ്ടി സ്വജീവൻ മോചനമായി നൽകുവാൻ മനസ്സുള്ളവരാകണമെന്നും (മർക്കോ. 10:45) ക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ച പാഠങ്ങൾ പ്രേഷിത പ്രവർത്തനത്തിലൂടെയുണ്ടാകേണ്ട ചില ഫലങ്ങളെ സ്പഷ്ടമാക്കിതരുന്നതിനൊപ്പം പ്രേഷിതപ്രവർത്തകനുണ്ടാകേണ്ട മനോഭാവവും അവർക്കതിലുണ്ടാകേണ്ട പ്രതിബദ്ധതയും ബോധ്യപ്പെടുത്തിത്തരുന്നു. അല്മായ പ്രേഷിത പ്രവർത്തനത്തിനുണ്ടാകേണ്ട ആഴവും വ്യാപ്തിയും എത്രമാത്രം വലുതാണെന്നാണ് ഇത് വ്യക്തമാക്കുന്നു.

അല്മായ പ്രേഷിത പ്രവർത്തനതലങ്ങളും പ്രവർത്തനങ്ങളും

അല്മായരുടെ പ്രേഷിത പ്രവർത്തനത്തിൽ വചനപ്രഘോഷണ/വചനം പങ്കുവയ്ക്കലിനോടൊപ്പം, ഒരുപക്ഷേ അതിൽ കൂടുതലായി, പ്രാധാന്യമർഹിക്കുന്നതാണ് വചനജീവിതം നയിക്കലും അതിലൂടെ വചനത്തിന് സാക്ഷ്യം നൽകലും. അല്മായരുടെ ജീവിത പ്രവർത്തനത്തിന് അനുയോജ്യമായ ഇടങ്ങൾ അവരുടെ

ജീവിതവേദികളും പ്രവർത്തനമണ്ഡലങ്ങളുമാണ്.

'ഗാർഹികസഭ' യായ കുടുംബമാണ് അല്മായ പ്രേഷിതത്വത്തിന്റെ മൂലക്കല്ല് എന്ന സഭാപ്രബോധനം അല്മായ പ്രേഷിതപ്രവർത്തനത്തിന്റെ അടിസ്ഥാനം കുടുംബങ്ങളാണെന്നും ആരംഭംകുറിക്കേണ്ടത് അവിടെനിന്നാണെന്നും വ്യക്തമാക്കുന്നു. വിവാഹകൂദാശയുടെ വലിയരഹസ്യത്തെ അംഗീകരിക്കുകയും അതിന്റെ മൂല്യത്തെ പ്രഘോഷിക്കുകയും അതിന്റെ ദൈവികമാനം പുതുതലമുറയ്ക്ക് പകർന്നുനൽകുകയും ചെയ്യൽ; ദമ്പതിമാരായവർ ജീവന്റെ സംസ്കാരം വളർത്തിയെടുക്കൽ; മാതാപിതാക്കന്മാർ മാതൃത്വത്തിന്റേയും പിതൃത്വത്തിന്റെയും മൂല്യങ്ങൾ ഊട്ടി ഉറപ്പിക്കൽ; മക്കളോട് വചനം പ്രഘോഷിക്കൽ ഒപ്പം വചനജീവിതം നയിക്കാൻ അവരെ പഠിപ്പിക്കുകയും പരിശീപ്പിക്കുകയും ചെയ്യൽ; തങ്ങളുടെ വചനാധിഷ്ഠിത മാതൃകാജീവിതത്തിലൂടെ മക്കളെ യഥാർത്ഥവിശ്വാസികളും പ്രഷിതത്വത്തിനുവേണ്ടി രൂപവൽക്കരിക്കപ്പെട്ടവരും ദൈവവിളി തെരഞ്ഞെടുക്കുന്നതിന് ഒരുക്കമുള്ളവരും ആക്കൽ; വിവാഹജീവിതത്തിന് മക്കളെ നന്നായി ഒരുക്കൽ; കുടുംബങ്ങളിലുള്ള വ്യദ്ധഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേകകരുതലും ശുശ്രൂഷയും നൽകൽ; മതബോധനത്തിന് സഹകരിക്കൽ/ സഹായിക്കൽ; പ്രതിസന്ധികളിൽ കഴിയുന്ന ദമ്പതികൾക്കും കുടുംബങ്ങൾക്കും പിന്തുണയും സേവന/ സഹായങ്ങളും നൽകൽ; അയൽപക്കത്തുള്ള ഇതര സഭ-സമുദായ കുടുംബങ്ങൾക്ക് വചന സാക്ഷ്യം നൽകുക തുടങ്ങിയവയെല്ലാം അല്മായരുടെ പ്രേഷിത പ്രവർത്തനതലങ്ങളും രീതികളുമാണ്.

ഇടവകതലത്തിൽ ഇവയോടൊപ്പം ഇതിനുപരിയായി ചെയ്യാവുന്ന മറ്റു ചില പ്രവർത്തനങ്ങളുണ്ട്. പാരിഷ്കൗൺസിൽ, ഇടവകയോഗങ്ങൾ, ശുശ്രൂഷ സമിതികൾ, ധനകാര്യ സമിതി എന്നിവയിലുള്ള ഭാഗഭാഗിത്വത്തിലൂടെ ഇടവക ഭരണത്തിലും ആത്മീയ പരിപോഷണത്തിനും വേണ്ട സംഭാവനകൾ നൽകൽ; ഇടവകയിലെ ശ്ലൈഹികവും പ്രേഷിതപരവുമായ എല്ലാ സംരംഭങ്ങളിലും സഹകരിക്കൽ; ദിവ്യബലി, ആരാധനാക്രമം, ധ്യാനം, പ്രത്യേക അവസരങ്ങളിലുള്ള വചനപ്രഘോഷണം, വചനസാക്ഷ്യം നൽകൽ എന്നിവയിൽ സജീവപങ്കാളികളാകൽ; ഭക്തസംഘടനകൾ, അല്മായ സംഘടനകൾ എന്നിവയിൽ ചേർന്നു പ്രവർത്തിക്കൽ; നീതിക്കും സമാധാനത്തിനും പൊതുനന്മയുംവേണ്ടി പ്രവർത്തിക്കുന്നവരുമായി കണ്ണിചേർന്ന് പ്രവർത്തിക്കൽ എന്നിവയൊക്കെ ഇടവകതല അല്മായ പ്രേഷിതത്വത്തിൽ ഉൾപ്പെടും.

ഫെറോന, രൂപത, കേരള റീജ്യൻ തലങ്ങളിലെ വിവിധ ശുശ്രൂഷാ സമിതികൾ, കൗൺസിലുകൾ, കമ്മീഷനുകൾ, ഭക്ത, അല്മായ സംഘടനകൾ, മറ്റ് സംവിധാനങ്ങൾ, ഘടനകൾ എന്നിവയിൽ ഓരോ അല്മായനും താന്താങ്ങളുടെ കഴിവുകൾക്കനുസരിച്ച് ചേർന്ന് പ്രവർത്തിച്ച് പ്രേഷിത പ്രവർത്തനങ്ങൾചെയ്യാം. മതസ്പർദ്ധ, അസഹിഷ്ണുത, സാമൂഹ്യതിന്മകൾ, അവകാശങ്ങളും നീതിയും നിഷേധിക്കൽ എന്നിവയ്ക്കെതിരെയുള്ള സഭയുടെ പോരാട്ടങ്ങൾ, ദരിദ്രരോടും അവശരോടും പരദേശികളോടും പക്ഷംചേരൽ, മതാന്തരസംവാദങ്ങൾ, സഭപുനഃരൈക്യ പ്രവർത്തനങ്ങൾ, രാജ്യത്തിന്റെ അഖണ്ഡതനിലനിർത്തുന്നതിനുവേണ്ടിയുള്ള സഭയുടെ പരിശ്രമങ്ങൾ; ഭരണ, വികസനരംഗത്തെ ക്രിയാത്മക ഇടപെടലുകൾ എന്നിവയെല്ലാം തന്നെ അല്മായ പ്രേഷിത പ്രവർത്തനത്തിനുള്ള ഉദാത്തതലങ്ങളും അവസരങ്ങളുമാണ്.

കുട്ടികൾ, യുവജനങ്ങൾ, ഉദ്യോഗസ്ഥർ തൊഴിലാളികൾ എന്നിവർക്കൊക്കെ തന്നെ അവരായിരിക്കുന്ന അവസ്ഥകളിലും പ്രവർത്തനതലങ്ങളിലുമൊക്കെ പ്രേഷിതരാകാം. കുട്ടികൾക്ക് അവരുടെ കൂട്ടുകാരുടെ ഇടയിൽ വചനാധിഷ്ഠിത പ്രവർത്തികളിലൂടെ പ്രേഷിതരാകാം. യുവജനങ്ങൾക്കു യുവജനങ്ങളുടെ ഇടയിൽ പ്രേഷിതരാകാം. വിവിധ തൊഴിൽ മേഖലകളിൽ വൈവിധ്യമാർന്ന ചുമതലകൾ നിറവേറ്റുന്ന ഓരോ ക്രിസ്തീയ വിശ്വാസികളും അവസരോചിതമായി ദൈവവചനം മറ്റുള്ളവരുമായി പങ്കുവച്ചും, തങ്ങളുടെ പ്രവർത്തനങ്ങളിൽ ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും, അവഗണിക്കപ്പെട്ടവർക്ക് പ്രത്യേക കരുതൽ നൽകി പരിഗണിച്ചും, പുറംതള്ളപ്പെട്ടവരെ ഉൾച്ചേർത്തും, നീതിക്കുവേണ്ടി നിലകൊണ്ടും ദൈവസ്നേഹത്തിന്റെയും പരസ്പരസ്നേഹത്തിയും അനുഭവം മറ്റുള്ളവർക്ക് പകർന്നുനൽകിയും തങ്ങളുടെ പ്രേഷിതദൗത്യം നിറവേറ്റാം.

ഇത്തരത്തിൽ തങ്ങളുടെ പ്രേഷിതദൗത്യം നിറവേറ്റണമെങ്കിൽ അല്മായരിൽ ഒരു സമൂലമാറ്റം ഉണ്ടാകേണ്ടതുണ്ട്. ഈ ദൗത്യനിർവഹണത്തിൽ പ്രേഷിത പ്രവർത്തകർ അറിഞ്ഞിരിക്കേണ്ട ചില യാഥാർത്ഥ്യങ്ങളും അവർക്കുണ്ടാകേണ്ട ചില സവിശേഷതകളെയും കുറിച്ച് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നതിലെ പ്രസക്തമായ ചിലഭാഗങ്ങൾ ഇവയാണ്. 'ഓരോ ക്രൈസ്തവന്റെയും മുന്നിലുള്ള ഒരു വലിയ വെല്ലുവിളിയാണ് പ്രേഷിതനാകുക എന്നത്. 'പ്രേഷിതന് ആടിന്റെ മണമുണ്ടാകണം.' ക്രിസ്തുവിലുള്ള ആനന്ദമായിരിക്കണം പ്രേഷിതന്റെ മുഖമുദ്ര. പ്രേഷിത പ്രവർത്തനത്തിലേക്ക് കടന്നുവരാൻ ഉദ്ദേശിക്കുന്ന ഓരോ വ്യക്തിയും വളരെയേറെ ഒരുക്കത്തോടും പ്രതിബദ്ധതയോടും സ്വയം മാറ്റത്തിന് വിധേയരാകാനുള്ള മനസ്സോടും കൂടിവേണം കടന്നുവരേണ്ടതെന്നാണ് ഇവിടെ പാപ്പ വ്യക്തമാക്കിയിരിക്കുന്നത്. ■

ഓരോ അല്മായനും പ്രേഷിത പ്രവർത്തനത്തിന് യേശുവിനാൽ നിയുക്തരായവരാണ്. ലോകത്ത് എല്ലായിടത്തും പോയി എല്ലാ ജനങ്ങളോടും സുവിശേഷം പ്രസംഗിക്കുവാനും വചനത്തിന് സാക്ഷ്യം നൽകുവാനും, അതായത് പ്രേഷിത പ്രവർത്തനം ചെയ്യുവാൻ, ദൈവജനം മുഴുവൻ ഒന്നാകെ വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ് പ്രവാചകധർമ്മം നമുക്ക് വ്യക്തമാക്കിത്തരുന്നത്.

അപ്പസ്തോലൻ ഉത്ഥിതസാക്ഷി

ഡോ. ജോഷി മയ്യാറ്റിൽ

എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരുടെ നെടുവീർപ്പോടെയുള്ള ഏറ്റുപറച്ചിലിൽ അതു വ്യക്തമാണല്ലോ: "ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ഇതൊക്കെ സംഭവിച്ചിട്ട് ഇതു മൂന്നാം ദിവസമാണ് " (ലൂക്കാ 24,21). ക്രിസ്തുവെന്നു തങ്ങൾ തിരിച്ചറിഞ്ഞവന്റെ പിന്നാലെ എല്ലാമുപേക്ഷിച്ച് മൂന്നുവർഷങ്ങൾ നടന്ന ശിഷ്യർക്ക് യേശുവിന്റെ ദാരുണമരണം എത്രമാത്രം നിരാശാജനകമായിരുന്നിരിക്കണം! യേശുവിന്റെ പരസ്യജീവിതകാലത്ത് അവിടത്തെ പ്രബോധനങ്ങൾ ശ്രവിക്കാൻ തടിച്ചുകൂടിയ ജനക്കൂട്ടത്തിലും അവിടന്നിൽനിന്ന് രോഗശാന്തിയും മാനസാന്തരവും പാപമോചനവും ഏറ്റുവാങ്ങിയവരിലും അവിടത്തെ സൗഹൃദം സമ്പാദിച്ചിരുന്ന അനേകരിലും ക്രൂശുമരണം ഉളവാക്കിയ ശൂന്യത വിവരിക്കാവുന്നതിലുമപ്പുറമാണ്. ആദിമസഭ അഭിമുഖീകരിച്ച ഏറ്റവും വലിയ പ്രതിസന്ധി യേശുവിന്റെ മരണവും സംസ്കാരവുമായിരുന്നു. അതിനാൽത്തന്നെ അവിടത്തെ ഉത്ഥാനവാർത്ത അവർക്കു സമ്മാനിച്ച ആനന്ദവും ആശ്വാസവും അത്യധികമായിരുന്നു. സ്വാഭാവികമായും, ആദിമസഭയുടെ ആദ്യപ്രഘോഷണം "കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റിരിക്കുന്നു" എന്നതായിരുന്നു (ലൂക്കാ 24,34).

എ.ഡി. 54-57-ൽത്തന്നെ ഇങ്ങനെ കുറിക്കാൻ വി. പൗലോസപ്പസ്തോലനു കഴിഞ്ഞു: "എനിക്കു ലഭിച്ചതു സർവപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏല്പിച്ചു തന്നു. വിശുദ്ധലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാം നാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു" (1കോറി 15,3.4). ഏതാണ്ട് 20 വർഷംകൊണ്ടുതന്നെ പരമ്പരാഗതമായി കൈമാറിക്കിട്ടിയത് എന്നു വിശേഷിപ്പിക്കാൻതക്കവിധം വിശ്വാസീസമൂഹത്തിൽ ഉത്ഥാനവിശ്വാസം ആഴപ്പെട്ടുകഴിഞ്ഞിരുന്നു എന്നർത്ഥം.

ആരാണ് അപ്പസ്തോലൻ?

തന്റെ രണ്ടാം ഗ്രന്ഥത്തിൽ ആദിമസഭാജീവിതത്തിന്റെ രേഖാചിത്രം ഏറെ തെളിച്ചത്തോടെ വരച്ചിടുന്ന വി. ലൂക്കാ അതിന്റെ ഒന്നാം അധ്യായത്തിൽത്തന്നെ അപ്പസ്തോലന്മാരുടെ മുഖ്യറോൾ 'ഉത്ഥിതസാക്ഷികൾ' എന്നതാണെന്നു വ്യക്തമാക്കുന്നുണ്ട്. യേശുവിന്റെ 12 അപ്പസ്തോലന്മാരിൽ യൂദാസിന്റെ സ്ഥാനത്ത് ഒരാളെ പകരംവയ്ക്കാനുള്ള പത്രോസിന്റെ നിർദേശം അപ്പസ്തോലസംബന്ധിയായ ഈ നിർവചനത്തിലേക്കാണ് അനുവാചകരെ നയിക്കുന്നത്. "കർത്താവായ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം" (അപ്പ 1,21) എന്നു പത്രോസ് പ്രഖ്യാപിക്കുമ്പോൾ അപ്പസ്തോലിക സ്ഥാനത്തിന്റെ തനിമയും മുഖ്യദൗത്യവുമാണ് വെളിച്ചത്തുവരുന്നത്. "...യേശുവിനെ ദൈവം ഉയർപ്പിച്ചു. ഞങ്ങളെല്ലാവരും അതിന് സാക്ഷികളാണ്" (2,32) എന്നും "ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചു. അതിന് ഞങ്ങൾ സാക്ഷികളാണ്" (3,15) എന്നും പത്രോസ് പ്രസംഗിക്കുമ്പോൾ വ്യക്തമാകുന്നതും ഈ അപ്പസ്തോലിക ധർമ്മമാണ് (cf. 5,30-32). വിജാതീയരായ കൊർണേലിയോസിനോടും കുടുംബത്തോടും "ദൈവം അവനെ മൂന്നാം ദിവസം ഉയർപ്പിക്കുകയും പ്രത്യക്ഷനാക്കുകയും ചെയ്തു. എല്ലാവർക്കുമല്ല, സാക്ഷികളായി ദൈവം മുൻകൂട്ടി തിരഞ്ഞെടുത്ത ഞങ്ങൾക്കുമാത്രം. അവൻ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റതിന് ശേഷം, അവനോടു കൂടെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്തവരാണ് ഞങ്ങൾ" എന്നു പത്രോസ് പ്രഘോഷിച്ചപ്പോൾ (10,40.41) അപ്പസ്തോലികതയുടെ ഉത്ഥിതസാക്ഷ്യധർമ്മം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആരെങ്കിലും പറഞ്ഞുകേട്ടതിന്റെ വെളിച്ചമോ ഒഴിഞ്ഞ കല്ലറയുടെ സ്വന്തംകാഴ്ചയോ അതിന്റെ വ്യാഖ്യാനമോ അല്ല പത്രോസിന്റെ ഉത്ഥിതപ്രഘോഷണങ്ങൾ. അവയിലുടനീളം ഉത്ഥിതനുമായുള്ള വ്യക്തിപരമായ ഒരനുഭവത്തിന്റെ ഊഷ്മളതയും തീക്ഷ്ണതയും പ്രകടമാണ്.

പൗലോസിന്റെ വാദം

ഉത്ഥിതനെ കണ്ടതാണ് തന്റെ അപ്പസ്തോലികതയുടെ തെളിവെന്ന് അവകാശപ്പെടുന്ന പൗലോസിനെ 1 കോറി 9:1-ൽ നാം ശ്രവിക്കുന്നു: "ഞാൻ അപ്പോസ്തലനല്ലേ? ഞാൻ നമ്മുടെ കർത്താവായ യേശുവിനെ കണ്ടിട്ടില്ലേ?" തന്റെ മാനസാന്തരം ഉത്ഥിതനുമായുള്ള കണ്ടുമുട്ടലിന്റെ ഫലമാണെന്നാണല്ലോ അദ്ദേഹം നിരന്തരം അവകാശപ്പെട്ടിരുന്നത് (1 കോറി 15,8; ഗലാ 1,12.16; cf. അപ്പ

9,1-9; 22,4-16; 26,9-18). അപ്പസ്തോലൻ ഉത്ഥിതന്റെ സാക്ഷി എന്ന നിർവചനത്തിന് അടിവരയിടുന്ന ഒരു വിപരീത പ്രയോഗം പൗലോസിന്റേതായുണ്ട് - 'കപടസാക്ഷ്യം'. "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മാത്രമല്ല, ഞങ്ങൾ ദൈവത്തിനുവേണ്ടി കപടസാക്ഷ്യം വഹിക്കുന്നവരായിത്തീരുന്നു. എന്തെന്നാൽ, ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചു എന്നു ഞങ്ങൾ സാക്ഷ്യപ്പെടുത്തി" (1 കോറി 15,14.15).

ആദ്യം കണ്ടതാര്?

മഗ്ദലേന മറിയത്തിനാണ് ഉത്ഥിതനായ കർത്താവിനെ 'ആദ്യം' ദർശിക്കാൻ കഴിഞ്ഞതെന്ന് വി. മർക്കോസ് അസന്നിഗ്ദമായി പ്രസ്താവിക്കുന്നു (മർക്കോ 16,9). വി. യോഹന്നാനും സമാനവിവരണമാണ് നല്കുന്നത് (യോഹ 20,14-18). വി. മത്തായിയാകട്ടെ, മഗ്ദലേന മറിയത്തോടൊപ്പം യാക്കോബിന്റെയും ജോസഫിന്റെയും അമ്മയായ മറിയത്തെയും ചേർക്കുന്നു (മത്താ 28,9.10). വി. ലൂക്കായുടെ സുവിശേഷം എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്കുണ്ടായ ഉത്ഥിതദർശനം ദീർഘമായി വിവരിക്കുന്നു (ലൂക്കാ 24,13-33; cf. മർക്കോ 16,12). ബാക്കിയുള്ള ദർശനവിവരണങ്ങളുടെയെല്ലാം ഉൾക്കാമ്പ് ശിഷ്യർക്കു പൊതുവായി ലഭിച്ച ഉത്ഥിതപ്രത്യക്ഷങ്ങളാണ് (മത്താ 28,16-20; മർക്കോ 16,14-18; ലൂക്കാ 24,36-50; യോഹ 20,19-23; 26-29; 21,4-22).

എന്നാൽ, "കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു; ശിമയോനു പ്രത്യക്ഷപ്പെട്ടു" എന്ന് വി. ലൂക്കാസുവിശേഷകനും (24,34) "അവൻ കേപ്പായ്ക്കും പിന്നീടു പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി" എന്ന് വി. പൗലോസും (1 കോറി 15,5) രേഖപ്പെടുത്തിയിരിക്കുന്നു. ഇതുസംബന്ധിയായി ബൈബിൾപഠിതാക്കൾക്കിടയിൽ ഉയർന്നുവന്നിട്ടുള്ള വാദഗതികളിൽ ഏതാനും ചിലത് ഇവിടെ ചേർക്കുന്നു: 1) ഉത്ഥിതന്റെ ആദ്യ സാക്ഷി എന്നതിനെക്കാൾ ആദ്യത്തെ 'ഔദ്യോഗിക' സാക്ഷിയോ 'കാര്യപ്രാപ്തിയുള്ള' സാക്ഷിയോ ആണ് പത്രോസ് എന്നു ചിലർ കരുതുന്നു. 2) ഉത്ഥിതനെ ആദ്യമായി ദർശിച്ചത് പത്രോസാണ് എന്ന ആദിമസഭയുടെ വസ്തുതാപരമായ പ്രാചീനപാരമ്പര്യം പില്ക്കാലത്ത് പത്രോസിന്റെ വിശാലമായ കാഴ്ചപ്പാടിനോടു (ഗലാ 2,12; അപ്പ 11,12) വിയോജിപ്പുണ്ടായിരുന്ന പലസ്തീനിയൻ യഹൂദക്രൈസ്തവർ നിശ്ശബ്ദമാക്കിയിട്ടുണ്ടാകാമെന്നാണ് അഡോൾഫ് ഫൊൺ ഹർണാക്കും ജൊവാക്കിം ജെറമിയാസും കരുതുന്നത്. 3) സുപ്രധാനമായ ഉത്ഥാനയാഥാർത്ഥ്യത്തിന് ഒരു സാക്ഷിമാത്രം പോരാ (നിയ 19,15) എന്നതിനാലാണ് പത്രോസിന്റെ ഉത്ഥിതദർശനത്തിനു ബദലായി മറ്റു ദർശനവിവരണങ്ങൾക്കും സ്ഥാനംലഭിച്ചതെന്നാണ് ഒ. കുൾമാന്റെ അഭിപ്രായം. 4) സഭയിൽ കാലക്രമേണ ശക്തിപ്പെട്ടുവന്ന പ്രാദേശികനേതാക്കളുടെ പ്രാധാന്യവും ദൈവശാസ്ത്രപരവും ഭൂമിശാസ്ത്രപരവുമായ പ്രശ്നങ്ങളും പ്രത്യക്ഷങ്ങളുടെ പ്രാധാന്യം കാലക്രമേണ കുറഞ്ഞുവന്നതുമായി മറ്റനേകം കാരണങ്ങൾ എഫ്. ഗിൽസ് മുന്നോട്ടുവയ്ക്കുന്നു.

ചരിത്രത്തെ മറികടന്ന ദൈവശാസ്ത്രം

കേപ്പായുടെ ഉത്ഥിതദർശനമെന്ന സമസ്യ വിശദീകരിക്കാനുള്ള ഇത്തരം ശ്രമങ്ങളെല്ലാം ഈ വിഷയത്തിലേക്ക് ഏറെ വെളിച്ചം വീശുന്നുണ്ടെങ്കിലും സുവിശേഷകന്മാർ ഇതരവ്യക്തികളുടെ, പ്രത്യേകിച്ച് മഗ്ദലേനമറിയത്തിന്റെ ഉത്ഥിതദർശനവിവരണത്തിനു നല്കിയിട്ടുള്ള പ്രാധാന്യവും അതിനായി നീക്കിവച്ചിട്ടുള്ള ഇടവും ലൂക്കായും പൗലോസും കേപ്പായുടെ ദർശനത്തിനു നല്കിയിട്ടുള്ള നാമമാത്രമായ പരാമർശവും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെടാതെ പോകില്ല.

സഭയെക്കുറിച്ചുള്ള ബോധ്യങ്ങളിൽ പരിശുദ്ധാത്മാവു നല്കിയ ക്രമാനുഗതമായ വളർച്ചയാണ് ഉത്ഥിതനെ കണ്ടവരെക്കുറിച്ചുള്ള പരാമർശങ്ങളിലുണ്ടായ വൈവിധ്യങ്ങൾക്കു നിദാനം എന്നു ഞാൻ വിചാരിക്കുന്നു. കേപ്പയ്ക്കുണ്ടായതായി രണ്ടുപേർ പരാമർശിക്കുന്ന ഉത്ഥിതന്റെ വ്യക്തിപരമായ ദർശനം സഭാദൈവശാസ്ത്രത്തിന്റെ സൃഷ്ടിയാണ്. അപ്പസ്തോലന്മാർ ഉത്ഥിതന്റെ സാക്ഷികളാണ് എന്ന ദൈവശാസ്ത്രാവബോധം സഭയിൽ വളർന്നതോടുകൂടി ഉത്ഥിതനെ ആദ്യം ദർശിക്കേണ്ടത് ഒന്നാമനായ പത്രോസുതന്നെയാണ് എന്ന ന്യായമായ നിർബന്ധം സഭയിൽ ഉണ്ടായിട്ടുണ്ടാകണം. അപ്പസ്തോലന്മാർ ഉത്ഥാനസാക്ഷികളാണെങ്കിൽ അവരിൽ പ്രമുഖൻ ആദ്യത്തെ ഉത്ഥാനസാക്ഷിയാകുന്നത് തികച്ചും ഉചിതമാണല്ലോ. ചുരുക്കിപ്പറഞ്ഞാൽ, ചരിത്രത്തെ കവച്ചുവയ്ക്കുന്ന ദൈവശാസ്ത്രത്തിനാണ് ഉത്ഥാനവിവരണങ്ങൾ സാക്ഷ്യം വഹിക്കുന്നത്.

മെത്രാൻ ഉത്ഥിതസാക്ഷിയെങ്കിൽ...

ഉത്ഥിതകേന്ദ്രീകൃതമാണ് സഭ എന്ന സത്യത്തിനു സമാന്തരമാണ് അപ്പസ്തോലൻ ഉത്ഥിതന്റെ സാക്ഷിയാണ് എന്ന സത്യവും. ഈ പഠനം നമ്മെ നയിക്കുന്നത് യേശുവിന്റെ ഉത്ഥാനസാക്ഷിയാണ് മെത്രാൻ എന്ന തികഞ്ഞ ബോധ്യത്തിലേക്കാണ്. ഒരു വിശ്വാസീസമൂഹത്തിന്റെ അപ്പസ്തോലൻ ഉത്ഥാനസാക്ഷിയെങ്കിൽ രൂപത ഉത്ഥാനപ്രഭയിൽ കുളിച്ചുനില്ക്കും. ഉത്ഥാനകേന്ദ്രീകൃതമായ ഒരു വിശ്വാസജീവിതം വിശ്വാസികൾക്കു സാധ്യമാകും. ഞായറാഴ്ചകൾ ആഴ്ചയിലെ ഈസ്റ്റർദിനങ്ങളാകും. ആരാധനക്രമങ്ങളും പ്രാർത്ഥനാവേളകളും ഉത്ഥിതനെ സ്വജീവിതത്തിന്റെ നടുമുറ്റത്തു കണ്ടെത്തുന്ന ആനന്ദവേളകളായിത്തീരും. ■

പുതിയ ഇടവകാംഗത്വം

കഴിഞ്ഞ ഒരു വർഷത്തിലേറെയായി ഞാനും എന്റെ കുടുംബവും പുതുക്കുറിച്ചി ഫെറോനയിലെ ഇടവക അതിർത്തിക്കുള്ളിലെ ഒരു വീട്ടിൽ താമസിക്കുന്നു. നിലവിൽ ഞങ്ങൾ പൂല്ലുവിള ഫെറോനയിൽപ്പെട്ട അംഗങ്ങളാണ്. ഞങ്ങൾ ഇപ്പോൾ താമസിക്കുന്ന സ്ഥലത്തെ പള്ളിയിലാണ് ഞായറാഴ്ചകളിൽ ദിവ്യബലിയിൽ പങ്കെടുക്കാൻ പോകുന്നത്. ഇവിടത്തെ സ്ഥിരതാമസക്കാർ എന്ന നിലയിൽ താമസസ്ഥലത്തെ ഇടവകയിൽ അംഗത്വം നേടാൻ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?

കത്തോലിക്ക സഭയിൽ വിശ്വാസികൾക്ക് അജപാലനപരമായ കാരണത്താൽ അംഗത്വം ഒരു ഇടവകയിൽ നിന്നും മറ്റൊരു ഇടവകയിലേക്ക് മാറ്റാനുള്ള അവകാശം കാനോൻ നിയമം നല്കുന്നുണ്ട്. അതനുസരിച്ച്, ഒരു ഇടവകയുടെയോ രൂപതയുടെയോ അതിർത്തിക്കുള്ളിൽ സ്ഥിരമായോ താത്ക്കാലികമായോ താമസിക്കുന്നതിന്റെ അടിസ്ഥാനത്തിലും എപ്പോഴും യാത്ര ചെയ്തുകൊണ്ടിരിക്കുന്നവരുടെ കാര്യത്തിൽ, അതിനനുസരിച്ചും കത്തോലിക്കാ വിശ്വാസികളുടെ അംഗത്വത്തെക്കുറിച്ച് ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 100-107 ഉം, പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 911-917 ഉം വ്യക്തമാക്കുന്നുണ്ട്. അതനുസരിച്ച് കത്തോലിക്ക വിശ്വാസികൾക്ക് ഒരു ഇടവകയിൽനിന്നും മറ്റൊരു ഇടവകയിലേക്കോ ഒരു രൂപതയിൽനിന്നും മറ്റൊരു രൂപതയിലേക്കോ മാറുന്നതിന് നിയമ തടസ്സമില്ല. CCI 102 § 1, CCEO 912 § 1 പ്രകാരം സ്ഥിരതാമസ ലക്ഷ്യത്തോടെ ഒരു ഇടവക/രൂപതയിൽ താമസം തുടങ്ങുന്ന വ്യക്തിക്ക്/കുടുംബത്തിന് സ്ഥിരാംഗത്വം ലഭിക്കുന്നതാണ്.

സഭാനിയമം അനുസരിച്ച് ഒരു വ്യക്തി കത്തോലിക്ക വിശ്വാസിയാകുന്നത് ഇനി പറയുന്ന രണ്ടിൽ ഏതെങ്കിലും ഒരു മാർഗ്ഗത്തിലൂടെയാണ്. (1) കത്തോലിക്ക സഭയിലെ മാമ്മോദീസയിലൂടെ; (2) അകത്തോലിക്ക ക്രൈസ്തവ സഭയിലോ സമൂഹത്തിലോപ്പെട്ട വ്യക്തിയെ കത്തോലിക്കാ സഭയിലേയ്ക്ക് സ്വീകരിക്കുന്നതിലൂടെ. കത്തോലിക്ക വിശ്വാസിയായ വ്യക്തി കത്തോലിക്ക വിശ്വാസം, തന്റെ പ്രവൃത്തിയിലൂടെ ഉപേക്ഷിച്ചിട്ടില്ലാത്ത അവസ്ഥയും തുടരേണ്ടതാണ്.

ഇനി താങ്കൾ താമസിക്കുന്ന സ്ഥലത്തെ ഇടവകയിൽ ചേരാൻ ചെയ്യേണ്ട കാര്യങ്ങൾ:

1. താങ്കളും കുടുംബവും, സ്വന്തമായുള്ള വീട്ടിൽ സ്ഥിരതാമസക്കാരാണെന്നും ആ ഇടവകയിൽ അംഗത്വമെടുക്കാൻ ആഗ്രഹിക്കുന്നുവെന്നും താമസ സ്ഥലത്തെ ഇടവക വികാരിയെ അറിയിക്കുക. ആവശ്യമെങ്കിൽ ഇടവക വികാരിയെ കാണാൻ പോകുമ്പോൾ താങ്കൾ ഇപ്പോൾ താമസിക്കുന്ന വീടിനു പരിസരത്തുള്ളവരും ആ ഇടവകയിലെ അംഗങ്ങളുമായിട്ടുള്ള ആരെയെങ്കിലും (ബി.സി.സി. യൂണിറ്റ് ഭാരവാഹികളാണെങ്കിൽ കൂടുതൽ നന്ന്) കൂടെ കൂട്ടുക.

2. ഇടവക വികാരിയുടെ നിർദ്ദേശമനുസരിച്ച്, താങ്കൾക്കും കുടുംബത്തിനും അംഗത്വമുള്ള ഇടവക വികാരിയിൽനിന്നും ഇടവക ട്രാൻസ്ഫർ ലറ്ററും താങ്കളുടെയും കുടുംബാംഗങ്ങളുടെയും മാമ്മോദീസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് തുടങ്ങിയവയും വാങ്ങി ഇപ്പോൾ താമസിക്കുന്ന സ്ഥലത്തെ ഇടവക വികാരിക്ക് കൈമാറുക.

ഇവ ചെയ്യുന്നതോടെ താങ്കളുടെയും കുടുംബത്തിന്റെയും ഇടവക മാറ്റം പൂർത്തിയാകും. ■

familycorner

ഫാ. എ.ആർ.ജോൺ
കുടുംബശുശ്രൂഷാ ഡയറക്ടർ

കുടുംബജീവിതം സന്തോഷകരമാകാൻ

1. കുമ്പസാരക്കൂട്: എന്തും തുറന്നുപറയുന്നിടം, ആരെയും നാണിപ്പിക്കാറില്ല, കൊച്ചാക്കാറില്ല, എല്ലാം കേൾക്കും അവസാനം വരെ, ഒടുവിൽ ഇങ്ങനെ ഒരു വാക്ക്, സമാധാനത്തോടെ പൊയ്ക്കൊള്ളുക. ആലയത്തിലെ ഈ കുമ്പസാരക്കൂട് യഥാർത്ഥമാകേണ്ടിടമാണ് കുടുംബം.

2. കണ്ണും കൈയും: കൈയ്ക്ക് ഒരു ക്ഷതമേറ്റാൽ ആദ്യം ഈറനണിയുന്നത് കണ്ണാണ്. കണ്ണിന് ഒരു പൊടി വീണാൽ ആദ്യം സഹായത്തിനെത്തുന്നത് കൈയാണ്. ദമ്പതികൾ കൈയും കണ്ണുമായാൽ ആനന്ദകരമാകും കുടുംബജീവിതം. പരസ്പരം ആശ്രയിച്ചും സഹായിച്ചും സാന്ത്വനം നൽകിയും...

3. മാലാഖമാരല്ല ദമ്പതികൾ. കുറ്റവും കുറവുമില്ലാത്ത മാലാഖയല്ല നിങ്ങളുടെ ഇണയെന്ന് എപ്പോഴും ഓർമവേണമെന്ന് ഫ്രാൻസിസ് പാപ്പ ദമ്പതികളെ ഓർമ്മിപ്പിക്കുന്നു. കുറവുകളുള്ളവരാണ്. അതെ, സ്നേഹം പൂർണ്ണമാകുന്നത് സ്നേഹിക്കുന്നവരുടെ കുറവുകളെ കൂടെ സ്നേഹിക്കുമ്പോഴാണ്.

4. രണ്ടല്ല ഒന്നാണ്: സ്നേഹവും സഹനവും ക്ഷമയുമാണ് ദാമ്പത്യജീവിതത്തിന്റെ സന്തോഷരഹസ്യം. പങ്കുവയ്ക്കലിൽ ഒന്നാകുന്നതാണ് ദാമ്പത്യം. അപ്പോൾ അവർ രണ്ടല്ല, ഒറ്റശരീരമായിത്തീരും.

5. ഞങ്ങളിൽ വലിയവൻ ആര്? ഇത് അത്ര ഭേദപ്പെട്ട ചോദ്യമല്ല. ദമ്പതികൾ തമ്മിൽ മത്സരിക്കുക, ശത്രുക്കളെപ്പോലെ പെരുമാറുക, സംശയവും അസൂയയും വച്ചുപുലർത്തുക അതുവഴി ദാമ്പത്യകലഹത്തിലേക്കും തെറ്റിദ്ധാരണയിലേക്കും വഴുതിവീഴുക? സ്നേഹത്തിന്റെ കളിക്കളത്തിൽ തോൽക്കുന്നവരാണ് വിജയിച്ചവർ.

6. ആലയബോധം: ശരീരം ഒരാലയമാണ്. വീട് ഒരു ദൈവാലയവും. വീട് സഭയിൽ ഒരേ ഒരു വികാരമാണ് വേണ്ടത്, കാരുണ്യം. പ്രാർത്ഥനകൊണ്ടും കരുതലും കാവലും മധുരഭാഷണവും വഴി വീട് ഒരു കരുണാലയമാകണം.

7. സാന്നിധ്യം: ഭാര്യയും ഭർത്താവും മക്കളും ചേർന്ന് തിരുകുടുംബമാകണമെങ്കിൽ പരസ്പരം സാന്നിധ്യംകൊണ്ട് സന്തോഷം നൽകണം. ആരും ആരെയും ഗൗനിക്കാതെ ഒന്നിനും സമയമില്ലാതെ വിഭ്രാന്തിയിൽ ആയിരിക്കുന്ന ലോകത്ത് നിറസാന്നിധ്യം വലിയ ആശ്വാസവും കരുത്തും നൽകും. പരസ്പരം കരുതലോടെ കേൾക്കാൻ കൂട്ടാക്കുക. പാപ്പ പറയുന്നപോലെ, ചെവിയുടെ അപ്പോസ്തലരാകുക.

8. സ്നേഹപ്രകടനം: ഉള്ളിലൊതുക്കിയാൽ അർത്ഥം നഷ്ടമാകുന്ന യാഥാർത്ഥ്യമാണ് സ്നേഹം. അത് പ്രകടിപ്പിക്കാനുള്ളതാണ്. സ്പർശനത്തിലൂടെ, പ്രോത്സാഹനത്തിലൂടെ നർമ്മത്തിലൂടെ... പ്രകടിപ്പിക്കാത്ത സ്നേഹം ചവറ്റുകുട്ടയിലെ പവിഴം പോലെയാണ്.

9. മൂന്ന് കാര്യങ്ങൾ: ദാമ്പത്യജീവിതം സന്തോഷകരമാക്കാൻ പ്രാവർത്തികമാകേണ്ട മൂന്നുകാര്യങ്ങൾ മാർപാപ്പ ദമ്പതികൾക്കായി നൽകുന്നു. ഒന്ന്, എനിക്ക് തെറ്റുപറ്റി എന്ന് ഏറ്റുപറയുക. രണ്ട് നന്ദി പ്രകടിപ്പിച്ചുകൊണ്ടിരിക്കുക. മൂന്ന് ക്ഷമ ചോദിക്കുക.

10. കാര്യസ്ഥനാകുക: വരവനുസരിച്ച് ചെലവ്. അപ്രതീക്ഷിത പ്രതിസന്ധികൾ നേരിടാൻ രോഗങ്ങൾ, ഭാവി, ഭവനം എന്നിവയ്ക്കായി ഒരു കരുതൽ നിധി ഉണ്ടാക്കുക. സാമ്പത്തിക ഭദ്രതയില്ലെങ്കിൽ സ്നേഹവും കൂട്ടായ്മയും അടുക്കളവാതിലിലൂടെ പുറത്തുപോകും.

സ്വർഗ്ഗം പോലെ സുന്ദരമാണ് കുടുംബജീവിതം; ജീവിക്കേണ്ടതുപോലെ ജീവിച്ചാൽ. ■

അഗസ്റ്റിൻ കണിപ്പിള്ളി

നിങ്ങൾ സർവ്വാംഗം ശുദ്ധിയുള്ളവരായിരിക്കുവിൻ

കേരള ലത്തീൻ കത്തോലിക്കാസഭ നവസുവിശേഷവൽക്കരണത്തിന്റെ പാതയിലാണ്. ആത്മീയ കാര്യങ്ങളിൽ, സഭാപങ്കാളിത്തങ്ങളിൽ ക്രിസ്തുസാക്ഷ്യത്തിന് ഉതകുംവിധം വിശ്വാസജീവിതത്തെ നവീകരിക്കുക എന്നതാണ് ലക്ഷ്യം. ഈ ലക്ഷ്യങ്ങളോടെ മൂന്നുവർഷം മുൻപ് ആരംഭിച്ച മുന്നൊരുക്ക പ്രവർത്തനങ്ങളുടെ സമാപനമാണ് ഒക്ടോബറിൽ നടക്കുന്ന മിഷൻ കോൺഗ്രസ് - ബിസിസി സംഗമം. ചുരുക്കത്തിൽ സഭാംഗങ്ങളായ അല്മായരുടെ ഭൗതികവും ആത്മീയവുമായ ജീവിതപരിവർത്തനത്തിന്റെ, നവജീവിതക്രമത്തിന്റെ സവിശേഷ തുടക്കമാണ് വല്ലാർപാടം മിഷൻ കോൺഗ്രസ് വിഭാവനം ചെയ്യുന്നത്.

സഭാപ്രവർത്തനങ്ങളിൽ അല്മായ പങ്കാളിത്തം ഉയർത്തുകയും സഭ കൂട്ടായ്മയെ ആദിമക്രൈസ്തവ സമൂഹങ്ങളുടെ മാതൃകകളിലേക്ക് പരിവർത്തനം ചെയ്യുകയും ചെയ്യുക എന്നതാണ് ഈ മുന്നൊരുക്കങ്ങളുടെയും ആഘോഷങ്ങളുടെയും അന്തസത്ത. എന്നാൽ ആയതിന് തക്കവിധം അല്മായർ ഒരുങ്ങിയിട്ടുണ്ടോ എന്നൊരു ആത്മപരിശോധന ഇവിടെ അനിവാര്യമാണ്. ആത്മീയവും ഭരണപരവുമായ കാര്യങ്ങളിൽ മേൽപ്പറഞ്ഞ തയ്യാറെടുപ്പുകൾ ഒരു പരിധിവരെയെങ്കിലും പൂർത്തിയായിട്ടുണ്ട്. അതേസമയം സഭയുടെ ചെറുപതുപ്പുകളായ കുടുംബവും കുടുംബാംഗങ്ങളും ഭൗതികമായി എത്രമാത്രം ഈ പ്രക്രിയകളോട് പൊരുത്തപ്പെട്ടിട്ടുണ്ടെന്നതിനെക്കുറിച്ച് സംശയമുണ്ട്. കേരള ലത്തീൻ സഭ മുന്നോട്ടുവയ്ക്കുന്ന നവപ്രേഷിത പ്രവർത്തനങ്ങൾ അതിന്റെ ആദ്യന്തിക ലക്ഷ്യത്തിലെത്തണമെങ്കിൽ ഓരോ വിശ്വാസിയുടെയും ആത്മീയ ജീവിതത്തിലെന്നപോലെ ഭൗതികജീവിതത്തിലും മാറ്റം ഉണ്ടാകണം. സംതൃപ്തവും ശക്തവുമായ കുടുംബമാണ് സഭയുടെ ശക്തി. ഭൗതികമായി നല്ല ജീവിതം നയിക്കുന്നവർക്കേ, ആത്മീയമായും മാതൃകാപരമായ ജീവിതം നയിക്കാനാവൂ. ആത്മീയതയും ഭൗതികതയും വിശ്വാസജീവിതത്തിന്റെ ഇരുവശങ്ങളാണ്.

ഇവിടെ തീരദേശമേഖലയിലെ ഒരു തൊഴിലാളി കുടുംബത്തിന്റെ കഥ കേൾക്കാം...

മത്സ്യബന്ധനത്തിന് പോകുന്ന അച്ഛൻ. മീൻ വിൽപ്പനക്കാരിയായ അമ്മ. വിവാഹിതരായി മാറിത്താമസിക്കുന്ന ഉദ്യോഗസ്ഥരായ രണ്ട് ആൺമക്കൾ. അവിവാഹിതയും രോഗിയുമായ മകൾ. മത്സ്യബന്ധനത്തിലൂടെ കിട്ടുന്ന പണം മദ്യപാനത്തിന് തികയാത്തതിനാൽ, മീൻ വിറ്റുവരുന്ന ഭാര്യയിൽ നിന്നും ആവശ്യമുള്ള പണം പിടിച്ചു വാങ്ങുന്നതാണ് പിതാവിന്റെ പതിവ്. ആ ഏർപ്പാട് പലപ്പോഴും നാട്ടുകാരുടെ ഇടപെടലിലാവും അവസാനിക്കുക. "എണീറ്റുനിൽക്കാൻ ത്രാണിയില്ലാത്ത എന്നെ ഇങ്ങനെ ദ്രോഹിക്കുന്നതിന് ദൈവം നിങ്ങളെ ശിക്ഷിക്കുമെന്ന്" സ്വയംശപിച്ച് ആത്മനിർവൃതികൊള്ളുന്ന അമ്മ. ഇതെല്ലാം നിസ്സഹായതയോടെ നോക്കി കണ്ണീരൊഴുക്കുന്ന മകൾ. അച്ഛനും അമ്മയും തോന്നിയതുപോലെ ജീവിക്കട്ടെ, ഞങ്ങൾ ഇടപെടുന്നില്ലെന്ന് ഉദ്യോഗസ്ഥരായ മക്കൾ. എല്ലാവരും ആത്മീയ കാര്യങ്ങളിൽ തൽപ്പരരും.

ഉദ്യോഗസ്ഥരായ മക്കൾ ഇടവക ഭരണത്തിൽ പങ്കാളികളും. ഈ കുടുംബത്തിന്റെ ഭൗതികജീവിതത്തിലെ പൊരുത്തക്കേട് ആത്മീയ ജീവിത്തിന് സഹായകമാകുമോ? ഇല്ലെന്നു തന്നെ പറയട്ടെ. മദ്യപിച്ചുബഹളമുണ്ടാക്കി കുടുംബാന്തരീക്ഷത്തെ അസ്വസ്ഥപ്പെടുത്തുന്ന അച്ഛനും, മറ്റാരുടെയും ജീവിതത്തിൽ ഞാൻ ഇടപെടില്ലെന്ന നിശ്ചയത്തോടെ മീൻചരുവം ചുമന്നുനടക്കുന്ന അമ്മയും ദൈവമല്ലാതെ മറ്റൊരു ആശ്രയമില്ലെന്ന ചിന്തയിൽ ജീവിതം അനിശ്ചിതത്വത്തിലായ മകളും തൻകാര്യം മാത്രം നോക്കുന്ന ആൺമക്കളും ഇവരുടെ ആത്മീയ ജീവിതത്തിൽ എവിടെ എപ്പോഴാണ് പരിവർത്തനം ഉണ്ടാകുന്നത്. വൃദ്ധരായ മാതാപിതാക്കളെയും രോഗിയായ സഹോദരിയെയും സംരക്ഷിക്കാൻ തയ്യാറാകുമ്പോഴല്ലേ ആൺമക്കളുടെ ആത്മീയ-ഭൗതിക ജീവിതങ്ങൾ മേന്മയുള്ളതാകുന്നത്. മദ്യപാനം നിർത്തി വൃദ്ധയായ ഭാര്യയ്ക്ക് തണലാകുമ്പോഴല്ലേ അച്ഛന്റെ ജീവിതം ധന്യമാകുന്നത്. മീൻചരുവം ഉപേക്ഷിച്ച് ഭർത്താവിനും മകൾക്കുമൊപ്പം ആൺമക്കളുടെ സംരക്ഷണയിൽ കഴിയുമ്പോഴല്ലേ അമ്മയുടെ ജീവിതം തിളക്കമുള്ളതാകുന്നത്.

ഇവിടെ നാം ഒരുകാര്യം ഓർക്കണം. കുടുംബജീവിതം അസ്വസ്ഥമെങ്കിൽ ആത്മീയജീവിതം സ്വസ്ഥമാകില്ല. അതു വെറും പ്രഹസനം മാത്രമാകും. കാരണം പ്രാർത്ഥനയിൽ ദൈവത്തോടുസംസാരിക്കുന്നതിനുപകരം തന്റെ അസ്വസ്ഥതകളോർത്ത് നെടുവീർപ്പിടാനേ ഓരോരുത്തർക്കും കഴിയൂ. വൃദ്ധമാതാപിതാക്കളെ ഉപേക്ഷിച്ച് എത്ര നല്ല ജീവിതം നയിച്ചാലും അതിനോട് ദൈവം പൊരുത്തപ്പെടുമെന്ന് കരുതാനാവില്ല. ഇവിടെയാണ് ഭൗതികജീവിതത്തിലും നവീകരണം ആവശ്യമാണെന്ന് പറയുന്നത്. മേൽപ്പറഞ്ഞ കഥ വെറും ഉദാഹരണം മാത്രം. ഇതിലും മോശമായ ജീവിതാന്തരീക്ഷമുള്ള കുടുംബങ്ങൾ നമ്മുടെ ചുറ്റും ധാരാളം കാണാം. നമ്മുടെ നാട്ടിൽ മീൻനിറച്ച ചരുവവും ചുമന്ന് വീടിന്റെ പിന്നാമ്പുറങ്ങൾ നിരങ്ങി ജീവിക്കുന്ന വൃദ്ധരായ എത്രയോ അമ്മ ജീവിതങ്ങൾ, മാർക്കറ്റുകളിൽ പാതിരാവാവോളം മത്സ്യക്കച്ചവടം നടത്തുന്ന സ്ത്രീജനങ്ങൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി കുടുംബാംഗങ്ങളെയും ദ്രോഹിക്കുന്നവർ, മാതാപിതാക്കളെ ഉപേക്ഷിച്ച് തൻകാര്യം മാത്രം നോക്കി പോകുന്ന മക്കൾ, നിസാരകാര്യങ്ങളിൽ പോലും അകന്നുകഴിയുന്ന ഭാര്യാഭർത്താക്കന്മാർ ഇങ്ങനെയുള്ളിടങ്ങളിൽ എന്ത് നവസുവിശേഷവൽക്കരണമാണ് നടക്കുക.

പ്രിയ സഹോദരങ്ങളെ, നമ്മുടെ നാട്ടിലെ സ്ത്രീജനങ്ങളുടെ തലയിൽ നിന്നും എന്നെന്നേക്കുമായി മീൻനിറച്ച ചരുവം ഇറക്കിവയ്ക്കാത്തിടത്തോളംകാലം വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം മക്കൾ ഏറ്റെടുക്കാത്തിടത്തോളംകാലം മദ്യവും മയക്കുമരുന്നും ദൈനംദിന ജീവിതത്തിൽനിന്ന് മാറ്റിനിർത്താത്തിടത്തോളം നമ്മുടെ ജീവിത്തിൽ മാറ്റമുണ്ടാകാൻ പോകുന്നില്ല. മത്സ്യത്തൊഴിലാളി സ്ത്രീകൾ മീൻചരുവം ചുമക്കണമെന്നത് നിയമമല്ല. അതിനെ ഒരു കുലത്തൊഴിലായി കണ്ട് നിലനിറുത്തേണ്ട ഉത്തരവാദിത്വം നമുക്കില്ല. നമ്മുടെ അമ്മമാർ മീൻ ചരുവം ചുമന്നില്ലെങ്കിൽ കേരളം മീൻകിട്ടാതെ വലയില്ല. നമ്മുടെ സ്ത്രീജനങ്ങളെ, അമ്മമാരെ നമുക്ക് സംരക്ഷിക്കാം. അവർ വീടിന്റെ, കുടുംബത്തിന്റെ വിളക്കായി പ്രശോഭിക്കട്ടെ. മറ്റ് തൊഴിൽ മേഖലകളിലേക്ക് അവരെ തിരിച്ചുവിടാം. സ്ത്രീ അവൾ മകളാണ്, സഹോദരിയാണ്, ഭാര്യയാണ്, അമ്മയാണ്. ഇവരെ മാനിക്കാത്തിടത്തോളം കാലം ഒരു സമൂഹവും പുരോഗമിക്കാൻ പോകുന്നില്ല. ഓരോരുത്തരുടെയും ജീവിതത്തിൽ വർണ-വർഗ-സമ്പന്ന-ദാരിദ്ര്യ വ്യത്യാസമില്ലാതെ കടന്നുകൂടിയിട്ടുള്ള അപാകതകളെ തുടച്ചുനീക്കാതെ ആത്മീയ ജീവിതം നവീകരിക്കപ്പെടില്ല. ക്രിസ്തീയ ജീവിതത്തിന്റെ ആണിക്കല്ലായി ദൈവം നൽകിയ പത്തുപ്രമാണങ്ങളിൽ ഒട്ടുമിക്കതും ഭൗതികതയിൽ ഊന്നിയുള്ളതാണ്. അതുവഴി ദൈവം നമ്മോട് ആവശ്യപ്പെടുന്നത് ജീവിതത്തിൽ ദൈവപ്രമാണങ്ങൾ പാലിച്ച് ദൈവമക്കളായി തീരണമെന്നാണ്. ദൈവപ്രമാണങ്ങളുടെ പാലനമാണ് ഒരുവനെ ക്രിസ്തുവിന്റെ അനുയായി ആക്കുന്നത്. വ്യക്തി നന്നായാൽ കുടുംബവും, കുടുംബം നന്നായാൽ സമൂഹവും, ഇടവകയും, രൂപതയും നന്നാവും. ഈ തിരിച്ചറിവിൽ നമ്മുടെ ഭൗതികജീവിതം പ്രേഷിതവൽക്കരിക്കപ്പെടട്ടെ. ■

ഏതൊരു തൊഴിലിനും അതിന്റേതായ മഹത്വമുണ്ട്. എന്നാൽ ആ തൊഴിൽ ചെയ്യാൻ പ്രാപ്തനായിരിക്കണം അതിൽ ഏർപ്പെടുന്ന തൊഴിലാളിയെന്നുമാത്രം. പ്രാപ്തിയും ആരോഗ്യവും ഇല്ലാത്ത വൃദ്ധജനങ്ങളെ ചൂഷണം ചെയ്ത് ആരോഗ്യമുള്ള യുവതലമുറ കാലക്ഷേപം നടത്തുന്നത് അംഗീകരിക്കാനാവില്ല.

വാർത്തകൾ

സെൻട്രൽ കൗൺസിൽ വാർഷികം ആഘോഷിച്ചു

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ 45-ാം വാർഷിക സമ്മേളനം സെന്റ് ജോസഫ് മെട്രോ പൊലിറ്റൻ കത്തീഡ്രൽ ഹാളിൽ തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. "നിങ്ങൾ പാവങ്ങളുടെ പക്കലേക്ക് പോകുക'' എന്ന സൊസൈറ്റി സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ വാക്ക് മനസ്സിലേറ്റി ജാതിമതഭേദമന്യേ സമൂഹത്തിൽ ജീവിക്കുന്ന നിരാലംബരെ സഹായിക്കാൻ മുന്നിട്ടിറങ്ങുന്ന വിൻസന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളുടെ പ്രവർത്തനം പ്രശംസനീയമാണെന്ന് ബിഷപ്പ് പറഞ്ഞു.

സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ.സഖറിയാസ് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഡി.ഫ്രാൻസിസ് ചന്ദ്രൻ, ബേബി തെക്കൻ, കെആർസിസി സെക്രട്ടറി ബിനു കുര്യാക്കോസ്, ഫാ. റിച്ചാർഡ് ഡിക്രൂസ്, സിസ്റ്റർ ആൽബർട്ട എന്നിവർ പ്രസംഗിച്ചു.

ഓണം വിപണനമേള നടത്തി

പാളയം സെന്റ് സേവ്യേഴ്സ് കമ്യൂട്ടർ സെന്റർ പരിസരത്ത് വച്ച് മൂന്ന് ദിവസം നീണ്ടുനിന്ന ഓണം വിപണനമേള സാമൂഹ്യശുശ്രൂഷാ സമിതി ഡയറക്ടർ, ഫാ. ലെനിൻ രാജ് ഉദ്ഘാടനം ചെയ്തു. നാടൻ പച്ചക്കറികൾ ആക്ടിവിറ്റി ഗ്രൂപ്പുകൾ ഉണ്ടാക്കിയ വിവിധയിനം അച്ചാറുകൾ, പലഹാരങ്ങൾ വിവിധയിനം പായസം, ചിപ്സ്, ധാന്യപ്പൊടികൾ, ഉപ്പേരി, കറി പൗഡർ എന്നിവ മേളയുടെ പ്രത്യേകതകൾ ആയിരുന്നു. രൂപത എസ്.എച്ച്.ജി കോഡിനേറ്റർ നേതൃത്വം നൽകി.

കേരളസന്ദർശനത്തിനെത്തിയ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ജാംബത്തിസ്ത ഡി കാത്രോയെ പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ ദേവാലയാങ്കണത്തിൽ സ്വീകരിച്ചപ്പോൾ. ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. ആർ.ക്രിസ്തുദാസ്, കത്തീഡ്രൽ വികാരി ഡോ. ജോർജ്ജ് ഗോമസ് തുടങ്ങിയവരെയും കാണാം.

കുടുംബ നവീകരണം സഭയുടെ ലക്ഷ്യം: ആർച്ച്ബിഷപ്പ് ഡോ. എം.സൂസപാക്യം

തിരുവനന്തപുരം: കുടുംബങ്ങളെ കേന്ദ്രീകരിച്ചുള്ള ആത്മീയ നവീകരണമാണ് സഭ ലക്ഷ്യമിടുന്നതെന്ന് ആർച്ച്ബിഷപ് ഡോ. എം. സൂസപാക്യം. കാത്തലിക് പ്രീസ്റ്റ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ (CPCI) ത്രിദിന ദേശീയ സെമിനാർ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുടുംബത്തെയും വ്യക്തികളെയും അവരുടെ ആചാരങ്ങളെയും സങ്കീർണ്ണ പ്രശ്നങ്ങളെയും മനസിലാക്കുവാൻ സഭയ്ക്ക് കഴിയണം. 25 വർഷം മുമ്പ് രൂപതയിൽ ആരംഭിച്ച അടിസ്ഥാന ക്രൈസ്തവ സമൂഹം കുടുംബകേന്ദ്രീകൃത കൂട്ടായ്മയായി മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നല്ല കുടുംബ ബന്ധങ്ങൾ വളർത്തിയെടുക്കാനും കുടുംബജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കുവാനും തിരുവനന്തപുരം അതിരൂപതാ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഹോം മിഷൻ നല്ല മാതൃകയാണെന്ന് ആർച്ച്ബിഷപ് പറഞ്ഞു.

കാത്തലിക് പ്രീസ്റ്റ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് ഫാ. എക്സ്. ഡി. സെൽവരാജ് അധ്യക്ഷനായിരുന്നു. ഫാ. ലോറൻസ് കുലാസ് സ്വാഗതവും ഫാ. ഫിലിപ്പ് കട്ടക്കയം നന്ദിയും പറഞ്ഞു. ഫ്രാൻസിസ് പാപ്പയുടെ "സ്നേഹത്തിന്റെ ആനന്ദം" എന്ന അപ്പസ്തോലിക ലേഖനം ആസ്പദമാക്കി കുടുംബങ്ങളുടെ അനുധാവനം എന്ന മൂന്നു ദിവസത്തെ ദേശീയ സെമിനാറിന്റെ മുഖ്യ ചർച്ചാവിഷയം ഫാ. ഡി. അൽഫോൺസ് അവതരിപ്പിച്ചു. തുടർന്നുള്ള പാനൽ ചർച്ചയിൽ ഫാ. നിക്കോളാസ്, സിസ്റ്റർ സുനിത, ശ്രീമതി ജെർളിൽ, ശ്രീ. നിക്സൺ, ശ്രീ. വിപിൻ എന്നിവർ പങ്കെടുത്തു.

കാത്തലിക് പ്രീസ്റ്റ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ ത്രിദിന ദേശീയ സെമിനാർ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു

എസ്. എച്ച്. ജി പരിശീലനം

തിരുവനന്തപുരം: പാളയം, പുല്ലുവിള ഫെറോനകളിൽ തയ്യൽ പരിശീലനവും, പുതുക്കുറിച്ചി, കോവളം ഫെറോനകളിൽ ബ്യൂട്ടീഷൻ കോഴ്സ് പരിശീലനവും നടത്തി. ഒരു മാസം നീണ്ടുനിന്ന പരിശീലന ക്ലാസ്സുകളുടെ സമാപന സമ്മേളനത്തിൽ ഫെറോന വൈദീക കോർഡിനേറ്റേഴ്സ്, ഫാ. തോമസ്, ഫാ. വിശാൽ, സാമൂഹ്യശുശ്രൂഷ സമിതി ഡയറക്ടർ, ഫാ. ലെനിൻ രാജ്, അസിസ്റ്റന്റ് ഡയറക്ടർ, ഫാ. ഡോണി എന്നിവർ സർട്ടിഫിക്കറ്റ് വിതരണം നടത്തി. പ്രസ്തുത പരിശീലനങ്ങൾക്ക് രൂപത എസ്.എച്ച്.ജി കോർഡിനേറ്റർ നേതൃത്വം നൽകി.

മോറൽ സയൻസ് സെമിനാർ നടത്തി

തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപത കോ-ഓപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിലെ മോറൽ സയൻസ് അദ്ധ്യാപകർക്കായി അർധദിന സെമിനാർ സംഘടിപ്പിച്ചു.

ചൈൽഡ് വെൽഫയർ തിരുവനന്തപുരം യൂണിറ്റ് ചെയർമാൻ ഫാ. ജോയി ജെയിംസ് കുട്ടികളുടെ അവകാശങ്ങൾ, കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ, ലൈംഗിക അതിക്രമങ്ങൾ, അധ്യാപകർ സ്വീകരിക്കേണ്ട നിലപാടുകൾ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ശാന്തപ്പൻ, ബീന.സി.ആർ, റീജ എന്നിവർ പ്രസംഗിച്ചു.

അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിനുകീഴിലുള്ള സ്കൂളുകളിലെ മോറൽ സയൻസ് അധ്യാപകർക്കായി നടത്തിയ സെമിനാറിൽ ഫാ. ജോയി ജെയിംസ് ക്ലാസ് നയിക്കുന്നു.

കൊച്ചുതോപ്പ് ഫാത്തിമ മാതാ ഇടവകയിൽ അതിരൂപതാ ബിസിസി കമ്മിഷന്റെ ആഭിമുഖ്യത്തിൽ നടന്ന ഹോം മിഷൻ സഹായ മെത്രാൻ ഡോ. ആർ. ക്രിസ്തുദാസ് കത്തിച്ച മെഴുകുതിരി കൈമാറി ഉദ്ഘാടനം ചെയ്യുന്നു. ബിസിസി എക്സിക്യൂട്ടീവ് സെക്രട്ടറി ഡോ. മൈക്കിൾ തോമസ് ഇടവക വികാരി ഫാ. ജോയി സി.മാത്യു എന്നിവർ സമീപം.

സർക്കാരിന്റെ കുറ് മദ്യലോബിയോട്: ആർച്ച്ബിഷപ് ഡോ. എം. സുസപാക്യം

തിരുവനന്തപുരം: സർക്കാരിന്റെ കുറ് മദ്യലോബികളോടാണോ ജനങ്ങളോടാണോയെന്നു വ്യക്തമാക്കണമെന്ന് കെസിബിസി അധ്യക്ഷനും തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച്ബിഷപ്പുമായ ഡോ.എം. സുസപാക്യം.

വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരിഷ് ഹാളിൽ ജനദ്രോഹ മദ്യനയത്തിനെതിരായ സമര പ്രഖ്യാപന കൺവൻഷനിൽ ആമുഖ സന്ദേശം നൽകുകയായിരുന്നു ആർച്ച്ബിഷപ്.

എന്തും ചെയ്യാമെന്ന തന്റേടത്തോടെ ദേവാലയങ്ങളുടേയും വിദ്യാലയങ്ങളുടേയും അമ്പതുമീറ്റർ അകലത്തിൽ മദ്യശാല സ്ഥാപിക്കാനുള്ള നിയമ ഭേദഗതി വരുത്തിയിരിക്കുകയാണ്. ചിലപ്പോഴൊക്കെ ചിലരെ കബളിപ്പിക്കാനാകും. എന്നാൽ എല്ലാരേയും എപ്പോഴും കബളിപ്പിക്കാനാകില്ലെന്നും നിസംഗരായി സർക്കാരിനെ പിന്തുണയ്ക്കുന്നവർക്ക് വേദനയോടെ പിന്നീട് തിരിച്ചറിവുണ്ടാകുമെന്നും ആർച്ച്ബിഷപ് പറഞ്ഞു. കൺവെൻഷൻ കവയത്രി സുഗതകുമാരി ഉദ്ഘാടനം ചെയ്തു. കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് അനുഗ്രഹം പ്രഭാഷണം നടത്തി. ചടങ്ങിൽ അധ്യക്ഷത വഹിച്ച പാളയം ഇമാം വി.എച്ച്. സുഹൈദ് മൗലവി അധ്യക്ഷനായിരുന്നു. ഗാന്ധി സ്മാരക നിധി സെക്രട്ടറി പി. ഗോപിനാഥൻ നായർ, കടയ്ക്കൽ അബ്ദുൾ അസീസ് മൗലവി, തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, സ്വാമി അശ്വതി തിരുനാൾ, എംഎൽഎമാരായ വി.പി. സജീന്ദ്രൻ, ഐ.സി. ബാലകൃഷ്ണൻ എന്നിവരും പി. രാമഭദ്രൻ, ടി.കെ. അനിയൻ, ഫാ. ജേക്കബ് വെള്ളമരുതുങ്കം, അഡ്വ.വി.എസ്. ഹരീന്ദ്രനാഥ്, ഫാ.തോമസ് കൈത്തോട്ടം. റവ. തോമസ്.പി. ജോർജ് തുടങ്ങിയവരും പ്രസംഗിച്ചു. കെപിസിസി മുൻ പ്രസിഡന്റ് വി.എം. സുധീരൻ സ്വാഗതവും തിരുവനന്തപുരം ലത്തീൻ അതിരൂപത വികാരി ജനറാൾ മോൺ. യൂജിൻ പെരേര നന്ദിയും പറഞ്ഞു.

ടിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് പാളയത്തുവച്ചുനടന്ന ക്യാൻസർ ബോധവൽക്കരണ സെമിനാറിൽ രോഗികൾക്കുള്ള ധനസഹായം കത്തീഡ്രൽ വികാരി ഡോ. ജോർജ്ജ് ഗോമസ് വിതരണം ചെയ്യുന്നു

'ഒരുമാസം ഒരു വാസം'

തിരുവനന്തപുരം: പ്ലാമൂട് സാന്താമരിയ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഭവനരഹിതരായ പാവപ്പെട്ട കുടുംബങ്ങൾക്ക് ഭവനം സ്വന്തമാക്കാൻ സഹായിക്കുന്ന ഒരു മാസം ഒരു വാസം ഭവനപദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ഉദ്ഘാടനം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്.ആർ നിർവ്വഹിച്ചു. കോവളം ഫൊറോനാ വികാരി ഫാ. ജസ്റ്റിൻജൂഡിൻ സന്നിഹിതനായിരുന്നു. സഹായിക്കാൻ സന്മനസ്സുള്ളവരെ കണ്ടെത്തി എല്ലാമാസം നാലുലക്ഷം രൂപ വീതം സമാഹരിച്ച് ഭവന രഹിതർക്ക് മാസംതോറും ഓരോ ഭവനം നിർമ്മിച്ചു നൽകുകയെന്നതാണ് പദ്ധതി. പ്ലാമൂട് സാന്താമരിയ കോൺവെന്റിൽ ഫാ. ജസ്റ്റിൻ ജൂഡിന്റെ നേതൃത്വത്തിൽ ചേരുന്ന സാന്താമരിയ കൂട്ടായ്മയാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

ഒരുമാസം ഒരുവാസം ഭവനപദ്ധതിയുടെ ഉദ്ഘാടനം ബിഷപ്പ് ഡോ. ആർ.ക്രിസ്തുദാസ് നിർവഹിക്കുന്നു

ഭവനം ഒരു സമ്മാനം: ഭവനത്തിന്റെ കല്ലിടൽ കർമ്മം നിർവ്വഹിച്ചു

തിരുവനന്തപുരം: ലത്തീൻ അതിരൂപതയിലെ ഭവന രഹിതരായ 6000 ത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഭവനം ഒരു സമ്മാനം പദ്ധതി സേവ് എ ഫാമിലി പദ്ധതിയുടെ പങ്കാളിത്തത്തോടെ ഒരു ഭവനത്തിന്റെ കല്ലിടൽ കർമ്മം പാളയം ഫെറോനാ വികാരി ഫാ. ജോർജ്ജ് ഗോമസ്, മലമുകൾ ഇടവകയിൽ നിർവഹിച്ചു.

വികാരി ഫാ. ലെനിൻ രാജ്, നോഡൽ ഓഫീസർ ക്ലെമന്റ് റോസാരിയോ, ഇടവക പ്രതിനിധികൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഈ പദ്ധതി പ്രകാരം ഇതിനോടകം 40 ഭവനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകി കഴിഞ്ഞു.

ഭവനം ഒരുസമ്മാന പദ്ധതിയനുസരിച്ച് മലമുകൾ ഇടവകയിൽ നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടൽ ഡോ. ജോർജ് ഗോമസ് നിർവഹിക്കുന്നു

മിഷൻ കോൺഗ്രസ് ബിസിസി കൺവെൻഷൻ തിരുവനന്തപുരം അതിരൂതാ പ്രതിനിധി സംഗമം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു

ഓണം വിപണനമേള സംഘടിപ്പിച്ചു

വിഴിഞ്ഞം: സ്വയം സഹായസംഘങ്ങളുടെ സമഗ്ര വികസനം ലക്ഷ്യംവച്ച് വിഴിഞ്ഞം ഇടവകയിൽ പ്രവർത്തിക്കുന്ന 118 സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് കാർഷിക-ഭക്ഷ്യ-കരകൗശല വിപണനമേള സംഘടിപ്പിച്ചു. വിഴിഞ്ഞം സെന്റ് മേരീസ് ദേവാലയ പരിസരത്ത് രണ്ട് ദിവസങ്ങളിലായി നടന്ന വിപണനമേള സിസ്റ്റർ ജോൽസന ഉദ്ഘാടനം ചെയ്തു. ഫെറോനാ കോ-ഓർഡിനേറ്റർ ഫാ. വിഷാൽ പങ്കെടുത്തു. ഭക്ഷ്യമേളയും, പേപ്പർ ബാഗുകളുടെ പ്രദർശനവും വിൽപ്പനയും മേളയുടെ പ്രത്യേകതകളായിരുന്നു.

ജുവനൈസ് 2K17 : പ്രഥമഫുട്ബോൾ ടൂർണമെന്റ്

തിരുവനന്തപുരം: ലാറ്റിൻ കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ പ്രഥമ സംസ്ഥാനതല ഫുട്ബോൾ ടൂർണമെന്റിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത ടീം ചാമ്പ്യന്മാരായി. കൊച്ചുതോപ്പ് ഇടവകാംഗങ്ങളായ ജിനു ഔസേപ്പിനെ ടൂർണമെന്റിലെ മികച്ച ഗോളിയായും ഷരണിനെ മികച്ച കളിക്കാരനായും തെരഞ്ഞെടുത്തു. KRLCC സംസ്ഥാന പ്രസിഡന്റ് ഷാജി ജോർജ്ജ് സമ്മാനദാനം നിർവ്വഹിച്ചു.

ഇതര സംസ്ഥാന തൊഴിലാളികളുടെ കൂടിവരവും മെഡിക്കൽ ക്യാമ്പും

തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപത സാമൂഹ്യ ശുശ്രൂഷയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രവാസി കമ്മീഷന്റെ ആഭിമുഖ്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തി തൊഴിൽ ചെയ്യുന്നവരുടെ കൂട്ടായ്മയും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. ജൂബിലി ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ക്ലീറ്റസ്, സിസ്റ്റർ സുജാത, റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ്, സിസ്റ്റർ ജനറ്റസ് തുടങ്ങിയവർ പ്രസംഗിച്ചു.

ഇതരസംസ്ഥാന തൊഴിലാളികളുടെ കൂടിവരവിൽ പങ്കെടുത്തവർ റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജിനോടൊപ്പം

എൽസിവൈഎം പ്രഥമ സംസ്ഥാനതല ഫുട്ബോൾ മത്സരത്തിൽ വിജയികളായ തിരുവനന്തപുരം ടീമംഗങ്ങൾ ഫാ. പോൾ സണ്ണിയോടൊപ്പം

ഇന്ത്യയിൽ നടക്കുന്ന അണ്ടർ 17 വേൾഡ് കപ്പ് ഫുട്ബോൾ റഫറീ അസിസ്റ്റന്റ് ആയി തെരഞ്ഞെടുക്കപ്പെട്ട ഫാ. ജോയി സി.മാത്യു. ഇദ്ദേഹം കൊച്ചു തോപ്പ് മാത്തിമമാതാ ഇടവക വികാരിയാണ്.

ട്രെയിനിംഗ് ക്യാമ്പ് സംഘടിപ്പിച്ചു

തിരുവനന്തപുരം: ടിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം അതിരൂപതയിലെ വിവിധ ഇടവകകളിൽ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനാ പ്രവർത്തകരുടെ സംഗമവും പരിശീലന ക്ലാസും നടന്നു. സംഗമം വികാരി ജനറൽ മോൺ യൂജിൻ എച്ച്.പെരേര ഉദ്ഘാടനം ചെയ്തു. പ്ലാസിഡ് ഗ്രിഗറി വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. എട്ട് ഫൊറോനകളിൽ നിന്ന് 160 സന്നദ്ധപ്രവർത്തകർ സംഗമത്തിൽ പങ്കെടുത്തു.

വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ചുനടന്ന കെസിഎസ്എൽ ക്യാമ്പിന്റെ ഉദ്ഘാടനം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്.ആർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു

ഹെൽത്ത് വോളന്റിയേഴ്സ് ട്രെയിനിംഗ് ക്യാമ്പിൽ പ്ലാസിഡ് ഗ്രിഗറി ക്ലാസ് നയിക്കുന്നു

ഒക്ടോബറിൽ വല്ലാർപാടത്തുവച്ചുനടക്കുന്ന മിഷൻകോൺഗ്രസ് ബിസിസി സംഗമത്തിന് മുന്നോടിയായി നടന്ന കോവളം ഫൊറോനാ സംഗമത്തിൽ കുടുംബശുശ്രൂഷാ സമിതി ഡയറക്ടർ ഫാ. എ. ആർ. ജോൺ ക്ലാസിന് നേതൃത്വം നൽകുന്നു

സ്മരണാഞ്ജലി

36-ാം ചരമവാർഷികം

ആർ. ജെ. ലില്ലിക്കുട്ടി
പുതിയതുറ

4-ാം ചരമവാർഷികം

ജെസയ്യൻ
പുതിയതുറ

4-ാം ചരമവാർഷികം

കൊച്ചുത്രേസ്യ
മാർത്താണ്ഡംതുറ

കെഎൽസിഎ തിരുവനന്തപുരം അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ മറൈൻ ആൻഡ് കോസ്റ്റൽ റഗുലേഷൻ ആക്ടിനെക്കുറിച്ച് നടത്തിയ പഠന ശിബിരം ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു. ഫാ. ഫ്രാൻസിസ് സേവ്യർ, ആന്റണി ആൽബർട്ട്, ഷാജി ജോർജ് തുടങ്ങിയവർ സമീപം

തിരുവനന്തപുരം അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ലിറ്റിൽ ഫ്ളവർ ഫുട്ബോൾ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലാഡർ കപ്പ് 2017 ടൂർണമെന്റിൽ വിജയികളായ എസ്എംആർസി കൊല്ലങ്കോട് ടീമംഗങ്ങൾ അക്കാദമി ഭാരവാഹികളോടൊപ്പം

കണിയാപുരം സെന്റ് വിൻസെന്റ് സ്കൂളിന് ട്രോഫി

തിരുവനന്തപുരം: തിരുവനന്തപുരം നെയ്യാറ്റിൻകര രൂപതകളിലെ ഹൈസ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച ചാർലറ്റമ്മ മെമ്മോറിയൽ ഇന്റർ സ്കൂൾ ഐ.ടി ക്വിസ് 'നെബുല 2017' മത്സരത്തിൽ ആതിഥേയരായ കണിയാപുരം സെന്റ് വിൻസെന്റ് ഹൈസ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പൂന്തുറ സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ, ഉണ്ടൻകോട് സെന്റ് ജോൺസ് എച്ച്.എസ്.എസ് എന്നീ സ്കൂളുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.

വിജയികൾക്ക് കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ വി. ശശി ട്രോഫിയും ക്യാഷ് അവാർഡും വിതരണം ചെയ്തു. പിടിഎ പ്രസിഡന്റ് ആശാമോൾ അധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവനന്തപുരം അതിരൂപതാ വികാരി ജനറൽ മോൺ യൂജിൻ എച്ച്. പെരേര മുഖ്യപ്രഭാഷണം നടത്തി. രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ശാന്തപ്പൻ, ഫാ. ജോസഫ് അനിൽ, ഹെഡ്മാസ്റ്റർ ഇഗ്നേഷ്യസ് തോമസ്, സതീശൻ നായർ, ഡോ. ന്യൂമാൻ, സച്ചിൻ മാനുവൽ തുടങ്ങിയവർ പ്രസംഗിച്ചു. ഐ.ടി.സ്കൂൾ സ്റ്റേറ്റ് ഓഫീസർ സജു ക്വിസിന് നേതൃത്വം നൽകി.

നെബുല 2017 ഐടി ക്വിസ് മത്സരത്തിൽ വിജയികളായ കണിയാപുരം സെന്റ് വിൻസെന്റ് സ്കൂളിന് ഡെപ്യൂട്ടി സ്പീക്കർ വി. ശശി സമ്മാനിക്കുന്നു

സ്മരണാഞ്ജലി

28-ാം ചരമവാർഷികം

ജെറമിയാസ്
പുതിയതുറ

21-ാം ചരമവാർഷികം

ക്രിസ്റ്റീന സെലസ്റ്റീന
പുതിയതുറ

13-ാം ചരമവാർഷികം

ലീയർ ഡിക്രൂസ്
(സെൻട്രൽ എക്സൈസ്, കണ്ണാന്തുറ

33-ാം ചരമവാർഷികം

റൈമത്തൂസ്
(വൈസ് പ്രസിഡന്റ്, കൊല്ലങ്കോട്)

അല്മായ വേദി

ആർക്കാഞ്ചലോ.എം
അല്മായ ശുശ്രൂഷാ ഡയറക്ടർ

ഇത് അല്മായ യുഗം

'ഇത് അല്മായ യുഗമാണ്' എന്നു പറഞ്ഞാൽ ചിലരുടെയെങ്കിലും മനസ്സിൽ ചോദ്യങ്ങൾ ഉയരുന്നുണ്ടാവാം. എന്നാൽ മൂന്നാം സഹസ്രാബ്ദം അല്മായ യുഗമായിരിക്കുമെന്നു പറഞ്ഞത് അല്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റ് കർദ്ദിനാൾ ഫ്രാൻസീസ് സ്റ്റാഫ് നറാണ് 1996ൽ ഇരുപത്തിഒന്നാം നൂറ്റാണ്ടിനെ 'അല്മായ യുഗം'എന്നു വിശേഷിപ്പിച്ചത്. ഇതുമൂലം, ശുശ്രൂഷാ പൗരോഹിത്യത്തിന്റെയൊ സമർപ്പിത ജീവിതത്തിന്റെയൊ പ്രാധാന്യത്തിന് ഇടിവ് സംഭവിക്കാൻ പോകുന്നു എന്നല്ല അർത്ഥമെന്നും കർദ്ദിനാൾ കൂട്ടിച്ചേർത്തു. അല്മായ യുഗമെന്നാൽ അല്മായർക്ക് സജീവമായ പങ്കാളിത്തമുള്ള സഭ എന്നുതന്നെയാണ് വിവക്ഷിക്കുന്നത്.

രണ്ടു വർഷത്തിനുശേഷം, 1998 ൽ നടന്ന ഏഷ്യൻ സിനഡ് മൂന്നാം സഹസ്രാബ്ദത്തെ തന്നെ അല്മായ യുഗം എന്നു വിശേഷിപ്പിച്ചു. എന്താണ് മെത്രാന്മാർ ഇങ്ങനെ ഒരു വിശേഷണം നൽകിയതിന് കാരണം? അല്മായ പങ്കാളിത്തത്തിന്റെയും ശക്തീകരണത്തിന്റെയും അടയാളങ്ങൾ സഭയിൽ ദൃശ്യമാക്കി പരിശുദ്ധാത്മാവ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി സിനഡ് കണ്ടു.

ഏഷ്യൻ സിനഡിൽ മുഴങ്ങിക്കേട്ടതാണ് 'അല്മായരിൽ നിക്ഷേപിക്കുക'. എന്ന ആഹ്വാനം എന്താണ് ഇതിന്റെ അർത്ഥം? കാനോൻ നിയമസംഹിതയിൽ പറയുന്ന കാര്യങ്ങൾ നോക്കുക. യോഗ്യതയുള്ള അല്മായർ സഭാപരമായ ഉദ്യോഗങ്ങളും ശുശ്രൂഷകളും ഏറ്റെടുക്കാൻ അർഹതയുള്ളവരാണ് (കാനോൻ 228). അവർ സഭാപരമായ സർവ്വകലാശാലകളിലും മറ്റും പഠിക്കുവാനും പഠിപ്പിക്കുവാനും അവകാശപ്പെട്ടവരാണ് (കാനോൻ 229).അല്മായർക്ക് ഉചിതമായ പരിശീലനം നൽകാൻ സഭ കടപ്പെട്ടിരിക്കുന്നു (കാനോൻ 231).

സഭയുടെ അടിസ്ഥാന നിയമങ്ങളാണ് കാനൻ നിയമങ്ങൾ. കാനോനുകളുടെ അടിസ്ഥാനം വിശുദ്ധ ഗ്രന്ഥമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ നിയമരൂപത്തിലായതാണ് ഈ നിയമങ്ങൾ. അങ്ങനെയെങ്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന അല്മായരെ സംബന്ധിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തേണ്ടത് അത്യാവശ്യമല്ലേ ? സഭയുടെ ഭാവി അല്മായരിലെങ്കിൽ അവർക്ക് അതിനുള്ള സഭാപരമായ വിദ്യാഭ്യാസവും മെച്ചപ്പെട്ട പരിശീലനവും നൽകേണ്ടതല്ലേ ? വൈദികരുടെയും സന്യസ്തരുടെയും പരിശീലനത്തിനുവേണ്ടി സഭ ചെലവഴിക്കുന്ന തുകയുടെ ഒരു ചെറിയ ഭാഗമെങ്കിലും അല്മായ പരിശീലനത്തിനുവേണ്ടി സഭ ചെലവഴിച്ചിരുന്നെങ്കിൽ സഭ എത്ര ജീവസ്സുറ്റതാകുമായിരുന്നു.

വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളും കാനൻ നിയമങ്ങളും അല്മായർക്ക് അടഞ്ഞ അധ്യായമായി തീരാൻ അനുവദിച്ചുകൂടാ. പ്രാർത്ഥിക്കുകയും അനുസരിക്കുകയും സംഭാവന നൽകുകയും (Pray, Pay and Obey) ചെയ്യുന്നവരായി മാത്രം തുടർന്നാൽ മതിയെന്ന പഴയ നിഷ്ക്രിയത്വം തുടരാതെ അല്മായർ സടകുടഞ്ഞ് എണീറ്റെങ്കിൽ മാത്രമേ 'അല്മായ യുഗം' എന്ന പ്രഖ്യാപനം ഫലമണിയുകയുള്ളൂ. ■

അടിസ്ഥാന ക്രൈസ്തവ സമൂഹം

ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

ബി.സി.സി.യിൽ വന്നിട്ട് ഞങ്ങൾക്ക് എന്ത് നേട്ടം? വരാത്തവരുടെ കാര്യങ്ങളും ഭംഗിയായി നടക്കുന്നില്ലേ?

ഏതൊരു ഇടവകയിലും ബി.സി.സി. ജനറൽ ബോഡിയിലും നേതൃത്വപരിശീലന ക്ലാസുകളിലും പോകുമ്പോൾ ആവർത്തിച്ച് ചോദിക്കുന്ന ചോദ്യമാണിത്.

ചില ഇടവകകളിലും യൂണിറ്റുകളിലും പങ്കാളിത്തം വർദ്ധിപ്പിക്കുവാനും നിർബന്ധിതമാക്കാനും വരാത്ത അംഗങ്ങളിൽ നിന്നും പിഴ ഈടാക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് മിക്ക ഇടവകകളിലും കാണുന്ന മറ്റൊരു വസ്തുത കൗദാശിക കാര്യങ്ങൾക്കായി യൂണിറ്റിൽ നിന്നും കത്തുവാങ്ങുന്ന രീതി.

മേൽ സൂചിപ്പിച്ച മൂന്നു കാര്യങ്ങളും ഒരു പരിധിവരെ അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളുടെ സ്ഥാപിതലക്ഷ്യവും ബി.സി.സി. എന്ത്? എന്തിനായി സ്ഥാപിതമായിരിക്കുന്നു എന്ന് വ്യക്തമായി മനസിലാക്കാത്തതുകൊണ്ടും കൂടിയാണ്. ബി.സി.സി.യിൽ വരുന്നതുകൊണ്ട് ഒരു നേട്ടവുമില്ല എന്നു ചിന്തിക്കുന്നവർ ഭൗതികമായി ലാഭനഷ്ടങ്ങളുടെ കണക്കിനെക്കുറിച്ച് മാത്രം ചിന്തിക്കുന്നവരാണ്. ഭൗതിക നേട്ടങ്ങൾക്ക് അമിത പ്രാധാന്യം നൽകുന്ന ആധുനിക മനുഷ്യമനസാണ് ഇവിടെ കൂടുതലായി വെളിപ്പെടുന്നത്. പരസ്പരം അറിയുവാൻ, വചനം വായിക്കുവാൻ, കൂട്ടായ് പ്രാർത്ഥിക്കുവാൻ, അയൽക്കാരോട് കരുതലും സ്നേഹവും പ്രദർശിപ്പിക്കുവാൻ ലഭിക്കുന്ന അവസരങ്ങളെ നേട്ടങ്ങളായി കാണാൻ കഴിയാത്തത് ഭൗതികതയുടെ അതിപ്രസരത്തിന്റെ ഭാഗമായാണ്.

മേൽ സൂചിപ്പിച്ച ആത്മീയ സംതൃപ്തിയും വചനാനുഭവവും കൂട്ടായ്മയുടെ ശക്തിയും കരുണയുടെയും കരുതലിന്റേയും ഭാവവും ബി.സി.സി. യൂണിറ്റിൽ വരാത്തവർക്ക് നഷ്ടമാകുന്നു. വരാത്തവരെ നിർബന്ധിച്ചുകൊണ്ടുവരുവാൻ പിഴ ചുമത്തുന്നതും ബി.സി.സി. കൂട്ടായ്മകളുടെ യഥാർത്ഥ അരൂപിക്ക് വിരുദ്ധമാണ്. നിർബന്ധത്തിന് വഴങ്ങിയോ കാര്യസാധ്യത്തിനായ് മാത്രമോ അല്ല യൂണിറ്റ് പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടത്. മറിച്ച് ക്രൈസ്തവ ആദ്ധ്യാത്മികതയുടെ ഭാഗമായ് കൂട്ടായ്മയും കൂട്ടുത്തരവാദിത്തവും അനിവാര്യമെന്ന് സ്വയം മനസിലാക്കി സ്വന്തം താല്പര്യത്തോടെ യൂണിറ്റ് പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർക്കു മാത്രമേ അതിന്റെ യഥാർത്ഥ നേട്ടങ്ങളെ നേട്ടമായി അംഗീകരിക്കാനാവൂ.

ഇതിനോട് ബന്ധപ്പെട്ട് നിൽക്കുന്നതാണ് കൗദാശിക ആവശ്യങ്ങൾക്കായ് യൂണിറ്റിൽ നിന്നും കത്ത് ആവശ്യപ്പെടുന്ന രീതി. തിരുവനന്തപുരം അതിരൂപതയിലെ മിക്കവാറും എല്ലാ ഇടവകകളിലും നിലനിൽക്കുന്ന ഒരു ശൈലിയാണിത്. ഈ നടപടി അതിൽ തന്നെ തെറ്റില്ല. എന്നാൽ ഇതിന്റെ ഉദ്ദേശശുദ്ധിയും നൈയാമിക വശവും പ്രാവർത്തികമാക്കുന്ന രീതിയുമാണ് ശ്രദ്ധിക്കപ്പെടേണ്ടത്. ഒരു വ്യക്തിയുടെയോ കുടുംബത്തിന്റെയോ യൂണിറ്റിലെ പങ്കാളിത്തത്തെക്കുറിച്ച് ഇടവക വികാരിക്ക് വസ്തുനിഷ്ടമായി മനസിലാക്കുവാൻ സഹായിക്കുന്ന സഭയുടെ പങ്കാളിത്ത സംവിധാനമായിട്ടാണ് ഇതിനെ കാണേണ്ടത്. അതേസമയം സഭാനിയമം അനുസരിച്ച് ഒരു വ്യക്തിക്കോ കുടുംബത്തിനോ കൗദാശിക ആവശ്യങ്ങൾ മുടക്കുവാൻ കഴിയില്ല. എന്നിരിക്കിലും ഇതിന്റെയൊന്നും ആവശ്യമില്ല, കൂദാശ എന്റെ അവകാശമാണ്, കൂട്ടായ്മയിൽ പോയില്ലെങ്കിലും സ്വാധീനവും ആൾബലവും ഉപയോഗിച്ച് കാര്യങ്ങൾ നടത്താം എന്ന് ചിന്തിക്കുന്നതും ക്രിസ്തീയമല്ല. കാരണം എല്ലാ കൂദാശകളും വേണ്ട ഒരുക്കത്തോടും വിശ്വാസത്തോടും കൂടി സഭാമക്കളുടെ കൂട്ടായ്മയിൽ സ്വീകരിക്കേണ്ടതാണ്.

അതിനാൽ കൗദാശിക ആവശ്യങ്ങൾക്ക് ബി.സി.സി. യൂണിറ്റിൽ നിന്നും കത്ത് ആവശ്യപ്പെടുമ്പോൾ അത് നിഷേധിക്കുന്നതും അനാവശ്യമായി വൈകിക്കുന്നതും അഭികാമ്യമല്ല. ആവശ്യപ്പെടുന്ന കുടുംബത്തിന്റെ, വ്യക്തിയുടെ യൂണിറ്റിലെ പങ്കാളിത്തത്തെയും സഹകരണത്തെയും കുറിച്ചുള്ള നിജസ്ഥിതി രേഖപ്പെടുത്തുക എന്നതുമാത്രമാണ് ബി.സി.സി. യൂണിറ്റ് ഭാരവാഹികളുടെ ഉത്തരവാദിത്തം. ഈ കത്തിന്റെ വെളിച്ചത്തിൽ ഇടവക വികാരിയായിരിക്കണം ആവശ്യക്കാരോട് സഭയിലെ ഉത്തരവാദിത്തത്തെയും കൂട്ടായ്മയിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് ബോധ്യപ്പെടേണ്ടത്. ബി.സി.സി. യൂണിറ്റുകളുടെ യഥാർത്ഥ ഉദ്ദേശലക്ഷ്യം മനസിലാക്കി നമുക്ക് സജീവമായി അവയുടെ പ്രവർത്തനങ്ങളിൽ പങ്കുചേരാം. അങ്ങനെ നമ്മുടെ കൂട്ടായ്മയും കൂട്ടുത്തരവാദിത്തവും പരസ്പരം വളർത്താം. ■

നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 27-ാം ഞായർ (ഒക്ടോ. 8)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

തോട്ടക്കാരാ... നീ നോട്ടക്കാരൻ മാത്രം

ഏശ. 5: 1-7 | ഫിലി. 4: 6-9 | മത്താ. 21: 33-44

നമ്മുടെ ഉത്തരവാദിത്വത്തിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന സമൂഹം, വ്യക്തികൾ, വസ്തുക്കൾ, കഴിവുകൾ, എല്ലാം കർത്താവ് എന്ന ഉടമസ്ഥന്റേതാണ്. നാം തന്നെ തീർത്തിരിക്കുന്ന വേലിക്കെട്ടുകൾ തകർത്ത് കർത്താവിന്റെ മുന്തിരിത്തോപ്പിലെ ആത്മാർത്ഥതയുള്ള കർഷകരാകാൻ നമുക്ക് പരിശ്രമിക്കാം.

കായേൻ, കായേൻ എവിടെ നിന്റെ സഹോദരൻ ആബേൽ? ചോദ്യം ചോദിക്കുന്നത് ദൈവം, പഴയനിയമത്തിൽ. സഹോദരന്റെ കാവൽക്കാരനല്ല താനെന്ന് പറഞ്ഞു ചോദ്യത്തിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ചു കായേൽ.

ഈ കേട്ട കഥയ്ക്ക് ഒരു രണ്ടാംഭാഗമുണ്ട്: സഹോദരനാൽ വധിക്കപ്പെട്ട നിഷ്കളങ്കനായ ആബേൽ പുണ്യത്തിന്റെ സമൃദ്ധിയിൽ സ്വർഗത്തിൽ. ഘാതകനായ കായേൻ നരകത്തിൽ അസ്വസ്ഥതയാൽ എരിയുന്നു. വീണ്ടുമൊരിക്കൽക്കൂടി ദൈവം ചോദ്യമുയർത്തി; ഇത്തവണ ആബേലിനോടാണ്: "ആബേൽ, ആബേൽ എവിടെ നിന്റെ സഹോദരൻ കായേൻ...?"

ചോദ്യം ചാട്ടുളിപോലെ ആബേലിന്റെ സ്വസ്ഥതമേൽ തറച്ചു. അയാൾ അസ്വസ്ഥതയാൽ പുളഞ്ഞു. സ്വന്തം രക്തത്തിന്റെ രക്തം നരകത്തിൽ പിടയുമ്പോൾ സ്വർഗത്തിൽ ഇനി സ്വസ്ഥനായിരിക്കാൻ ആബേലിനാകില്ല. അയാളുടെ അസ്വസ്ഥത സ്വർഗത്തിന്റെ അസ്വസ്ഥതയായി... പിന്നെ സ്വർഗം പിളർന്ന് ദൈവപുത്രൻ ഭൂമിയിലേക്കിറങ്ങി.... അവൻ കുരിശിൽ അസ്വസ്ഥനായി കരഞ്ഞു. 'എനിക്ക് ദാഹിക്കുന്നു...' സഹോദരനെ വീണ്ടെടുക്കുവാനുള്ള അസ്വസ്ഥതയുടെ ദാഹം.

മനുഷ്യന്റെ അനുദിന ജീവിതവുമായി വളരെ അധികം ബന്ധമുള്ള ഒരു കഥയുടെ അവതരണത്തിലൂടെ നമ്മുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കാൻ ക്രിസ്തു ഇന്നത്തെ തിരുവചനത്തിലൂടെ പരിശ്രമിക്കുകയാണ്. കർഷക സംസ്കാരത്തിലേക്ക് മനുഷ്യനെ സൃഷ്ടിച്ച് പറഞ്ഞ് അയച്ച ദൈവം അവന്റെ ജീവിതത്തെ വിലയിരുത്തുന്നതിനുവേണ്ടി, കർഷകനായി വരുന്നു. മനുഷ്യന്റെ അനുദിന ജീവിതത്തിൽ ഇടപെടുന്ന ഒരു ദൈവത്തെ നമുക്ക് ഇവിടെ കാണാൻ കഴിയും. ദൈവം മനുഷ്യനുവേണ്ടി ഒരു മുന്തിരിത്തോപ്പ് തന്നെ നിർമ്മിച്ചു നൽകി. ഉപമയിൽ വേലിക്കെട്ടിയും ഗോപുരം തീർത്തും സുരക്ഷിതമാക്കിയതാണ് മുന്തിരിത്തോട്ടം. വീഞ്ഞുണ്ടാക്കുവാനുള്ള ചക്കും തോട്ടത്തിലുണ്ട്. അതിൽ ഒന്ന് വ്യക്തം; ഉടമസ്ഥൻ വളരെ ശ്രദ്ധയോടെ തോട്ടത്തിനാവശ്യമാതെല്ലാം ചെയ്തിട്ടുണ്ട്. ഏശയ്യാ 5:2-7 ൽ ഇതുപോലൊരു മുന്തിരിത്തോട്ടത്തെക്കുറിച്ച് പറയുന്നുണ്ട്. ആ ഭാഗം അവസാനിപ്പിക്കുന്നത്,

"സൈന്യങ്ങളുടെ കർത്താവിന്റെ മുന്തിരിത്തോട്ടം ഇസ്രായേൽ ഭവനമാണ്, യൂദാ ജനമാണ്" എന്നുപറഞ്ഞുകൊണ്ടാണ്. അതുകൊണ്ടുതന്നെ പഴയനിയമത്തിൽ എന്നതുപോലെ പുതിയനിമയത്തിലും മുന്തിരിത്തോപ്പ് ഒരു പ്രതീകമാണ്. മനുഷ്യൻ തന്റെ അദ്ധ്വാനത്തിലൂടെ ജീവിതത്തിൽ ഫലങ്ങൾ നൽകാൻ കടമയുള്ളവനാണ് എന്ന് ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഈ ഓർമ്മപ്പെടുത്തലിന്റെ മറുവശം ഒരു മുന്നറിയിപ്പാണ്. അതാണ് നാം കൂടുതൽ കരുതലോടെ മനസ്സിലാക്കേണ്ട വസ്തുതയും; "ദൈവരാജ്യം നിങ്ങളിൽ നിന്നെടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്ക് നൽകപ്പെടും." സാധാരണ ജീവിതത്തിൽ നാം ശ്രദ്ധിക്കേണ്ട ഒരു വലിയ കാര്യം ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നു. ലഭിച്ച കൃപകളും കിട്ടിയ അവസരങ്ങളും, അവ നഷ്ടപ്പെടുന്നവർക്കുള്ളതല്ല മറിച്ച് ഫലം നൽകുന്നവർക്കുള്ളതാണ് ദൈവരാജ്യം അതുകൊണ്ട് പാരമ്പര്യത്തിന്റെയും കുടുംബ മഹിമയുടെയും അടിസ്ഥാനത്തിൽ നാം അഹങ്കരിക്കേണ്ടതല്ല. ദൈവരാജ്യത്തിൽ നൂറുമേനി ഫലം പുറപ്പെടുവിക്കുന്നവർ ആയിത്തീരാൻ തീരുമാനമെടുക്കുകയാണ് വേണ്ടത്.

ഒരുവൻ സ്വയം ചിന്തിക്കട്ടെ, യേശു എന്നെ ഏൽപ്പിച്ചിരിക്കുന്ന ക്രൈസ്തവ ദൗത്യം നിർവ്വഹിക്കുന്ന വ്യക്തിയാണോ ഞാനെന്ന്. എന്റെ സ്ഥാനമാനങ്ങൾ അനീതിക്കും അധർമ്മത്തിനും വേണ്ടി ഉപയോഗിക്കുന്നവനാണോ ഞാൻ?

നമ്മുടെ ആത്മീയ ജീവിതത്തിൽ നാം ചിലപ്പോൾ സ്വീകരിക്കാറുള്ള ഒരു നിലപാടിലേക്ക് ക്രിസ്തു നമ്മുടെ ശ്രദ്ധയെ വീണ്ടും ക്ഷണിക്കുന്നു. അനുദിന ജീവിതത്തിൽ നാം കണ്ടെത്തുന്ന വ്യക്തികളെ പരിഗണിക്കാതെ, നമുക്ക് കണ്ണുകൾകൊണ്ട് കാണാൻ കഴിയാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്ന് നാം പറയാറുണ്ട്. അനുദിനം നമ്മുടെ മുമ്പിൽ സഹായത്തിനായി കരങ്ങൾ നീട്ടുന്നവരെ അവഗണിച്ച് വലിയ സംഭാവനകൾ ദൈവത്തിന് നേരിട്ട് നൽകുന്നവരാണ് എന്ന് അവകാശപ്പെടുന്നവരാണ് നമ്മിൽ പലരും. അനുദിനം നാം കണ്ടുമുട്ടുന്നവർ, കർത്താവ് ഫലം ശേഖരിക്കുവാൻ അയയ്ക്കുന്ന 'കർത്താവിന്റെ ഭൃത്യന്മാർ' ആണ്. അവരെ നാം അവഗണിച്ചിട്ട് തോട്ടത്തിന്റെ ഉടമയായ ദൈവത്തിനുവേണ്ടി കാത്തിരിക്കുന്നു. അവൻ വരുമ്പോൾ ചിലപ്പോൾ നമ്മുടെ 'നടത്തിപ്പ്' അവകാശം പോലും നഷ്ടപ്പെടും എന്ന് നാം അറിയുന്നുമില്ല.

ഈ കഥ നമ്മുടെ ജീവിതത്തിൽ നൽകുന്ന മറ്റൊരു സന്ദേശം നാം ഈ ലോകം ആകുന്ന തോട്ടത്തിലെ 'നോട്ടത്തിന്റെ ചുമതല' ഉള്ളവർ മാത്രമാണ് എന്നതാണ്. ഈ ചിന്ത വെടിഞ്ഞ് നാം ഇവിടെ അവകാശികളാണ് എന്നുള്ള ചിന്തയാണ് നമ്മെ ഭരിക്കുന്നത്. പ്രകൃതിയുടെ എല്ലാവിധ വിഭവങ്ങളെയും ചൂഷണം ചെയ്ത്, പരമാവധി നമ്മുടെ കാലഘട്ടത്തിൽ മാത്രമായി ഉപയോഗിച്ച് തീർക്കുന്ന ഒരു സംസ്കാരത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ടുതന്നെ കാർഷികരംഗം ഇന്ന് നമുക്ക് അന്യമാവുകയാണ്. പഴയനിയമത്തിലെ മുന്തിരിത്തോപ്പിന്റെ അനുഭവത്തിലേക്കും, അവസ്ഥയിലേക്കും ആണോ നമ്മുടെ യാത്ര? ഉടമസ്ഥനായ ദൈവത്തെ മറന്നുകൊണ്ട്, ദൈവം അയയ്ക്കുന്ന ഭൃത്യന്മാരെ അവഗണിച്ചും, കാവൽക്കാരുടെ ഉത്തരവാദിത്വം മറന്നും, എത്രനാൾ നമുക്ക് ജീവിക്കാൻ കഴിയും? കാവൽക്കാർക്ക് വിശ്വസ്തത കൂടിയേ തീരൂ എന്ന് വി. പൗലോസ് നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ വിശ്വസ്ഥതയും, ഉത്തരവാദിത്വവും ഭൂമിയോടും കാർഷിക സംസ്കാരത്തോടും ഉള്ള സ്നേഹവും എവിടെയാണ് എന്ന് നമുക്ക് ചിന്തിക്കാം.

ദൈവം നമ്മെ ഏൽപ്പിച്ച മുന്തിരിത്തോപ്പിൽ നിന്നും ഫലം ശേഖരിക്കുന്ന കർത്താവ്, നമ്മെ അഭിനന്ദിക്കാൻ തക്കവിധം നമ്മുടെ ജീവിതത്തെ ക്രമീകരിക്കാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ ഉത്തരവാദിത്വത്തിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന സമൂഹം, വ്യക്തികൾ, വസ്തുക്കൾ, കഴിവുകൾ, എല്ലാം കർത്താവ് എന്ന ഉടമസ്ഥന്റേതാണ്. നാം തന്നെ തീർത്തിരിക്കുന്ന വേലിക്കെട്ടുകൾ തകർത്ത് കർത്താവിന്റെ മുന്തിരിത്തോപ്പിലെ ആത്മാർത്ഥതയുള്ള കർഷകരാകാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ അനുദിന ജീവിതത്തിലെ സഹനങ്ങളിൽ, ഒറ്റപ്പെടുത്തലുകളിൽ, ബുദ്ധിമുട്ടുകളിൽ എല്ലാം മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരനുള്ള ആശ്വാസത്തിന്റെ ഒരു വചനം കൂടി കർത്താവ് കരുതിവച്ചിട്ടുണ്ട്. "പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായി. ഇത് കർത്താവിന്റെ പ്രവർത്തിയാണ്." ഈ ലോകത്തിൽ നാം ഒറ്റപ്പെടുമ്പോൾ നമ്മുടെ അദ്ധ്വാനങ്ങൾക്ക് വിലയില്ലാതെ വരുമ്പോൾ, നാം അവഗണിക്കപ്പെടുമ്പോൾ നമ്മുടെ പരിശ്രമത്തെ മറ്റുള്ളവർ പരിഗണിക്കാതെ വരുമ്പോൾ കർത്താവിന്റെ വചനം നമുക്ക് ശക്തിയായിരിക്കട്ടെ. നമ്മെ കർത്താവ് മൂലക്കല്ല് ആയി തെരഞ്ഞെടുക്കും. ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

വലതുകൈ ഗ്രഹിക്കുന്നവൻ

ഏശ. 45 : 1.4-6 | 1 തെസ 1: 1-5b | മത്ത. 22 : 15 - 21

രാജ്യങ്ങൾ കീഴടക്കുന്ന സാമ്രാട്ടായി ദൈവം അവരോധിക്കുന്നത് വിജാതീയനായ സൈറസിനെയാണ്. ബി.സി. 539-ൽ ബാബിലോൺ കീഴടക്കിയ പേർഷ്യൻ ചക്രവർത്തിയാണ് സൈറസ്. വിജാതീയനായ ഒരു രാജാവിനെക്കൊണ്ട് കർത്താവ് ഇസ്രായേൽജനത്തിനുവേണ്ടി എന്ത് ചെയ്യും? ദൈവത്തെ അറിഞ്ഞിട്ടില്ലാത്തവനാണ് സൈറസ് രാജാവ്. രാജാക്കന്മാരെ കീഴ്പ്പെടുത്തി അവരുടെ അരപ്പട്ടകൾ അഴിക്കുവാൻവരെ സൈറസിന് കരുത്തുണ്ടാകും. അരപ്പട്ടകൾ അഴിക്കുന്ന കർത്താവുതന്നെ സൈറസിന്റെ അരമുറുക്കുന്നു. ഇത് കർത്താവിന്റെ നാമം മഹത്ത്വപ്പെടുത്തുന്നതിനുവേണ്ടിയാണ്. കർത്താവ് കരംപിടിക്കുന്നവൻ ശക്തനാണ്. ഇസ്രായേൽജനത കഷ്ടതയുടെ നാളുകളിൽ കർത്താവിന്റെ കരം ചേർത്ത് നടന്നിരുന്നുവെങ്കിൽ! നമുക്ക് എന്നാണ് ഏദനിൽ ആദം ദൈവകരം പിടിച്ചു നടന്നതുപോലെ നടക്കാനാകുക. കരംപിടിക്കുന്നത് സൗഹൃദത്തിന്റെയും ഊഷ്മളബന്ധത്തിന്റെയും അടയാളമാണ്. നാമറിയാതെ അദൃശ്യമായ ലോകത്തിന്റെ കരങ്ങൾ നമ്മെ തേടിവരുന്നുണ്ട്. അത്തരം ദുഷിതവലയങ്ങളിൽ നിന്നു പുറത്തുകടന്ന് ദൈവികപരിപാലനയിൽ അണയണം.

ദൈവത്തിന്റെ വാത്സല്യഭാജനങ്ങൾ

തനിക്ക് ഏറെ അടുപ്പമുള്ള തെസലോനിയൻസഭയെ അഭിനന്ദനങ്ങൾകൊണ്ട് പൊതിയുകയാണ് പൗലോസ്. ഏതു വലിയ വ്യക്തിയായാലും അനുമോദനങ്ങളും പ്രോത്സാഹനങ്ങളും ഇഷ്ടപ്പെടും. ടീം നേതൃത്വത്തിന്റെ വ്യക്തിയാണ് പൗലോസ്. ശുശ്രൂഷകളെ മറ്റുള്ളവർക്ക് പങ്കുവച്ചു നല്കുകയും കുറേപ്പേരെ പരിശീലിപ്പിച്ച് സുവിശേഷദൗത്യത്തനായി കൂടെ നിർത്തുകയും ചെയ്യുന്നുണ്ട്.

റോമാസിംഹാസനത്തിന്റെ അധിനിവേശത്തിൻകീഴിലായിരുന്നു ഇസ്രായേൽജനത. ഇസ്രായേൽജനത്തിൽനിന്ന് അന്യായമായ നികുതിയാണ് റോം പിരിച്ചുകൊണ്ടിരുന്നത്. ഹെറേദിയന്മാരും യഹൂദരും യേശുവിനായി ഒരു 'ചോദ്യക്കെണി' ഒരുക്കിയിരുന്നു. വളരെ നിരുപദ്രവമെന്നു തോന്നുമെങ്കിലും ഏതു ഉത്തരം പറഞ്ഞാലും അവനെ കുടുക്കാനാകുമെന്നു പ്രതീക്ഷയുള്ള ചോദ്യം. 'സീസറിന് നികുതികൊടുക്കുന്നത് ഉചിതമോ അല്ലയോ?' നികുതികൊടുക്കാൻ പറഞ്ഞാൽ യേശുവിനെ റോമിന്റെ പക്ഷക്കാരനായി കാണും. അത് ഭൂരിപക്ഷ യഹൂദവികാരത്തിന് എതിരാണ്. അത്രമാതം അവർ റോമിനെ വെറുത്തിരുന്നു. നികുതി കൊടുക്കരുതെന്നാണെങ്കിൽ അവൻ ഒരു വിപ്ലവകാരിയായും സീസറിന്റെ അധികാരത്തെ വെല്ലുവിളിക്കുന്നവനായും കരുതപ്പെടും. ആ ചോദ്യത്തിനുള്ള മറുപടി കൊടുക്കുംമുമ്പ് അവരെ കപടനാട്യക്കാരനെന്ന് യേശു വിളിച്ചു. വക്രതയുടെയും കുശാഗ്രബുദ്ധിയുടെയും മുനവച്ച് തൊടുത്ത ചോദ്യത്തിന്റെ ഉദ്ദേശം യേശുവിന് നന്നായി അറിയാം.

യേശു ആവശ്യപ്പെട്ടതനുസരിച്ച് അവർ ഒരു നാണയം കൊണ്ടുവന്നു. സീസറിന്റെ രൂപവം ലിഖിതവും (Kai/ sarov) ഉള്ളത്. സീസറിന്റെ മുദ്രയുള്ള നാണയമാണ് യഹൂദർ ഉപയോഗിക്കേണ്ടത്. യഹൂദരെ കീഴ്പ്പെടുത്തിഭരിക്കുന്ന ഭരണാധികാരിയാണ് സീസർ. എങ്കിലും ഭരണകൂടത്തെ അംഗീകരിക്കേണ്ടത് പൗരധർമ്മമാണെന്ന് യേശു നയം വ്യക്തമാക്കുന്നു. രാജ്യത്തിന്റെ നിയമങ്ങൾ അനുസരിക്കുവാൻ എല്ലാവരും തയ്യാറാകണം. നികുതി കൊടുക്കുന്നത് ജനങ്ങളുടെ ക്ഷേമപദ്ധതികൾക്കു വേണ്ടി ഉപയോഗിക്കാനാണ്. അതുകൊണ്ടാണ് സീസറിനു നികുതികൊടുക്കാൻ യേശു ആവശ്യപ്പെടുന്നത്. ഒരു അരാജകവാദിയോ പിന്തിരിപ്പനോ അല്ല യേശു. സീസറിനെ അവൻ ഭയപ്പെട്ടിട്ടുമില്ല. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും എന്നു പറയുന്നിടത്ത് സീസറിനെതിരെ ഒരു താക്കീതുമുണ്ട്. സീസറിന് അവകാശപ്പെട്ടതുമാത്രം എടുക്കുക!

ഇസ്രായേൽജനത്തിന് അവകാശപ്പെട്ട ഓഹരിയാണ് 'ദൈവത്തിനുള്ളത്'. ആ ജനത്തോട് ചൂഷണവും അന്യായവും കാണിക്കരുത്.

മനുഷ്യകരംപോലെയുള്ള ചെറിയ മേഘം

ലോകത്തിന്റേതായ എല്ലാ വസ്തുക്കളും ദൈവത്തിന്റേതാണ്. അനാഥനും നിരാലംബനും അഭയമായി ചായുന്നത് ദൈവത്തിന്റെ നെഞ്ചിലേക്കാണ്. ഭിക്ഷാടനം പോലെയാണ് അവരുടെ ജീവിതം. ദൈവത്തിൽ പ്രത്യാശവയ്ക്കുന്നവൻ ആരോ അവനു ചെറുതുണ്ടു മേഘത്തിൽനിന്നുപോലും വലിയമഴ പെയ്യിക്കുന്ന ദൈവത്തിന്റെ കാരുണ്യസ്പർശമുണ്ടാകും. ഏലിയാപ്രവാചകന്റെ ഭൃത്യൻ മലമുകളിൽ കയറി കടലിലേക്ക് ഏഴുപ്രാവശ്യം ചെന്നു നോക്കിയിട്ടും അവൻ മഴമേഘങ്ങൾ

കണ്ടില്ല (1 രാജാ 18:43). വീണ്ടും തിരികെച്ചെന്ന് ക്ഷമയോടെ നോക്കുമ്പോൾ മനുഷ്യകരംപോലെയുള്ള ഒരു ചെറിയ മേഘത്തിൽനിന്ന് മഴ മദിച്ചുതുള്ളുന്നു. നാം കാണാതെപോകുന്ന ദൈവിക നന്മകളുടെ ചെറിയ ചെറിയ അടയാളങ്ങൾ! ദൈവത്തിൽനിന്നു ലഭിച്ച ചെറിയ അടയാളം വർഷപാതമായി മാറുന്നു. ഒളിഞ്ഞിരിക്കുന്ന ഓരോ കൃപകളും ദൈവത്തിന്റെ ഓഹരിയാണ്. അതിനെ നാം പ്രത്യാശയോടെ തേടി കണ്ടെത്തുക.

ദേവാലയത്തിന് ഒരു സത്രമാകാൻ കഴിയുമോ?

പണം, അധികാരം, ദ്രവ്യാഗ്രഹങ്ങൾ ഇവയെല്ലാം സീസറിനുള്ള ഓഹരിയാണ്. വികസനത്തിന്റെ പടവുകൾ ചവിട്ടിക്കയറുമ്പോൾ യൂദാസിന്റെ മടിശ്ശീലകൾ വലുതാകുന്ന സ്വാർത്ഥമനസ്സുകളെ നമുക്കു കാണാനാകും. ദരിദ്രന്റെ കണ്ണുകളിലെ വിശപ്പിന്റെ അഗ്നികെടുത്താതെ ദൈവത്തിനു നല്കുന്ന നേർച്ചകൾ ഒന്നും തന്നെ അവന്റേതാകില്ല. കാരുണ്യമില്ലാത്ത സുവിശേഷസാക്ഷ്യങ്ങൾ നിരർത്ഥകമാണ്. നമ്മുടെ രമ്യഹർമ്യങ്ങളിൽ ദരിദ്രന് സ്വാഗതമില്ലെങ്കിൽ അത് സീസറിന്റെ ഭവനമാണ്. വലിയ പ്രാർത്ഥനാമുറികൾ നിർമ്മിച്ച് സ്വന്തം താത്പര്യങ്ങൾക്കായിമാത്രം പ്രാർത്ഥിക്കുന്ന എത്രയോ മനുഷ്യർ. ചൂഷണത്തിന്റെ കോർപ്പറേറ്റ് കണ്ണുകളുള്ളവർ. അടുക്കിവച്ച പണക്കെട്ടുകളുടെ ശ്വാസോച്ഛ്വാസത്തിൽ അമരുമ്പോഴും ഒരു നൂറുരൂപ നോട്ടുപോലും നിരാലംബന് നീട്ടാൻ മടിക്കുന്നവർ. വിശുദ്ധ കുർബാന കഴിഞ്ഞ് നാം അടച്ചിടുന്ന പള്ളികൾ അന്തിചായാൻ സ്ഥലമില്ലാത്തവന് ഒരു സത്രം പോലെ തുറന്നുകൊടുക്കാൻ നമുക്കാവില്ലേ? ദരിദ്രന്റെ അന്നം തട്ടിത്തെറുപ്പിച്ച് നാം വെള്ളാരംകല്ലുകളിൽ അൾത്താരകൾ പണിയുമ്പോൾ ദൈവത്തെ നാം ദരിദ്രരിൽനിന്ന് എത്ര അകലേക്കാണ് മാറ്റിനിർത്തുന്നത്. അപായസൂചന നല്കുന്ന ഒരിടംപോലെ! ഒരു നല്ല പൗരൻ രാജ്യസ്നേഹിയും ദൈവസ്നേഹിയുമാണ്. ദൈവസ്നേഹിതൻ ദരിദ്രരുടെ സ്നേഹിതനാവണം. രാജ്യം നികുതി പിരിച്ചെടുക്കുന്നു. ഉള്ളിലെ ഇഷ്ടംകൊണ്ടല്ല നാം അത് കൊടുക്കുന്നത്. അത് നല്കാൻ നാം നിർബന്ധിക്കപ്പെടുന്നു. എന്നാൽ, ഉപവി ഹൃദയം തുറക്കലാണ്. ഭിക്ഷാടനത്തിലൂടെ ഉപജീവനം കഴിക്കുന്ന (Mendicant) സന്ന്യാസസഭയുടെ ചൈതന്യമാണ് സഭയ്ക്കു വേണ്ടത്. ലോകത്തോട് അനുരൂപപ്പെടാനല്ല; ക്രിസ്തുവിനോട് അനുരൂപപ്പെടാനാകണം. ■

ആണ്ടുവട്ടം 30-ാം ഞായർ (ഒക്ടോ. 29)

വാഗ്ദത്ത ഭൂമിയും ഉടമ്പടിയും

നീർച്ചാലുകൾ

ഫാ. മൈക്കിൾ തോമസ്

പുറ. 22:21-27 | 1 തെസ. 1:5c-10 | മത്താ. 22 : 34-40

> കൽക്കത്തയിലെ വിശുദ്ധ മദർ തെരേസയ്ക്ക് തെരുവിലെ മക്കളെ വാരിപുണരുവാനും ദുർഗന്ധം വമിച്ചിരുന്ന മനുഷ്യരുടെ വ്രണങ്ങളെ ചുംബിക്കുവാനും സാധിച്ചത് യേശുവിന്റെ ജീവിക്കുന്ന മുഖം ആ മക്കളിൽ ദർശിച്ചതുകൊണ്ടാണ്.

രക്ഷാകരചരിത്രം ദൈവ - മനുഷ്യബന്ധത്തിന്റെ ഉടമ്പടിയാണല്ലോ. ദൈവം ഇസ്രായേൽ ജനതയെ ഈജിപ്തിന്റെ അടിമത്തത്തിൽനിന്നും മോചിപ്പിച്ച് വാഗ്ദത്ത ഭൂമിയായ കാനാൻ ദേശത്ത് കൊണ്ടുവരുന്ന വഴിയിൽ സീനായ് മലയിൽവച്ച് ഒരു ഉടമ്പടി സ്ഥാപിച്ചു. ഈ ഉടമ്പടിയിൽ ദൈവം ഇസ്രായേല്യരോട് ചെയ്ത വാഗ്ദാനമനുസരിച്ച്, പുറപ്പാട് 19:1-24:18 ലെ ഉടമ്പടി പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന നിയമങ്ങൾ വിശ്വസ്തതയോടെ പാലിക്കുകയാണെങ്കിൽ അവരെ സമൃദ്ധിയുടെ നാടായ വാഗ്ദത്ത ഭൂമിയിലേക്ക് എത്തിക്കും. വാഗ്ദത്തഭൂമി ലക്ഷ്യം വച്ചുള്ള ഇസ്രായേല്യരുടെ പുറപ്പാട് യാത്രയിലുടനീളം യഹോവയായ ദൈവം അവരുടെ കൂടെ സഞ്ചരിക്കുകയും ശത്രുകരങ്ങളിൽനിന്നും അവരെ സംരക്ഷിക്കുകയും ചെയ്തു. ദൈവജനത്തെ സംബന്ധിച്ചിടത്തോളം അവർ വിശ്വസ്തതയോടെ ദൈവീക നിയമം പാലിക്കണം.

ഇന്നത്തെ ആദ്യവായന ഉടമ്പടി പുസ്തകത്തിൽ നിന്നുമുള്ള ഒരു ഭാഗമാണ് പുറപ്പാട് 22:21-27. ഇതിലെ പ്രതിപാദ്യം ഇസ്രായേല്യർക്ക് പരദേശികളോടും വിധവകളോടും അനാഥരോടും ദരിദ്രരോടുമുള്ള ഉത്തരവാദിത്തങ്ങളും കടമയുമാണ്. ഈ ഭാഗം പ്രധാനമായും ഉപവിയുടെ, കരുണയുടെ നിയമം അയൽബന്ധങ്ങളിൽ പ്രതിഫലിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു. ദൈവസ്നേഹം യാഥാർത്ഥ്യമാകണോ അത് നിർബന്ധമായും അപരനിൽ, അയൽക്കാരനിൽ പ്രതിഫലിക്കണം.

ഇവിടെ പ്രതിപാദിക്കുന്ന പരദേശികൾ അവരുടേതല്ലാത്ത കാരണങ്ങളാൽ സ്വന്തം ദേശത്തുനിന്നും അന്യരാക്കപ്പെട്ട് നാടും വീടും ഇല്ലാതെ, ഇസ്രായേല്യരുടെ

അടുക്കലേക്ക് അഭയാർത്ഥികളായി കുടിയേറിപ്പാർക്കുന്നവരാണ്. ഇസ്രായേല്യരും ഒരുകാലത്ത് പരദേശികളായിരുന്നു എന്ന യാഥാർത്ഥ്യം അനുസ്മരിച്ചുകൊണ്ട് തങ്ങളുടെ അടുക്കലേക്ക് ഇപ്പോൾ അഭയാർത്ഥികളായി വന്നിരിക്കുന്നവരോട്, പരദേശികളോട് കരുണയോടും നീതിപൂർവ്വവും വർത്തിക്കണം. പരദേശികളായിരുന്നവർക്കേ പരദേശികളുടെ നൊമ്പരവും യാതനയും ശരിക്കും മനസിലാക്കാനാവൂ. ആധുനിക ലോകത്തിൽ അഭയാർത്ഥി പ്രശ്നങ്ങളോട് മുഖം തിരിക്കുന്നവർക്കുള്ള ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണീ വചനഭാഗം.

വിധവകളേയും അനാഥരേയും വ്രണപ്പെടുത്തുന്നവർക്കും ചൂഷണവിധേയരാക്കി ഞെരുക്കുന്നവർക്കും ഗൗരവതരമായ ദൈവീകശിക്ഷയുണ്ടാകുമെന്ന് താക്കീതു നൽകുന്നു. വ്യത്യസ്ത ആവശ്യങ്ങളുമായി തങ്ങളെ സമീപിക്കുന്ന ദരിദ്രരോടു ഉണ്ടായിരിക്കേണ്ട മനോഭാവത്തെക്കുറിച്ചും നിയമം അനുശാസിക്കുന്നു. പൈസ കടം ചോദിക്കുന്ന പട്ടിണി പാവങ്ങളിൽ നിന്നും പലിശ വാങ്ങാൻ പാടില്ല. ദരിദ്രർ തങ്ങൾക്കുള്ള വസ്ത്രം പ്രത്യേകിച്ച് രാത്രികാലങ്ങളിൽ അതിശൈത്യത്തിൽ മൂടാനുപയോഗിക്കുന്ന പുതപ്പ് പണയം വയ്ക്കുകയാണെങ്കിൽ സന്ധ്യക്കുമുമ്പേ അത് തിരിച്ചു നൽകണം.

ഇവിടെ പറഞ്ഞിരിക്കുന്ന ദൈവീകനിയമങ്ങളുടെയെല്ലാം മുഖ്യചൈതന്യം ദുർബലരോടും തങ്ങളുടെ അന്നദാതാക്കളും സംരക്ഷകരും നഷ്ടപ്പെട്ട വിധവകളോടും അനാഥരോടും കരുണയോടെ വർത്തിക്കണം എന്നതാണ്. കാരണം അവരുടെ ഏക ആശ്രയം ദൈവമാണ്. എന്നാൽ ഇത്തരം മനുഷ്യർക്ക് ദൈവം അഭയമാകുന്നത്, ആശ്രയമേകുന്നത് അവരുടെ അയൽക്കാരിലൂടെയാണ്.

യഹോവയായ ദൈവം ഇസ്രായേല്യരെ ഓർമ്മപ്പെടുത്തുന്ന മറ്റൊരു സത്യം ദുർബലരും, ആലംബഹീനരും പട്ടിണിപാവങ്ങളും തന്നോട് നിലവിളിച്ചപേക്ഷിച്ചാൽ തനിക്ക് മിണ്ടാതിരിക്കാനാവില്ല. അവരോട് പക്ഷം ചേർന്നുകൊണ്ട് അവരെ പീഡിപ്പിക്കുന്നവരെ, അവരെ വിധവകളും അനാഥരുമാക്കുന്നവരെ അതേ പ്രകാരമുള്ള അവസ്ഥയിലേക്ക് തള്ളിവിടാൻ നിർബന്ധിതനാകും എന്ന സത്യം ഇസ്രയേല്യരെ ഓർമ്മിപ്പിക്കുകയാണ്. ആധുനികരീതിയിൽ വൈവിധ്യമാർന്ന ചൂഷണം നടത്തുന്നവർക്കെതിരെയുള്ള ദൈവത്തിന്റെ താക്കിതുകൂടിയാണിത്.

ഇസ്രായേൽ മക്കളുമായുള്ള ഉടമ്പടിവേളയിൽ നൽകപ്പെട്ട ദൈവീകനിയമങ്ങളുടെ രത്നചുരുക്കമാണ് ഇന്നത്തെ സുവിശേഷത്തിൽ യേശു അവതരിപ്പിക്കുന്നത്. പുനരുത്ഥാനത്തെക്കുറിച്ചുള്ള വാദപ്രതിവാദത്തിൽ സദൂക്കായരെ ഉത്തരം മുട്ടിച്ച യേശുവിനെ കുടുക്കുവാനുള്ള ഫരിസേയരുടെ കരുനീക്കമാണ് ഇതിന്റെ പശ്ചാത്തലം. നിയമപണ്ഡിതനായ ഒരുവനാണ് സുപ്രധാന കല്പനയേതെന്ന സംശയം യേശുവിനോട് ഉന്നയിക്കുന്നത്. യഥാർത്ഥത്തിൽ അവന് ഉത്തരം അറിയാഞ്ഞിട്ടല്ല. യഹൂദരുടെ 'ഷേമ' എന്നറിയപ്പെടുന്ന പരമപ്രധാനമായ ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസോടും പൂർണ്ണാത്മാവോടും കൂടി സ്നേഹിക്കണമെന്ന ദൈവകല്പന നിയമപണ്ഡിതന് അറിയാഞ്ഞിട്ടല്ല. യേശുവിനെ ഉത്തരം മുട്ടിക്കുക എന്നതാണ് അവരുടെ ഏകലക്ഷ്യം.

എല്ലാനിയമങ്ങളുടെയും പ്രവചനങ്ങളുടേയും പൂർത്തീകരണവും മനുഷ്യരുടെ ഉള്ളും ഉള്ളവുമറിയുന്നവനുമായ യേശു നിയമപണ്ഡിതന്റെ ചോദ്യത്തെ ഒരവസരമാക്കി മാറ്റി. ദൈവസ്നേഹത്തിന്റെ, നവമായ, പൂർണ്ണതയേകുന്ന മാനം പഠിപ്പിക്കുവാനായി. നാളിതേവരെ ദൈവസ്നേഹമാണ് പരമമായ കല്പനയെന്ന് കരുതിയിരുന്ന യഹൂദരേയും, മനുഷ്യരെ മുഴുവനായും അനുസ്മരിപ്പിക്കുന്നു: ദൈവസ്നേഹത്തിന്റെ മറുവശമാണ് പരസ്നേഹം. പരസ്നേഹത്തിന്റെ മാനദണ്ഡമായി യേശു ചൂണ്ടിക്കാണിക്കുന്നത് ഒരുവൻ തന്നെ തന്നെ സ്നേഹിക്കുന്നതിനു തുല്യമായാണ്. ഒരൊറ്റ വ്യക്തിയും അയാളെ തന്നെ വെറുക്കില്ല എന്നത് പരമമായ സത്യമാണ്. അഥവാ ഇനി സ്വയം വെറുക്കുന്നുവെങ്കിൽ അത് ആരോഗ്യകരമായ വ്യക്തിത്വത്തിന്റെ ലക്ഷണമല്ല. സ്വയം സ്നേഹിക്കുന്നുവെങ്കിൽ അതുപോലെ അയൽക്കാരനെയും സ്നേഹിക്കണം.

മഹാകവി ഉള്ളൂർ എസ്. പരമേശ്വര അയ്യർ പാടിയതുപോലെ "അടുത്തുനില്പോരനുജനെ/ നോക്കാനക്ഷികളില്ലാത്തോർക്കരൂപനീശൻ അദൃശ്യനായാൽ/ അതിലെന്താശ്ചര്യം. അദൃശ്യനായ ദൈവത്തെ കാണേണ്ടതും സ്നേഹിക്കേണ്ടതും ദൃശ്യനായ മനുഷ്യരിലൂടെയാണ്. തൊട്ടടുത്തു വസിക്കുന്ന അയൽക്കാരിനിലൂടെയാണ്. 1 യോഹ 4:20 ഇതേ സത്യം തന്നെയാണ് പ്രഖ്യാപിക്കുന്നത്. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും (സ്നേഹിക്കാതിരിക്കുകയും) ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം അവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല."

കൽക്കത്തയിലെ വിശുദ്ധ മദർ തെരേസയ്ക്ക് തെരുവിലെ മക്കളെ വാരിപുണരുവാനും ദുർഗന്ധം വമിച്ചിരുന്ന മനുഷ്യരുടെ വ്രണങ്ങളെ ചുംബിക്കുവാനും സാധിച്ചത് യേശുവിന്റെ ജീവിക്കുന്ന മുഖം ആ മക്കളിൽ ദർശിച്ചതുകൊണ്ടാണ്.

ദൈവസന്നിധിയിൽ നാം എല്ലാവരും വിലപ്പെട്ടവരാണ്. എങ്കിൽ നിശ്ചയമായും ദൈവത്തിന് വിലപ്പെട്ടവരും അമൂല്യരുമായ മനുഷ്യജീവിതങ്ങൾ നമുക്കും വിലപ്പെട്ടതാകണം. ദാനമായി ജീവനേകി നമ്മെ പരിപാലിക്കുന്ന ജീവദാതാവിനെ, ദുർബലരോട് എന്നും പക്ഷം ചേരുന്ന, കരുണ പ്രദർശിപ്പിക്കുന്ന ദൈവത്തെ ജീവനുതുല്യം നമുക്കു സ്നേഹിക്കാനാകണം. ദൈവത്തെ മാറ്റിനിർത്തി, മനുഷ്യജീവിനെ കുരുതികൊടുത്തുകൊണ്ട് സ്വന്തം ശക്തി വെളിപ്പെടുത്താനും, സാമ്രാജ്യം കെട്ടിപ്പടുക്കാനും ആഗ്രഹിക്കുന്ന, സ്വാർത്ഥതയുടെ പ്രതിരൂപങ്ങളാകുന്ന മനുഷ്യൻ മരണസംസ്ക്കാരത്തിന്റെ വക്താക്കളാകുമ്പോൾ തിരുവചനത്തിലേക്ക് ഒരു തിരിച്ചുപോക്ക് അനിവാര്യമായിത്തീരുന്നു. മനുഷ്യരിൽ ജീവിക്കുന്ന ദൈവത്തെ ദർശിക്കുവാൻ, ജീവനെ ആദരിക്കുവാൻ... ജീവന്റെ സംസ്ക്കാരം പടുത്തുയർത്തുവാൻ ... ഇമ്മാനുവേലായി കൂടെ വസിക്കുന്നവനെ പരസ്പരം കണ്ടുമുട്ടാം. ■

അജപാലനം

ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

ഫാത്തിമാ സന്ദേശയാത്ര

ഫാത്തിമായിൽ പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദി ഈ വർഷം (2017) നാം ആഘോഷിക്കുകയാണല്ലോ! 1917 മെയ് 13 മുതൽ ഒക്ടോബർ 13 വരെ ആറു പ്രാവശ്യം ലൂസിയ, ഫ്രാൻസിസ്ക്കോ, ജസീന്ത എന്നീ ഇടയക്കുട്ടികൾക്ക് പോർച്ചുഗലിലുള്ള "കോവാ ദ ഇരിയാ" എന്ന താഴ്വരയിലാണ് പരിശുദ്ധ മാതാവ് പ്രത്യക്ഷപ്പെട്ടത്. കേരള സഭയിൽ ഫാത്തിമാ ദർശനത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച്, ഫാത്തിമാ സന്ദേശയാത്ര സംഘടിപ്പിക്കുകയാണ്. ആഗസ്റ്റ് 15 ന് ആരംഭിച്ച ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള സന്ദേശയാത്ര ഒക്ടോബർ 28-ാം തിയതി വല്ലാർപാടം ബസിലിക്കയിൽ അവസാനിക്കുന്ന വിധമാണ് ക്രമീകരിച്ചിരിക്കുന്നത്. കേരള സഭയിലെ 3 റീത്തുകളും സംയുക്തമായി സംഘടിപ്പിച്ചിരിക്കുന്ന ഈ സന്ദേശയാത്ര ഒക്ടോബർ 11-ാം തിയതി വൈകുന്നേരം മുതൽ 14-ാം തിയതി രാവിലെ വരെ തിരുവനന്തപുരം മേഖലയിലെ ലത്തീൻ, മലങ്കര, സീറോ മലബാർ റീത്തുകളിൽപ്പെട്ട ദേവാലയങ്ങളിലൂടെ കടന്ന് പോകുന്നതാണ്.

11-ാം തിയതി നെയ്യാറ്റിൻകരയിൽ നിന്നും മാതാവിന്റെ രൂപം സ്വീകരിച്ച് തൂത്തൂർ ഫെറോനയിലെ ദേവാലയങ്ങളിലൂടെ സന്ദേശയാത്ര കടന്നു പോകും. ആ ഫെറോനയിലെ ജാഗരണത്തിന് ശേഷം 12-ാം തിയതി രാവിലെ പുല്ലുവിള ഫെറോനയിലൂടെയായിരിക്കും സന്ദേശയാത്ര കടന്നു പോകുന്നത്. അന്ന് വൈകുന്നേരം വിഴിഞ്ഞം സിന്ധുയാത്ര മാതാ ദേവാലയത്തിൽ ആയിരിക്കും ജാഗരണം. 13-ാം തിയതി രാവിലെ പൂന്തുറ വഴി വലിയതുറ ഫെറോനയിലും ഉച്ചയോട് കൂടി PMG യിലുള്ള ലൂർദ്ദ് ഫെറോനാ ദേവാലയത്തിലും തുടർന്ന് കാർമ്മൽഹിൽ ആശ്രമം വഴി പാളയം സെന്റ് ജോസഫ് മെട്രോപോളിറ്റൻ കത്തീഡ്രൽ ദേവാലയത്തിൽ എത്തി ചേർന്നതിന് ശേഷം അവിടെ വച്ച് പൊന്തിഫിക്കൽ ദിവ്യബലിയർപ്പണവും തിരുവനന്തപുരം നഗരത്തെ ഒന്നാകെ മാതാവിന്റെ വിമലഹൃദയത്തിന് സമർപ്പിക്കുന്ന ശുശ്രൂഷയും ഉണ്ടാകും. 14-ാം തിയതി രാവിലെ പാളയം സെന്റ് മേരീസ് ബസ്ലിക്കായിലെ സ്വീകരണത്തിന് ശേഷം പോങ്ങുംമൂട്, കാര്യവട്ടം വഴി പുതുക്കുറിച്ചി ഫെറോനയിലെ ഇടവകകളിലൂടെ കടന്ന് അഞ്ചുതെങ്ങിൽ എത്തിചേരുകയും അഞ്ചുതെങ്ങ് ഇടവകയിൽ വച്ചുള്ള ജാഗരണത്തിന് ശേഷം 15-ാം തിയതി രാവിലെ പാരിപ്പള്ളിയിൽ എത്തിച്ച് കൊല്ലം രൂപതയ്ക്ക് കൈമാറുകയും ചെയ്യും.

ഓരോ ഇടവകയിലും സന്ദേശയാത്ര എത്തിചേരുമ്പോൾ സ്വീകരണം, ശുശ്രൂഷകൾ, അഖണ്ഡ ജപമാല, മരിയൻ പ്രഭാഷണങ്ങൾ തുടങ്ങിയവ ഫെറോനാ വികാരിയുടെയും ഇടവക വികാരിയുടെയും നേതൃത്വത്തിൽ ക്രമീകരിക്കുന്നത് ഉചിതമാണ്. മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള യാത്ര ഫാത്തിമായിൽ മാതാവ് നല്കിയ സന്ദേശങ്ങളുടെ പ്രചാരണ യാത്രയായി മാറട്ടെ!

ഇന്നും പ്രസക്തമായ ഫാത്തിമാ സന്ദേശങ്ങൾ

- ചെയ്യുന്നതെല്ലാം ബലിയാക്കി മാറ്റുക. ദൈവം അനുവദിക്കുന്ന സഹനങ്ങളെ അവിടുത്തെ വേദനിപ്പിക്കുന്ന പാപങ്ങൾക്ക് പരിഹാരമായും പാപികളുടെ മാനസാന്തരത്തിനായും കാഴ്ചവച്ചുകൊണ്ട് ദൈവത്തിന് സ്വയം സമർപ്പിക്കുക.
- ഞാൻ ജപമാല രാജ്ഞിയാണ്. എല്ലാ ദിവസവും ജപമാല പ്രാർത്ഥിക്കുക. ജപമാല രഹസ്യങ്ങൾ ധ്യാനിക്കുക.
- വിമലഹൃദയഭക്തി ലോകം മുഴുവൻ പ്രചരിപ്പിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു.
- പ്രാർത്ഥിക്കുകയും ത്യാഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക. പ്രാർത്ഥന, പ്രായശ്ചിത്തം, പരിഹാര പ്രവൃത്തികൾ എന്നിവയ്ക്കൊപ്പം മാനസാന്തരപ്പെട്ട് ജീവിത നവീകരണത്തിന് തയ്യാറാവുക. ആത്മാവിന്റെ രക്ഷയാണ് ശരീരത്തിന്റെ രക്ഷയേക്കാൾ പ്രധാനം.
- വൈദികർക്കായി ഏറെ പ്രാർത്ഥിക്കുക. സന്ന്യസ്തർക്കായി ഏറെ പ്രാർത്ഥിക്കുക. വിവാഹത്തിന്റെ പരിശുദ്ധിയും കുടുംബ ബന്ധങ്ങളുടെ ഭദ്രതയേയും തകരാതിരിക്കുവാൻ കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.
- 1) കുമ്പസാരം. 2) ദിവ്യകാരുണ്യ സ്വീകരണം. 3) ജപമാല അർപ്പണം. 4) ജപമാലയുടെ മുഴുവൻ രഹസ്യങ്ങളുടെ ധ്യാനം എന്നിവ ചെയ്യുക.

വചനജ്വാല

2017 നവംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

ജയിക്കാനായ് നാം പ്രാർത്ഥിക്കരുത്

1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/ നാഥ
3. ആമുഖം

ആ പരസ്യം ഇപ്രകാരമായിരുന്നു. തൊട്ടിലിൽ കിടന്നു കരയുന്ന ഒരു കുഞ്ഞ്. അമ്മ കടയിൽ സാധനങ്ങൾ വാങ്ങാൻ പോയിരുന്നു. പിതാവ് കുഞ്ഞിന്റെ കരച്ചിൽ നിർത്താൻ എല്ലാ പരിശ്രമങ്ങളും നടത്തുന്നു. പാട്ടുകേൾപ്പിക്കുന്നു, ചിരിക്കുന്നു, കളിക്കുന്നു.. ഫോണിൽ കാർട്ടൂൺ കാണിക്കുന്നു.. എല്ലാം വിഫലമാകുന്നു. അവസാനം ഫോൺ താഴെവച്ച് പിതാവ് കുഞ്ഞിനെ കൈകളിൽ എടുക്കുന്നു. കരച്ചിൽ ചിരിക്കും സന്തോഷത്തിനും വഴിമാറുന്നു. അമ്മ കടയിൽ നിന്നുകൊണ്ട് ഇതെല്ലാം ഫോണിൽ കണ്ടുകൊണ്ട് ഇരിക്കുന്നു. അറിയാതെ അമ്മയുടെ കണ്ണുകൾ ഈറനണിയുന്നു. "കണ്ടുപിടിത്തങ്ങൾ ഒരിക്കലും സ്നേഹത്തിന് പകരമാകില്ല" എന്ന ശീർഷകത്തോടെ പരസ്യം അവസാനിക്കുന്നു.

ദൃശ്യമാധ്യമങ്ങൾ നമ്മുടെ കുഞ്ഞുങ്ങളുടെ ലോകം കവർന്നെടുത്തിരിക്കുന്നു. ഏകാന്തത കുട്ടികളുടെ ഒരു പ്രശ്നമായിരുന്നില്ല കഴിഞ്ഞ കുറച്ചുനാൾവരെയും. ഇന്ന് എല്ലാമുള്ളപ്പോഴും ഒരുമിച്ച് ജീവിച്ചിട്ടും ഏകാന്തതയുടെ ഒറ്റപ്പെട്ട തുരുത്തിൽപ്പെട്ടുപോകുന്ന നമ്മുടെ കുരുന്നുകൾ ഇന്നിന്റെ ഒരു വലിയ പ്രശ്നമാണ്. സ്വാസ്ഥ്യം ഏതാണ്ട് അപ്രത്യക്ഷമായിരിക്കുന്നു ഇവരുടെ ജീവിതത്തിൽ നിന്നും. ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വസ്ഥത അനുഭവിച്ചിരുന്ന കുട്ടിക്കാലം ഇനി ഓർമ്മകൾ മാത്രം.

ആ യുവാവിനെ കാണാൻ സുന്ദരനും നന്നായി പഠിക്കുന്നവനും, ജീവിക്കാൻ നല്ല ചുറ്റുപാടുള്ളവനുമായിരുന്നു. എന്നിട്ടും ചെന്നുപെട്ടത് ഒരു ക്രിമിനൽ കേസിൽ. ഒരു മനുഷ്യൻ ആയുസ്സിൽ കൊതിക്കുന്നതെല്ലാം അവനുണ്ടായിരുന്നു. എന്നിട്ടും... അവന്റെ ജീവിതം പിറകോട്ട് മറിച്ചുനോക്കിയപ്പോൾ ശൂന്യമായ കുറയെ താളുകൾ. അപ്പന്റെ സാന്നിധ്യം, തിരുത്തൽ, ശിക്ഷണം, സ്നേഹം ഒന്നും തന്നെ അവന് കിട്ടേണ്ട കാലങ്ങളിൽ കിട്ടിയിട്ടില്ല. കൂടുതലൊന്നും ഇനി അവനെക്കുറിച്ച് പറയാനില്ല.

മക്കൾ എല്ലാം അറിയട്ടെ. ജീവിതത്തിന്റെ സുഖദുഃഖങ്ങളിലൂടെ അവർ കടന്നുപോകുമ്പോൾ അവരുടെ ജീവിതത്തിന് രുചികൂടും. മക്കളെ ഒന്നും അറിയിക്കാതെ വളർത്തിയാൽ ചിലപ്പോൾ അവർ വളർന്നുകഴിയുമ്പോൾ നിങ്ങളാരാണെന്ന് അവർ മറന്നുപോകാം. അതിൽ കവിഞ്ഞ ഒരു പരാജയം ഒരപ്പനും ഒരമ്മയ്ക്കും ജീവിതത്തിൽ സംഭവിക്കാനില്ല. അവർ എല്ലാം അറി

യട്ടെ. നമ്മുടെ പരിമിതികളും, ദാരിദ്ര്യവും, വിശപ്പും, സാമ്പത്തിക ബുദ്ധിമുട്ടും എല്ലാം. ഇതിന്റെയെല്ലാം നടുവിൽ വെളിച്ചമായി, പാഥേയമായി കൂടെ നടന്ന മാതാപിതാക്കളെ മക്കൾ മറക്കാതിരിക്കാനുള്ള സാധ്യതകൾ നന്നേ കുറവാണ്.

കത്തോലിക്കാ വിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം ആത്മീയമായ ഒത്തിരി വിഭവങ്ങൾ കൊണ്ട് സമൃദ്ധമാണ് നവംബർ മാസം. ആ വിഭവങ്ങളിൽ നിന്നും മാലാഖമാരെ സംബന്ധിക്കുന്ന രുചിക്കൂട്ടിലൂടെ കടന്നുപോവുകയാണ് നമ്മുടെ ഈ മാസത്തെ കുടുംബയോഗ പ്രാർത്ഥനകൾ. ദൈവം നമുക്ക് ദാനമായി നൽകിയിരിക്കുന്ന നമ്മുടെ കുഞ്ഞുങ്ങളെ മാലാഖമാർക്ക് തുല്യമായി തന്നെ വളർത്തുവാൻ നാം കടപ്പെട്ടിരിക്കുകയാണ്. അതിന് ആവശ്യമായ ചിന്തകൾകൊണ്ട് നമ്മെ നിറയ്ക്കാൻ ദൈവാത്മാവിന്റെ സാന്നിധ്യം അപേക്ഷിച്ചുകൊണ്ട് നമുക്ക് നമ്മെ തന്നെ ഒരുക്കാം.

4. യേശുവിനെ ക്ഷണിക്കൽ

5. വചനഗീതി

6. ദൈവവചന പാരായണം

(പ്രഭാ. 15:11-20)

7. വചനവിചിന്തനം

കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ ഇതാണ് ലോക നിയമം. തോൽവി വിജയത്തിന്റെ മുന്നോടിയാണെന്ന് പറയുമ്പോഴും ജയിക്കുന്ന കളികളിൽ ഏർപ്പെടാനാണ് ഏവർക്കും താല്പര്യം. വിജയങ്ങൾ മാത്രം ആഘോഷിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന ഒരസുര കാലത്തിലാണ് നാം ജീവിക്കുന്നത്. എല്ലാവരും വിജയക്കൊടി പാറിക്കാൻ ആഗ്രഹിക്കുന്നു. കളിക്കളത്തിലും, പഠനത്തിലും എന്തിന് കലയിൽ പോലും മാത്സര്യബുദ്ധി കടന്നുകൂടിയിരിക്കുന്നു. നേട്ടങ്ങളുടെയും വിജയങ്ങളുടെയും അടിസ്ഥാനത്തിലാണ് ആത്മീയത പോലും ഇന്ന് അളക്കപ്പെടുന്നത്.

വിജയങ്ങൾ ആഘോഷമാക്കുന്ന മാധ്യമങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും പ്രത്യേകിച്ച് മാതാപിതാക്കളും ഓർക്കുക. തോൽക്കാനായി കുറച്ചുപേർ ഭൂമിയിൽ ഇല്ലായിരുന്നെങ്കിൽ ആഘോഷിക്കുവാൻ വിജയങ്ങൾ നമുക്ക് ഉണ്ടാകുമായിരുന്നില്ല. ജഡത്തിന്റെ വ്യാപാരങ്ങളിൽ ഒന്നാണ് മാത്സര്യം എന്ന് വിശുദ്ധ പൗലോസ് ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനത്തിലൂടെ ഓർമ്മിപ്പിക്കുന്നുണ്ട്. തോൽവിയുടെ കയ്പുനീർ കുടിച്ച ഒരാൾ ഉണ്ട്. അവനാണ് ക്രിസ്തു. പരാജയത്തിന്റെ കയ്പുനീർ കുടിക്കാൻ ഓരോ ക്രൈസ്തവനും സന്നദ്ധനാകണമെന്ന് യേശു നമ്മെ ഓർമ്മപ്പെടുത്തുന്നു. തോൽക്കാനും കീഴടങ്ങുവാനും സന്നദ്ധതയുള്ള ഒരു മനസ്സ് അവന് മാത്രം സ്വന്തം. എന്തുകൊണ്ട് നമുക്കത് സ്വന്തമാക്കിക്കൂടാ? എല്ലാമെല്ലാമായി കൂടെ കൊണ്ടു നടന്നവർ ഉപേക്ഷിച്ചപ്പോൾ, അതിലൊരുവൻ ഭൂമിയിലെ ഏറ്റവും വിശുദ്ധമായ ചുംബനം കൊണ്ട് ഒറ്റിക്കൊടുത്തപ്പോൾ യേശു പരാജയപ്പെട്ടവരുടെ കൂടെ എണ്ണപ്പെട്ടു.

വിജയത്തിന്റെ പട്ടികയിൽ മാത്രം ചവിട്ടിക്കയറിയാൽ പരാജയപ്പെട്ട നിന്റെ സഹോദരന്റെ നൊമ്പരങ്ങൾ, ഹൃദയമിടിപ്പ് നീ എങ്ങനെ തൊട്ടറിയും. സ്വന്തം സഹോദരന്റെ ദുഃഖങ്ങളിലും, പരാജയങ്ങളിലും അവനെ മനസ്സിലാക്കാൻ കഴിയാതെ വിജയങ്ങൾ ആഘോഷിക്കുന്നതിൽ എന്തർത്ഥം? ഉള്ളിൽ സ്നേഹമുണ്ടെങ്കിൽ പരാജയത്തിന്റെ അമ്പുകൾ കൊണ്ട് ആരെയും നമുക്ക് മുറിവേൽപ്പിക്കാനാകില്ല. ആത്മാർത്ഥമായി എല്ലായിടത്തും വ്യാപരിക്കുക. ശരീരവും മനസ്സും ആത്മാവും അതിൽ നിക്ഷേപിക്കുക. ഫലം എന്തുമാകട്ടെ. ഹൃദയങ്ങളെ പരിശോധിക്കുന്നവനാണ് നമ്മുടെ ദൈവം. ഏത് നിയോഗത്തോടുകൂടിയാണ് ജീവിതത്തെ അഭിമുഖീകരിക്കുന്നത് എന്നതിലാണ് ജീവിത വിജയം. നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്ന ശക്തിയും മൂല്യവും സ്നേഹവുമാകുമ്പോൾ ചിലപ്പോഴെങ്കിലും പരാജിതനാകാതെ നിവർത്തിയില്ല.

വിജയത്തിന്റെ മധുരസ്മരണകളേക്കാൾ ഒരുവൻ ഓർത്തിരിക്കുന്നത് പരാജയത്തിന്റെ കയ്പും കണ്ണീരുമാണ്. വിജയത്തിന്റെ സന്തോഷങ്ങളേക്കാൾ പരാജയത്തിന്റെ നൊമ്പരങ്ങളെക്കുറിച്ച് പറയാനാണ് ആളുകൾ ഇഷ്ടപ്പെടുന്നത്. മണിക്കൂറുകൾ മാത്രം നീണ്ടുനിന്ന കുരിശിന്റെ വഴികളെക്കുറിച്ച് പാടാനും കേൾക്കാനും നാം ഒത്തിരി ആഗ്രഹിക്കുന്നു. വിജയത്തിന്റെ ഓശാന ഞായർ എത്രപെട്ടെന്നാണ് ഓർമ്മയിൽ നിന്നും അപ്രത്യക്ഷമാകുന്നത്.

ജയിക്കാനായി നാം പ്രാർത്ഥിക്കരുത്; പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയുമരുത്. വിജയമാണെങ്കിലും പരാജയമാണെങ്കിലും ദൈവത്തിൽ നിന്നും ഇരുകരങ്ങളോടുകൂടെ ഏറ്റുവാങ്ങാനുള്ള സന്നദ്ധതയ്ക്കായി, കൃപയ്ക്കായി പ്രാർത്ഥിക്കുക; പ്രാർത്ഥിക്കാൻ പഠിപ്പിക്കുക. തോൽവികളെ ഒരുവൻ എങ്ങനെ അഭിമുഖീകരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ജീവിതത്തിന്റെ വിജയം. ആ ഒരു ചിന്ത മനസ്സിൽ പ്രകാശിപ്പിച്ച് നമുക്ക് നമ്മുടെ കുഞ്ഞുങ്ങളെ മാലാഖമാർക്ക് തുല്യരായി വളർത്താം.

8. ചർച്ച

1) മാലാഖമാരെക്കുറിച്ച് കൂടുതൽ അറിയുവാനായി മാലാഖമാരെക്കുറിച്ച് വിശുദ്ധഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്ന വചനഭാഗങ്ങൾ ശേഖരിക്കുന്നു.

2) കുട്ടികളെ മാലാഖതുല്യരായ് വളരാൻ സഹായിക്കുന്ന പരിപാടികൾ ബിസിസി കൂട്ടായ്മകളിൽ ക്രമീകരിക്കുക (ഉദാ: ഏറ്റവും കൂടുതൽ വിശുദ്ധരുടെ പേരുകൾ പഠിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക, ഏറ്റവും കൂടുതൽ വചനങ്ങൾ മനഃപ്പാഠമാക്കുന്ന കുട്ടികളെ അഭിനന്ദിക്കുക മുതലായവ...)

3) കുടുംബ കൂട്ടായ്മയിലുള്ള എല്ലാ കുട്ടികളും ആത്മീയമായ് മുഖ്യധാരയിലേക്ക് കടന്നു വരുവാൻ ഉതകുന്ന തുടർപരിപാടികൾ എന്തൊക്കെ ചെയ്യാനാകുമെന്ന് ചർച്ച ചെയ്യുക.

9. റിപ്പോർട്ട്.

10. ഹാജർ

11. ചർച്ച

12. വിശ്വാസികളുടെ പ്രാർത്ഥന

13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

14. സമാപനഗാനം

15. സ്നേഹവിരുന്ന്.

16. നന്ദി

തയ്യാറാക്കിയത് :
ഫാ. വിക്ടർ എവരിസ്റ്റസ്

ഇളംതൂവൽ

പ്രിയ വിദ്യാർത്ഥികളേ....

ഒരു നാണയത്തിന് ഇരുവശങ്ങൾ ഉള്ളതുപോലെ നമ്മുടെ ജീവിതത്തിന്റെ ഇരുവശങ്ങളാണ് വിജയവും പരാജയവും. സമർത്ഥൻ ഒരിക്കലും പരാജയത്തിൽ പതറുന്നില്ല. ചില സന്ദർഭങ്ങളിൽ നാം കൈക്കൊള്ളുന്ന തീരുമാനങ്ങളിലെ പിഴവ് പരാജയങ്ങൾക്ക് ഇടവരുത്തുമ്പോൾ തകർച്ചയെ ഉൾക്കൊള്ളുവാനും പിഴവുകൾ തിരിച്ചറിഞ്ഞ് സ്വയം തിരുത്തി മുന്നേറുവാനും ശക്തമായ പ്രചോദനങ്ങൾ വേണ്ടിവരും. ജീവിതത്തിൽ പല വേദനകളിലൂടെയും അനിവാര്യമായി നാം കടന്നുപോകേണ്ടിവരും. പ്രതിഭാധനരായ വ്യക്തികളായി രൂപപ്പെടുന്നതിനുവേണ്ടിയുള്ളതാണ് അവയെല്ലാമെന്ന് നാം കരുതണം. ജീവിതത്തിലെ പ്രാരാബ്ധങ്ങളെ തരണം ചെയ്തുകൊണ്ട് സമൂഹസേവനം ലക്ഷ്യമാക്കി ഡോക്ടർ എന്ന സ്വപ്നം പൂവണിയാൻ പരിശീലനം നേടിക്കൊണ്ടിരിക്കുന്ന കരുംകുളം ഗ്രാമപഞ്ചായത്തിലെ പുതിയതുറ എന്ന കടലോര ഗ്രാമത്തിലെ ജോൺപോൾ എന്ന മിടുക്കനെ നമുക്ക് പരിചയപ്പെടാം. വീട്ടിലെ ദാരിദ്ര്യവും അച്ഛന്റെ രോഗാവസ്ഥയും ഉൾക്കൊണ്ടുകൊണ്ട് ഡോക്ടർ ആകണമെന്ന തന്റെ തീവ്ര അഭിലാഷം മെഡിക്കൽ എൻട്രൻസ് രംഗത്ത് ഉയർന്ന റാങ്ക് കരസ്ഥമാക്കാൻ ഇടയാക്കി. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആതുരസേവന പരിശീലനം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. സാധാരണക്കാരനായ ഈ യുവാവിന് താൻ സ്വപ്നം കണ്ട ലക്ഷ്യം കൈപിടിയിൽ ഒതുക്കാൻ സാധിച്ചുവെങ്കിൽ അതിനേക്കാളേറെ ഭൗതിക സാഹചര്യങ്ങൾ അനുകൂലമായ ഇന്നത്തെ കാലഘട്ടത്തിൽ കുട്ടികളായ നിങ്ങൾക്ക് ഈ ലോകത്തിൽ ഏത് വിജയവും കീഴടക്കാൻ സാധിക്കും.

– **രാജി.വി** (അദ്ധ്യാപിക)

സൂര്യന് ഹർത്താൽ

സൂര്യൻ പണിമുടക്കിയെങ്കിൽ എന്നും ഇരുട്ട്, പഠിക്കേണ്ട, സ്കൂളിൽ പോകേണ്ട, നന്നായി ഉറങ്ങാം... ഭക്ഷണം കഴിക്കാം അയ്യോ! എങ്ങനെ ഭക്ഷണം കിട്ടും. പ്രകാശസംശ്ലേഷണം നടക്കില്ലല്ലോ? ചെടികൾ, മൃഗങ്ങൾ, പക്ഷികൾ, മനുഷ്യർ എല്ലാം നശിക്കും... വേണ്ട വേണ്ട... സൂര്യൻ പണിമുടക്കേണ്ട... എല്ലാം നന്നായിരിക്കട്ടെ.

-സ്നേഹ.പി.എസ്,
ക്ലാസ് 8 എ

സ്നേഹം

ജീവിതാന്ധകാരത്തിൽ
നിലാവിറങ്ങി വരുമ്പോൾ മനസ്സിന്റെ
ഭിത്തിയിൽ മായാത്ത
മഷികൊണ്ടെഴുതുന്ന
കാവ്യമാണ് സ്നേഹം!
മനസ്സിലാഴത്തിൽ വേരിറങ്ങി
പടർന്ന് പന്തലിച്ച് മധുര
മനോഹരമാം ഗാനത്തിൽ
ഈണമായി അതെങ്ങും പായുന്നു.
സൂര്യഭഗവാനോടൊപ്പം തേരിറങ്ങി
മനസ്സിലെയൊരു കോണിൽ
മായാത്ത മുദ്രയായി
ഇളംതെന്നൽ പോലെ
ആത്മാവിന്നടിത്തറയിൽ
ഒളിഞ്ഞിരിക്കുന്ന
മാധുര്യമാണ് സ്നേഹം!
ആകാശവാണിയിലെ
നിലാവ് തൂകുന്ന
പ്രകാശഗോപുരത്തിലെ
ദേവതയാണ് സ്നേഹം!

- കാവ്യ ഫ്രാൻസിസ്

വര - ഷാലു ജെ.ആന്റണി

സത്യം, സേവനം എന്നീ മാനവിക മൂല്യങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഫ്രാൻസിസ്കൻ മിഷണറീസ് ഓഫ് മേരി സന്യസ്ത സമൂഹം 1940 ൽ ലൂർദ്ദിപുരം ദേശത്ത് സ്ഥാപിച്ചതാണ് സെന്റ് ഹെലൻസ് സ്കൂൾ. ഏഴ് ദശകങ്ങളായി ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ മാറ്റത്തിന്റെ ശംഖൊലി മുഴക്കി, ഉത്തമപൗരൻമാരായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിന് ഈ വിദ്യാലയത്തിന് സാധിച്ചു. തീരദേശവാസികളും നിർധനരുമായ വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. വിദ്യാർത്ഥികളുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് അനുസൃതമായ വിദ്യാലയ അന്തരീക്ഷം സജ്ജമാക്കുന്നതിന് മാനേജ്മെന്റ് പ്രത്യേകം ശ്രദ്ധചെലുത്തുന്നുണ്ട്.

തിരുവനന്തപുരം അതിരൂപതയ്ക്ക് ദൈവം സമ്മാനിച്ച അഭിവന്ദ്യ സഹായമെത്രാൻ റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് സെന്റ് ഹെലൻസിലെ പൂർവവിദ്യാർത്ഥിയാണെന്നത് ശ്ലാഘനീയമാണ്.

നഴ്സറിമുതൽ ഹയർ സെക്കൻഡറിതലം വരെ 1500 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാലയമാണ് സെന്റ് ഹെലൻസ് ഗേൾസ് ഹൈസ്കൂൾ. എസ്പിസി, എൻഎസ്എസ്, ജെആർസി, സീഡ് ക്ലബ്, നല്ല പാഠം പദ്ധതി, കെസിഎസ്എൽ എന്നീ വിദ്യാർത്ഥി സംഘടനകൾ വിദ്യാലയത്തിന്റെ യശസ് ഉയർത്തുന്ന മികവിന്റെ സ്രോതസ്സുകളായി പ്രവർത്തിക്കുന്നു. ശ്രേഷ്ഠ ഹരിത വിദ്യാലയ പുരസ്കാരം ഏറ്റവും നല്ല കോ-ഓർഡിനേറ്ററിനുള്ള അവാർഡ്, നന്മ അവാർഡ് എന്നിവ സെന്റ് ഹെലൻസിന് ലഭിച്ചു.

2016-17 അധ്യയനവർഷം 100 ശതമാനം വിജയം നേടിയ സെന്റ് ഹെലൻസ് വിജയപഥത്തിൽ ഉയർച്ചയുടെ സോപാനങ്ങളിലൂടെ ജൈത്രയാത്ര തുടരുന്നു. ■

ജെ.സി

സഭയിൽ അല്മായരുടെ പങ്കാളിത്തം എന്തുമാത്രമുണ്ട്?

രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിച്ചിട്ട് അമ്പത് വർഷങ്ങൾ പിന്നിട്ടു. ഇപ്പോഴും അല്മായരുടെ പങ്കാളിത്തം എങ്ങനെ വർധിപ്പിക്കാം എന്നതാണ് നമ്മുടെ പ്രധാന ചർച്ചാവിഷയം. അല്മായരുടെ സഭാ പ്രാധാന്യവും റോളുമൊക്കെ എടുത്തുപറയുന്ന 'അല്മായ പ്രേഷിതത്വം' എന്ന അമൂല്യമായ രേഖ അമ്പതുവർഷങ്ങൾ പിന്നിടുമ്പോഴും നടപ്പിലാക്കാൻ നമുക്ക് എത്രമാത്രം കഴിഞ്ഞുവെന്ന് ചിന്തിക്കേണ്ട സമയമാണിത്. പങ്കാളിത്ത കുറവിനുള്ള കാരണമായി സഭാധികാരികൾ ചൂണ്ടിക്കാണിക്കുന്നത് കഴിവും അനുഭവജ്ഞാനവും ക്രിസ്തീയ മൂല്യങ്ങളോടെ മാതൃകാപരമായ കുടുംബജീവിതം നയിക്കുന്നവർ സഭാ പ്രവർത്തനങ്ങൾക്ക് മുന്നോട്ടുവരുന്നില്ല എന്നതാണ്. എത്ര കഴിവുള്ളവരാണെങ്കിലും അല്മായർ നയിക്കപ്പെടേണ്ടവരാണ്, കുഞ്ഞാടുകൾ എന്നതാണ് പ്രധാനകാരണമായി അല്മായ നേതാക്കൾ ചൂണ്ടിക്കാണിക്കുന്നത്. നമ്മുടെ ഇടവകകളിൽ വിഭവശേഷിയുള്ള ഒത്തിരിയേറെ അല്മായരുണ്ട്. അവരുടെ കഴിവുകളെ ഒന്നിപ്പിക്കുകയാണെങ്കിൽ നമ്മുടെ സഭാ സമൂഹത്തിന് അതൊരു വലിയ മുതൽക്കൂട്ടാവും.

പങ്കാളിത്തസഭയുടെ സാക്ഷാൽക്കാരത്തിനായി വിവിധ ശുശ്രൂഷാ സംവിധാനങ്ങളും പദ്ധതികളും സഭാ സമൂഹങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ഇവയൊക്കെ ഫലപ്രദമായി പ്രവർത്തിക്കുന്നല്ല എന്നതാണ് പൊതുവേ പറയപ്പെടുന്നത്. ഇവിടെയും കഴിവുറ്റവർ കടന്നുവരുന്നില്ലെന്ന് മാത്രമല്ല, വരുന്നവർ കാര്യക്ഷമായി പ്രവർത്തിക്കുന്നില്ലെന്നും പ്രവർത്തനത്തിന് പറ്റിയ രീതിയിലല്ല ഇടവക നേതൃത്വം പ്രവർത്തിക്കുന്നതെന്ന വിമർശനവുമുണ്ട്. ജനാധിപത്യപരമായി തെരഞ്ഞെടുത്ത പാരിഷ്കൗൺസിലിൽ ഭരണപരിചയവും യോഗ്യതയും ഉള്ളവരെ ഉൾപ്പെടുത്തി വികാരിമാരോടൊപ്പം നന്നായി പ്രവർത്തിക്കാവുന്നതാണ്. തൻ പ്രമാണിത്വം കാണിക്കുന്നവരും സ്വാർത്ഥതാല്പര്യക്കാരും ഇടവക കൗൺസിലുകളിലും പൊതുയോഗത്തിലും കടന്നുകൂടി പലതീരുമാനങ്ങളും അടിച്ചേൽപ്പിക്കുന്നതായി പരാതികളുമുണ്ട്. ജനസമ്മതരായവർ ഇടവകഭരണത്തിലെത്തിയാൽ ഈ അവസ്ഥ മാറുകയും ഇടവകയ്ക്ക് പൊതുവേ ഗുണം ചെയ്യും. ഓരോ ഇടവകയിൽ നിന്നും വിവിധ മേഖലകളിലെ പരിചയസമ്പന്നരുടെ സ്ഥിതിവിവരം തയ്യാറാക്കി അവരിലെ പ്രൊഫഷണലുകളെ ഇടവകയിലും രൂപതയിലും നേതൃസ്ഥാനത്ത് കൊണ്ടുവരണം. പരിചയ സമ്പത്തുള്ളവർ റിട്ടയർ ചെയ്ത് വിശ്രമ ജീവിതം നയിക്കുന്നവരായുള്ളവർ ഓരോ ഇടവകയിലുമുണ്ട്, സഭ യാതൊരുവിധത്തിലും ഉപയോഗിക്കാത്ത ഒരു മാനവസമ്പത്താണിത്. അവരെ മുന്നോട്ടുകൊണ്ടുവരണം. ഇവരെ ഗുണവത്തായ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനാവും.

അല്മായ പങ്കാളിത്തത്തിന് രണ്ട് തലങ്ങളുണ്ട്. സഭാ സംവിധാനത്തിലുള്ള പങ്കാളിത്തവും സഭയുടെ ദൗത്യനിർവഹണത്തിലുള്ള പങ്കാളിത്തവും. ഇവ രണ്ടും പരസ്പര പൂരകങ്ങളും പരസ്പരം ബന്ധിതങ്ങളുമാണ്. സാമൂഹ്യശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ നോക്കിയാൽ പങ്കാളിത്തത്തിന് മൂന്ന് തലങ്ങളുണ്ട്. ആസൂത്രണം, നടപ്പിലാക്കൽ, വിലയിരുത്തൽ, പങ്കുചേരൽ, പൂർണ ഭാവാർത്ഥത്തിലുള്ള പങ്കാളിത്തം.

അല്മായരെ ഈ മൂന്നുഭാഗത്തും പങ്കാളികളാക്കുകയാണ് സഭയിലാകമാനം നടക്കേണ്ടത്. കേരള ലത്തീൻസഭ ഒക്ടോബർ മാസം 6 മുതൽ 8 വരെ നടത്തുന്ന ബിസിസി കൺവെൻഷന്റെ പ്രധാനലക്ഷങ്ങളിലൊന്ന് പങ്കാളിത്ത സഭയിലുള്ള അല്മായരുടെ പങ്കാളിത്തം ഉറപ്പാക്കുകയെന്നകാര്യം ഇവിടെ ഓർമ്മിപ്പിക്കട്ടെ. ■

സെന്റ് തെരേസ തീർത്ഥാടന കേന്ദ്രം, മാഹി

അത്ഭുത പ്രവർത്തകയായ വിശുദ്ധ അമ്മത്രേസ്യായുടെ

തിരുനാൾ മഹോത്സവം

2017 ഒക്ടോബർ 5 മുതൽ 22 വരെ

പ്രധാന ദിനങ്ങൾ ഒക്ടോബർ 14 & 15

ST. THEREA'S SHRINE, MAHE

Annual Feast 2017 October 5th to 22nd | Main Feast Days October 14 & 15

Email : maheshire@gmail.com | Web: www. mahechurch.org

| www.facebook.com/MHESHRINE

Total Page 44 Pub. Date : 01.10.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00

പ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ കൊരട്ടി ഫൊറോനപള്ളിയിൽ

അത്ഭുതപ്രവർത്തകയായ

കൊരട്ടിമുത്തിയുടെ തിരുനാൾ

2017 ഒക്ടോബർ 11 മുതൽ 29 വരെ

തിരുനാൾ 14, 15 (ശനി, ഞായർ)

എട്ടാമിടം 21, 22 (ശനി, ഞായർ)

പതിനഞ്ചാമിടം 28, 29 (ശനി, ഞായർ)

NB :- വർഷത്തിലെ എല്ലാദിവസവും പൂവൻകുല, അടിമ, തുലാഭാരം എന്നീ നേർച്ചകൾ നടത്തുവാനും റോസറി വില്ലേജ് സന്ദർശിക്കുവാനും രാവിലെ 8.00 മുതൽ വൈകീട്ട് 8.00 വരെ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
Onlineആയി നേർച്ചകാഴ്ചകൾക്കും തിരുകർമ്മങ്ങൾക്കും ഉള്ള പണം അടക്കുവാൻ സൗകര്യമുണ്ടായിരിക്കും
www.korattymuthy.com സന്ദർശിക്കുക

എല്ലാ ശനിയാഴ്ചകളിലും 5.30 am, 7.00 am, 4.45 pm വി. കുർബാന, നൊവേന
10.00 am-ന് വി. കുർബാന, നൊവേന, ആരാധന, നേർച്ചപഴം വിതരണം

Fr. Vicar, St. Mary's Forane Church, Koratty - 680 308
Tel : 0480 2732780, 2734009
Web : www.korattymuthy.com, E-mail : muthy@korattymuthy.com

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.